REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

## ചിത്രവാരിക

8th KANNI 1110

24th SEPTEMBER 1934.



ബെർലിൻ 'കുർഫർസ്റ്റൻ' പാലം.

[Courtesy, G. R. I. Bureau, London, through K. P. P. Thampi B. A.]

VOL. VII. NO. 3

Price As. 2. വില ൨ ണ.

# മലയാളരാജ്യം

## ചി ത്ര വാ രി ക.

പുസ്തകം ൧ | ൧൧൧൦ കന്നി ൮-ാംനു- തിങ്കളാഴ്ച. | ലക്കം ൩.



ഇററലിയിലെ വിക്ററർ ഇമ്മാനുവൽരാജാവിൻെറ കനിഷ്ഠപുത്രി മേരിയാരാജകുമാരി.
ആസ്ത്രിയായെ ജർമ്മൻവിപത്തിൽനിന്നു രക്ഷിക്കുവാൻ ഈ രാജകുമാരി വിചാരിച്ചാൽ സാധിക്കുമത്രേ.
ഈ രാജകുമാരി ആർച്ച്ഡ്യൂക്ക്ഓട്ടോയെ വിവാഹം ചെയ്യുന്നപക്ഷം അദ്ദേഹത്തിൻെറ പൂർവിക
ന്മാർ ൮൦൦ വർഷക്കാലമായി ഭരിച്ചുവന്നിരുന്ന മദ്ധ്യയൂറോപ്പിലെ സിംഹാസനത്തിൽ
അദ്ദേഹം പ്രതിഷ്ഠിതനാവാൻ ഇടയുണ്ടെന്നു വിശ്വസിക്കപ്പെടുന്നു.

U. P. S.

# ആകാശത്തിലെ ആരാമം.

സാമ്രാജ്യങ്ങളുടെ ഉത്ഭവം, വളച്ച്, തിരോധാനം എന്നിവകൊണ്ടു ലോകചരിത്രം നിബിഡമായിരിക്കുന്നതായി കാണാം. അനേകമനേകം സാമ്രാജ്യങ്ങളും രാജ്യങ്ങളും നഗരങ്ങളും ഒരു കാലത്തു സമ്പത്തിന്റെയും പ്രതാപത്തിന്റെയും നിലയങ്ങളായി അതതുകാലത്തെ ലോകരുടെ ആദരാതിശയത്തിനു പാത്രമായിരുന്നിട്ടുണ്ട്. പിൽക്കാലങ്ങളിൽ അവ വിസ്മൃതിഗർത്തത്തിൽ ആണ്ടുപോകയും ചെയ്തിട്ടുണ്ട്. ഈ ഭൂമുഖത്തു അതിപ്രാചീനകാലം മുതൽക്കുതന്നെ പ്രാബല്യത്തിലിരുന്ന രാജ്യങ്ങളിൽവച്ചു — തീർച്ചയായും പശ്ചിമഏഷ്യായിലെ അതിപ്രാചീനരാജ്യങ്ങളിൽ വച്ചു — പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു ബാബിലോൺ. ഏഷ്യാഖണ്ഡത്തിന്റെ പടിഞ്ഞാറൻപ്രദേശങ്ങളിൽ ഈജിപ്റ്റിനെ ഒഴിച്ചാൽ ബാബിലോണിനെക്കാൾ പഴക്കമേറിയ മുഖ്യരാജ്യങ്ങൾ ഉണ്ടായിട്ടില്ലെന്നു പറയാം. ക്രിസ്തുവിനു വളരെ ശതവർഷങ്ങൾക്കു മുൻപു ബാബിലോൺ പ്രാധാന്യമേറിയ ഒരു രാജ്യമായിരുന്നു. ബി. സി. 9-ാം ശതകത്തിൽ ബാബിലോണിന്റെ ഒരു സാമന്തരാജ്യമായിരുന്ന അസ്സിറിയാ സ്വാതന്ത്ര്യം സമ്പാദിക്കയും ഏകദേശം ഒന്നര ശതാബ്ദം കൂടി കഴിഞ്ഞപ്പോൾ ബാബിലോണിനെത്തന്നെ അതിന്റെ സ്വതന്ത്രഗാത്രത്തിനുള്ളിലേക്കു ഗ്രസിക്കയും ചെയ്തു. എന്നാൽ ഉദ്ദേശം ഒന്നര ശതാബ്ദംകൂടി കഴിഞ്ഞപ്പോൾ ജന്മനാ സമരപ്രിയന്മാരായിരുന്ന ബാബിലോണിയന്മാർ മീഡ്സ് എന്ന വർഗ്ഗക്കാരുടെ സഹായത്തോടുകൂടി അസ്സീറിയന്മാരുടെ തലസ്ഥാനനഗരിയായ 'നിനെ'വിനെ നിശ്ശേഷം നശിപ്പിക്കയും ബാബിലോണിൽ വീണ്ടും ഒരു സാമ്രാജ്യാധികാരം സ്ഥാപിക്കയുംചെയ്തു. ഈ അടുത്ത കാലങ്ങളിൽനടന്ന ഭൂഖനനപരിപാടിയിൽനിന്നു മാത്രമാണു 'നിനെവി'ന്റെ സ്ഥാനംതന്നെ ഗ്രഹിക്കുവാൻ സാധിച്ചിട്ടുള്ളതു്. ഇപ്രകാരം വീണ്ടും പ്രതിഷ്ഠാപിതമായ ബാബിലോണിലെ രാജാവായ നെബുക്കാഡ്രെസ്സർ തന്റെ അതിസുന്ദരിയായ മീഡിയാക്കാരി രാജ്ഞിയുടെ നേർക്കുള്ള ബഹുമതിചിഹ്നമായി ആ രാജ്ഞിയുടെ വിനോദത്തിനുവേണ്ടി നിർമ്മിച്ചതാണു ആകാശത്തിലെ ആരാമം. ഇപ്രകാരം ബി. സി. 600-ാമാണ്ടിടയ്ക്കുണ്ടായ ഈ ആരാമത്തിന്റെ ആവിർഭാവത്തെ അതിനു എത്രയോ മുമ്പുള്ള ഒരു കാലഘട്ടത്തിലാക്കി സങ്കല്പിക്കുന്ന ചില കഥകളുമുണ്ട്. സെമിരമിസ്സ് എന്നുപേരായ ഒരു അസ്സറിയൻരാജ്ഞിയാണു ഇതിനെനിർമ്മിച്ചതെന്നുംആത്യന്തസൌന്ദര്യവതിയുംസ്വൈകലോലുപയും ആയിരുന്ന ഈ രാജ്ഞിയാണു നിനെവും ബാബിലോണും അവയിലെ സകലാത്ഭുതങ്ങളും സ്ഥാപിച്ചതെന്നും മററും ചരിത്രവിപരീതമായിട്ടാണു അത്തരം കഥകളുടെ പോക്കു്. ഏതായാലും അമിതവിക്രമിയായിരുന്നു ഒരു 'കൃഷ്ണൻ' തന്റെ 'ഭാമ'യ്ക്കു ഈ പാരിജാതവനം സമ്പാദിച്ചുകൊടുത്തു എന്ന സരസമായ അനുമാനത്തെത്തന്നെയാണു ചരിത്രം സ്വീകരിക്കുന്നതു്.

പരാക്രമശാലിയായ നെബുക്കാഡ്രെസ്സർ ബാബിലോൺ മഹാനഗരത്തെ ഒരു വലിയ തോതിൽ പുതുക്കിപ്പണികഴിപ്പിക്കയാണു ചെയ്തതു്. ഇതിലേയ്ക്കു അദ്ദേഹത്തിനു ചില പ്രത്യേക കാരണങ്ങളുമുണ്ടായിരുന്നു അസ്സിറിയാക്കാരുടെ പ്രാബല്യകാലത്തു 'നിനെവു' അതീവ വിസ്തൃതവും ആകർഷകവും ആയ ഒരു നഗരമായിരുന്നു. അതിനെ അതിശയിക്കത്തക്കവിധത്തിൽ ബാബിലോണിനെ പരിഷ്കരിക്കണമെന്നായിരുന്നു ജേതാവിന്റെ ആഗ്രഹം. നിനെവിൽനിന്നുതന്നെ അടിമകളായി പിടിച്ചുകൊണ്ടുവന്ന അനേകം വിദഗ്ദ്ധന്മാരെക്കൊണ്ടു ഈ മഹാനഗരനിർമ്മാണം ഉദ്ദേശിച്ച തോതിൽതന്നെ അദ്ദേഹം സാധിച്ചു അതു സകല ജനങ്ങളുടെയും അത്ഭുതാദരങ്ങൾക്കു വിഷയമായ പ്രശസ്തിനേടുകയും ചെയ്തു. ബി. സി. 5-ാംശതകത്തിൽ ജീവിച്ചിരുന്ന 'ചരിത്രത്തിന്റെ ജനയിതാവു്" ഹെറോഡോട്ടസ്സ് അന്നത്തെ ബാബിലോണിനെ വർണ്ണിച്ചിട്ടുണ്ട്. ആ യവനചരിത്രകാരന്റെ സാക്ഷ്യമനുസരിച്ചു ബാബിലോൺ 15 മയിൽ നീളവും 15 മയിൽ വീതിയും ഉണ്ടായിരുന്ന ഒരു വലിയ സമചതുരശ്രാകാരമായ നഗരമായിരുന്നു. യൂഫ്രട്ടീസ്സനദി ആ നഗരത്തിന്റെ മദ്ധ്യത്തിൽകൂടിയാണു പ്രവഹിച്ചുകൊണ്ടിരുന്നതു്. മുന്നൂററൻപതടിപൊക്കവും എൺപത്തേഴടി കനവും ഉള്ള ദുർഗ്ഗഭിത്തികളാണു ഈ നഗരത്തെചുററി സ്ഥിതിചെയ്തു അതിനെ രക്ഷിച്ചുപോന്നതു്. നൂറിൽചില്വാനം ദ്വാരപ്രദേശങ്ങളുണ്ടായിരുന്നതു മുഴുവൻ ലോഹനിർമ്മിതവുമായിരുന്നുപോൽ. ചുരുക്കിപ്പറയുന്നതായാൽ നഗരങ്ങളെപ്പററിഇന്നുള്ള ബോധത്തിന്റെ തോതിൽ സങ്കല്പിച്ചാൽ ബാബിലോണിന്റെ മാഹാത്മ്യം മനസ്സിലാകുന്നതല്ല. വീതികുറഞ്ഞ തെരുവുകളും നിബിഡമായ ജനവാസവും അന്നത്തെ ആ മഹാനഗരത്തിൽ അറിയപ്പെട്ടിരുന്നില്ല. നഗരത്തിനുള്ളിൽതന്നെ പല ദേവാലയങ്ങളും, രാജഹർമ്മ്യങ്ങളും വിശാലമായ ഉദ്യാനങ്ങളും മൃഗയാവിനോദത്തിനുള്ള ഭൂമികളും ഉണ്ടായിരുന്നു. അത്യാഡംബരം ആ നഗരഘടനയിലെ മുഖ്യാംശമായിരുന്നു. അതു ബാബിലോണിയൻജനതയുടെ അഹങ്കാരത്തിനും ആക്രമപ്രവണരായ അവരുടെ ക്ഷതിയ്ക്കും നിദാനമായിത്തീരുകയും ചെയ്തു. അത്ഭുതങ്ങളുടെ നിലയനങ്ങളായ നഗരങ്ങൾ അന്നു ലോകത്തു നിരവധിയുണ്ടായിരുന്നു. അവയുടെ എല്ലാം അഗ്രിമസ്ഥാനത്തുതന്നെ ബാബിലോൺ പ്രശോഭിക്കയും ചെയ്തു. ഇക്കാലത്തെ ഖനനഫലങ്ങൾ ഈ അനുമാനത്തെ സ്ഥിരീകരിക്കുന്നുമുണ്ടു. 'ആകാശത്തിലെ ആരാമ'ത്തെപ്പോലെ അത്യാകർഷകമായ മററു യാതൊന്നും ബാബിലോണിൽ ഉണ്ടായിരുന്നില്ല. ആ നഗരം സന്ദർശിച്ച ഓരോ സഞ്ചാരിയും ഇക്കാര്യത്തിൽ ഏകാഭിപ്രായം മാത്രമെ പുറപ്പെടുവിച്ചിട്ടുള്ളു.

ടൈഗ്രീസ്സ യൂഫ്രെട്ടീസ്സ് എന്നീ നദികളുടെ മദ്ധ്യത്തിൽ കിടക്കുന്ന പ്രദേശങ്ങളിൽ കല്ലുകൊണ്ടു ഒരു ഹർമ്മ്യം നിർമ്മിക്കയെന്നതു അസാധാരണമായ ഒരു കാര്യമായിരുന്നു. അവിടങ്ങളിൽ വെട്ടുകല്ലു അത്രയ്ക്കു ദുർല്ലഭമായിരുന്നു. ഈവിധം ദുർല്ലഭമായിരുന്ന കല്ലുകൊണ്ടു പണികഴിപ്പിക്കപ്പെട്ട ഒരേ ഒരു വലിയ കെട്ടിടം മാത്രമേ ബാബിലോണിൽ അന്നുണ്ടായിരുന്നുള്ളു. അവിടത്തെ എട്ടുനിലയിലുള്ള ദേവാലയവും നെബുക്കാഡ്രെസ്സറിന്റെ കൊട്ടാരവും വലിപ്പത്തിലും പ്രതാപാധിക്യത്തിലും ഈ ശിലാമന്ദിരത്തിനെ അതിശയിച്ചിരുന്നു. എന്നാൽഅവയൊന്നുംതന്നെ ഈ ശിലാനിർമ്മിതമായ മന്ദിരത്തോളം അത്ഭുതഭംഗികളുള്ളവയായിരുന്നില്ല. രാജമന്ദിരത്തിന്റെ സമീപത്തിലായി സ്ഥിതിചെയ്തിരുന്നതും കാൽനാഴികയിൽകൂടുതൽ ചുററളവുവരുന്നതുംആയ ഈ ശിലാമന്ദിരംതന്നെയാണു 'ആകാശത്തിലെ ആരാമം.'

ഒന്നിനുമേലൊന്നൊന്നായി അനേകം തട്ടുകളായി പണിതുനിർത്തിയ ഒരു ഗോപുരപങ്ക്തിയായിരുന്നു ഈ ആരാമം. ഇരുപതടി വീതിയിലുള്ള ഒരു തിട്ട ഇവയുടെ അടിത്തറയായി ചുററും ഉണ്ടായിരുന്നു. ഏതുവശത്തുനിന്നു നോക്കിയാലും വളരെ നീളവും വീതിയും ഉള്ള കോവണിപ്പടികൾകെട്ടി ആകാശത്തിലേക്കുയർത്തിയിരിക്കുന്നതായി തോന്നുമായിരുന്നു. ഓരോ പടിയും ഓരോ ഗോപുരത്തിന്റെ മേൽതട്ടാണെന്ന വ്യത്യാസമേയുണ്ടായിരുന്നുള്ളു. അപ്രകാരമുള്ള ഓരോ പടിയിലും വളരെ കനത്തിൽ മണ്ണിട്ടുനിരത്തി ലതകളും ചെടികളും ഫലവൃക്ഷങ്ങൾതന്നെയും വച്ചുപിടിപ്പിച്ചിരുന്നു. അപ്രകാരം ഓരോ ഗോപുരത്തട്ടും ഒരു വലിയ തോട്ടംപോലെ തോന്നിച്ചിരുന്നു. ഇങ്ങനെ ആ ഗംഭീരമായ എടുപ്പിനുചുററും അനേകം തട്ടുകളിലായി വർത്തിച്ചിരുന്ന തരുഗുല്മലതാസഞ്ചയം ആകപ്പാടെ ആകാശത്തിലെ ഒരു ആരാമമായിരുന്നു. മുന്നൂററിഅമ്പതടി ഉയരത്തിൽ അനേകം തട്ടുകളായി തഴച്ചുനിന്നിരുന്ന ഈ ആരാമപങ്ക്തി എത്രമാത്രം നയനാകർഷകവും അത്ഭുതം ഉളവാക്കുന്നതും ആയിരുന്നിരിക്കണമെന്നു ഊഹ്യമാണല്ലൊ.

അടുത്ത കാലങ്ങളിൽ നടത്തിയ ഭൂഖനനങ്ങളിലും അന്വേഷണങ്ങളിലുംനിന്നു ബാബിലോണിൽ അതിവിചിത്രമായ ഒരു കിണറുണ്ടായിരുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. ഇന്നത്തെ ഒരു ചെയിൻപമ്പിന്റെ ഫലംചെയ്യുന്ന ഒരു യന്ത്രസജ്ജീകരണം അവിടെ ഉണ്ടായിരുന്നതായി തെളിയുന്നു. ബാബിലോണിലെ മററു കിണറുകളിലൊന്നും ഇങ്ങനെ കാണുന്നുമില്ല. ഈ ജലയന്ത്രം ഘടിപ്പിച്ചിരുന്ന കിണററിൽനിന്നാണു ആകാശത്തിലെ ആരാമത്തിനു വേണ്ട

ജലസേചനം നടത്തിക്കൊണ്ടിരുന്നതു്. ഏററവും മുകളിലത്തെ ഗോപുരാഗ്രത്തിൽ ജലം സംഭരിച്ചു വച്ചു എല്ലാനിലകളിലും യഥാവശ്യം അയച്ചുകൊണ്ടിരിക്കയായിരുന്നു. ഗോപുരങ്ങളുടെ അന്തർഭാഗത്തിലേക്കു ഈ വെള്ളം കടക്കാതിരിക്കുന്നതിനും മററുവിധത്തിൽ ബലക്ഷയത്തിനു നിദാനമാകാതിരിക്കുന്നതിനും വേണ്ടി ഈയപ്പാളങ്ങൾ, ഓവുകൾ എന്നിവയുടെ സഹായവും അപേക്ഷിച്ചിരുന്നു. ഗോപുരങ്ങളുടെ അന്തർഭാഗങ്ങൾ മുഴുവൻ കമനീയമായി അലങ്കരിക്കപ്പെട്ട വിശാലങ്ങളായ അറകളായി ഉപയോഗിച്ചുവന്നിരുന്നു. ഓരോനിലയിൽനിന്നു മുകളിലത്തെ നിലയിലേക്കു നയിക്കുന്ന കോവണിപ്പടികളും ഉണ്ടായിരുന്നു. ഓരോ നിലയിലും കടന്നാൽ ഏതാനും വളച്ചുവാതലുകൾ വഴി ഒരു മട്ടുപ്പാവിലേക്കിറങ്ങാം. അവിടമോ, ചെടികളും വൃക്ഷങ്ങളും വളർന്നുനിൽക്കുന്ന ഒരു ഉദ്യാനം. ഇതാണു 'ആകാശത്തിലെ ആരാമം'. അന്നു ഏഷ്യായിൽ എന്നുവേണ്ട, ലോകത്തിൽ അറിയപ്പെട്ടിരുന്ന അത്യന്തം സുരഭിലങ്ങളും മനോഹരവർണ്ണങ്ങളും ആയ സകല പുഷ്പങ്ങളും 'ആകാശാരാമ'ത്തിൽ ഉണ്ടായിരുന്നു. ഫലവൃക്ഷങ്ങളുടെ ശീതളഛായ ആ ആരാമത്തിൽ വിഹരിക്കുവാൻ ചെല്ലുന്നവക്കു കഠിനാതപത്തിൽനിന്നു രക്ഷനൽകിയിരുന്നു. സൌന്ദര്യനിലയനമായിരുന്ന ഒരു രാജ്ഞി ഈ ആകാശാരാമത്തിലെ പുഷ്പലതാസഞ്ചയത്തിനിടയിൽ സഞ്ചരിച്ചു ആനന്ദിക്കുന്ന ചിത്രം എന്തു സാരസ്യസംപൂർണ്ണമായിരിക്കണം.!

ഈ അത്ഭുതാരാമം ഇന്നു നാമാവശേഷമായിത്തീർന്നിരിക്കുന്നു. ഐതിഹ്യരൂപത്തിൽ പ്രചരിച്ചിട്ടുള്ള വിവരങ്ങൾ വാസ്തവമായിരുന്നിരിക്കണമെന്നു അടുത്തകാലത്തെ അന്വേഷണങ്ങൾ തെളിയിച്ചിട്ടുണ്ടു്. ഖനനഫലമായി കിട്ടിയ പല സാധനങ്ങളും ആകാശാരാമം ഒരുകാലത്തു തികഞ്ഞ ഒരു വാസ്തവമായിരുന്നു എന്നു തെളിയിക്കുന്നുണ്ടു്. ആ ഗോപുരപങ്ക്തിയിൽ ഏതെങ്കിലും ഒരു തട്ടിൽ മട്ടുപ്പാവിനുസമീപം ഇരുന്നു രാജദമ്പതികൾ സുരഭിലകുസുമങ്ങളിലെ ശീതളപവനന്റെ ഉല്ലാസവും ഗായകന്മാരുടെ മധുരസംഗീതവും ആസ്വദിച്ചു വന്ന ആ പ്രതാപപൂർണ്ണദിവസങ്ങളും, താഴത്തെ ജനനിബിഡമായ മഹാനഗരത്തിലെ ചൈതന്യപൂർണ്ണമായ ജീവിതവും ഇന്നു ഭാവനാലോകത്തിലെ ചിത്രങ്ങൾ മാത്രമാണു്.

---

# സിസ്റ്റർ നിവേദിത.

(തുടച്ച്)

1904-ൽ ആണു് നിവേദിത തന്റെ ഏററവും വലിയ ഗ്രന്ഥം പ്രസിദ്ധമാക്കിയതു്. ഇംഗ്ലണ്ടിലും അമേരിക്കയിലും ജനങ്ങൾ അവരെ സ്മരിക്കുന്നതു് The Web af Indian Life എന്ന ഈ ഗ്രന്ഥംമൂലമാകുന്നു. ചുരുക്കത്തിൽ ഇന്ത്യയെപ്പററി ഇംഗ്ലീഷുഭാഷയിൽ എഴുതിയിട്ടുള്ള മഹത്തമമായ ഗ്രന്ഥം ഇതാണെന്നു പറയാം. സഞ്ചാരമോ വിവരണമോ അല്ല ഇതിൽ പ്രതിപാദിതമായ വിഷയം. ഇന്ത്യൻജനതയുടെ അന്തരാത്മാവിനെത്തന്നെ സുസ്പഷ്ടമാക്കിത്തീർക്കുന്നു എന്നുള്ളതാണു് ഇതിന്റെ മെച്ചം. അതു വായിച്ചിട്ടുള്ളവക്കു് തദ്വിഷയകമായ സ്തുതി അനാവശ്യവും, വായിച്ചിട്ടില്ലാത്തവക്കു് സ്തുതി നിരർത്ഥകവും ആയിരിക്കും. ഈ അമൂല്യഗ്രന്ഥം പഴകിപ്പോകുമെന്നു സ്വപ്നംകാണാൻപോലും നിവൃത്തിയില്ല. ഇന്ത്യയെ മനസ്സിലാക്കണമെന്നു ആഗ്രഹമുള്ളവർ, വിദേശീയരാകട്ടെ, ഭാരതീയർതന്നെയാകട്ടെ, ഈ ഗ്രന്ഥം വായിക്കതന്നെ വേണം. മിക്കവാറും ഓരോ വാക്യത്തിലും, നമ്മുടെ ഹൃദയത്തിൽ കടന്നു അവിടെ കുടികൊള്ളുന്ന എന്തെങ്കിലും ഒരു വിശേഷത കാണാതിരിക്കയില്ല. യഥാർത്ഥവസ്തുതകളുമായി ബന്ധമൊന്നുമില്ലാത്തവിധം അതു ഹൈന്ദവജീവിതത്തെ ആദർശമുഖ്യമാക്കി കാണിക്കുന്നു എന്നുള്ള ദോഷാരോപണത്തിനു മി. എ ജെ എഫ്. ബ്ലെയറിന്റെ ഭാഷയിൽ മറുപടി പറയാം: —

"വെബ്ബ് അഫ് ഇന്ത്യൻലൈഫ്എന്ന ഗ്രന്ഥം യഥാർത്ഥവസ്തുതകളെയല്ല, ഒരു ആദർശജീവിതത്തെയാണു് വർണ്ണിക്കുന്നതെന്നു് ആളുകൾ പറയുന്നു. കൺമുന്നിൽ കാണുന്ന ജീവിതരീതികളിൽ ചുഴിഞ്ഞിറങ്ങി, എല്ലാത്തിന്റേയും അടിത്തട്ടിലുള്ള മനോമോഹനമായ ആദർശത്തെ കണ്ടുപിടിച്ച പാശ്ചാത്യബുദ്ധിയെ അത്ഭുതാദരങ്ങളോടല്ലാതെ എങ്ങനെയാണു് ഓക്കുക?"

എത്രതന്നെ ഉദ്ധരിച്ചാലും ഗ്രന്ഥപരിചയമില്ലാത്തവക്കു് ഒരു ഗുണവുമില്ല എന്നിരുന്നാലും ചില ഭാഗങ്ങളെല്ലാം ഉദ്ധരിച്ചുപോകുകതന്നെ ചെയ്യും.

ഗംഗാനദിയെപ്പററിയുള്ള ഒരു ഭാഗം ഇങ്ങനെ കാണുന്നു: "ഗംഗയെപ്പററി ഹിന്ദുവിനു തോന്നുന്ന വികാരപാരവശ്യത്തിൽ അന്തർലീനമായി യാതൊരു നിഗൂഢരഹസ്യവുമില്ല. കായികമായ തണുപ്പിനെപ്പററിയുള്ള ആഹ്ലാദം, കണ്ണുകളുടെ കുളിർമ, കൃഷീവലന്റെ കൃതജ്ഞത, മഴയില്ലാതെതന്നെയുള്ള ജലസമൃദ്ധി, എന്നിവയെല്ലാം വികാരോത്തേജകമാണു്. ഇവയോടുകൂടി, നിഷ്കളങ്കഹൃദയരായ ജനങ്ങൾക്കു് സഹജമായ * മൂർത്തീകരണശക്തികൂടെ ചേരുമ്പോൾ, ഗംഗാമാഹാത്മ്യത്തിന്റെ രഹസ്യം പൂർത്തിയാകുന്നു. പരമാർത്ഥത്തിൽ, ഗംഗാതീരത്തു് വളരെനാൾ ജീവിക്കയും അതേസമയം അതിന്റെ മൂർത്തിത്വത്തെപ്പററി ഉദാസീനഹൃദയരായിരിക്കയും ചെയ്യാൻ വളരെ പ്രയാസമാണു്......ശുദ്ധഗതിക്കാക്കു് ഗംഗാനദി മാതൃത്വസംപൂർണ്ണയായി തോന്നുന്നു. എന്തെന്നാൽ, ആ മാതാവു് ആഹാരവും, ജീവനും നൽകുന്നില്ലേ? ഭക്തജനങ്ങൾക്കു് ആ ദേവി പരിശുദ്ധിയെ ദാനംചെയ്യുന്നു. തത്വജ്ഞാനിക്കു് ആ മഹാവാഹിനി ബ്രഹ്മത്തിലേക്കു കുതിച്ചുപായുന്ന ജീവപ്രവാഹത്തെ കുറിക്കുന്നു. സഞ്ചാരിക്കു് വാരണാസി, ഹിമാലയഹിമസംഹതി, ശിവൻ, ഹൈമവതി എന്നിങ്ങനെയുള്ള വിശുദ്ധസ്മരണകളെ തട്ടിയുണർത്തുന്ന കാഹളികയാണവൾ! അതല്ലെങ്കിൽ, അവൾ യമുനാതീരത്തിലെ വൃന്ദാവനത്തിൽ കളിച്ചുനടന്ന ആ ഇടയനേയും, അദ്ദേഹത്തിന്റെ ബാല്യകാലത്തേയും അനുസ്മരിപ്പിക്കുന്നു. ചരിത്രജ്ഞാനകാംക്ഷിക്കു് ഗംഗാനദി, ആര്യൻചിന്താഗതിയുടേയും, ആര്യൻ പരിഷ്കാരത്തിന്റെയും അവ്യവഹിതമായ ഒരു പ്രവാഹമായി, അവയ്ക്കും മനുഷ്യവർഗ്ഗങ്ങൾക്കും, കാലപരമ്പരകൾക്കും ഒരു ഐക്യവും അർത്ഥവും നൽകുന്നതായി പ്രത്യക്ഷപ്പെടുന്നു. ഇവയ്ക്കെല്ലാം ഉപരിയായി, ഗംഗാപ്രണയികൾക്കു് ആ നദി ഒരു മനുഷ്യവ്യക്തിതന്നെയായിരിക്കുന്നു. ഗ്രീക്കുകാരുടെ രീതിയിൽ വസ്തുക്കളെ വീക്ഷിക്കുന്നതിൽനിന്നു് വളരെ അധഃപതിച്ചുപോയ നമുക്കു് ഇതൊന്നും മനസ്സിലാക്കാൻ സാധിക്കയില്ല"

അമ്മയെപ്പററിയുള്ള ഹൈന്ദവഭാവത്തെ നിവേദിത ഇങ്ങനെ വിശദമാക്കുന്നു: —

"ഇത്രമാത്രം അനർഘമായ ആരാധനയ്ക്കു് ഹൈന്ദവസ്ത്രീ നൽകുന്ന പ്രതിഫലം എന്താണു? അതു് വിവാഹബന്ധത്തിന്റെ കേവലമായ അഭംഗുരതയാകുന്നു. ആ ആരാധന അതിന്റെ അത്യഗാധതലത്തിൽ അചഞ്ചലതയുടേയും പരിശുദ്ധിയുടേയും ആരാധനയാകുന്നു. എന്തെല്ലാം കോപഹേതുക്കളുണ്ടാകട്ടെ, ക്രൂരതതന്നെയുണ്ടാകട്ടെ, എന്നിരുന്നാലും തന്റെ ഭർത്താവിനോടു് ഹിന്ദുസ്ത്രീ അവിശ്വാസ്യത കാട്ടുന്നു എന്നു് അവരുടെ പുത്രൻ അറിയുന്നതായാൽ, ആ നിമിഷത്തിൽ അയാളുടെ ആദർശരൂപിണിയായിരുന്ന മാതാവിനെപ്പററിയുള്ള സകല സങ്കല്പവും സജീവമായ നിത്യവേദനയായി രൂപാന്തരപ്പെടുന്നു. പുനർവിവാഹംചെയ്ത ഒരു വിധവ അവരുടെ പു

* നദികൾ, പർവ്വതങ്ങൾ മുതലായ അചേതനവസ്തുക്കൾക്കു് ചേതനത്വം ആരോപിക്കുന്നതിനുള്ള ഭാവനാശക്തിയെയാണു് ഇവിടെ സൂചിപ്പിക്കുന്നതു്.

---


## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന്റെ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിന്റെ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ.

"ശ്രീരാമവിലാസം" ബുക്കുഡിപ്പോ, കൊല്ലം.

ത്തുന്റെ ദൃഷ്ടിയിൽ സ്വഭാവശുദ്ധിയില്ലാത്ത വെറും ഒരു സ്ത്രീയായി കലാശിക്കുന്നു.

"വിവാഹബന്ധത്തിന്റെ അലംഘനീയതയ്ക്കു് പരസ്പരപ്രണയത്തോടൊ, സൗന്ദര്യത്തോടൊ, ബന്ധമൊന്നുമില്ല. ഒരിക്കൽ ഭാര്യാപദം സ്വീകരിച്ചുകഴിഞ്ഞാൽപിന്നെ അവൾ എന്നും ഭാര്യതന്നെയായിരിക്കണം. ഇതാണു് ഇന്ത്യയിലെ പത്നിമാർക്കുള്ള പരിശുദ്ധിയുടെ ഹേതു. ഇതിലത്രെ ഇന്ത്യയിലെ മാതൃത്വത്തിന്റെ പവിത്രത അടിസ്ഥാനപ്പെട്ടിരിക്കുന്നതു്."

താഴെ കാണുന്ന സുന്ദരമായ ഗ്രന്ഥഭാഗം ഇന്ത്യയുടെ പലഭാഗങ്ങളിലും ഉള്ള സ്ത്രീകളുടെ സ്വഭാവവിശേഷങ്ങളെ വർണ്ണിക്കുന്നു:—

"ബംഗാളിസ്ത്രീ, അവളുടെ ഭർത്താവിനെ പൂജിക്കയും, കുട്ടികളേയും, കുടുംബത്തേയും ശുശ്രൂഷിക്കയും ചെയ്യുന്നതു്, വിശുദ്ധന്മാരുടെ ആദർശപരായണത്വത്തിൽ ആമഗ്നയായിട്ടാണു്. മഹാരാഷ്ട്രസ്ത്രീകൾ പാശ്ചാത്യവനിതകളെപ്പോലെ മനോദാർഢ്യവും പരിതഃസ്ഥിതികളുടെ യാഥാർത്ഥ്യത്തെപ്പററി നോട്ടവും ഉള്ളവരാകുന്നു. രജപുത്രസ്ത്രീകൾ ഭർത്താവിന്റെകൂടെ ഉടന്തടി ചാടാൻപോലും മടിക്കാത്ത തങ്ങളുടെ ധീരതയെപ്പററി സ്വാഭിമാനംകൊള്ളുന്നു. മദ്രാസ്സ്ത്രീകൾ, ആധുനികപരിഷ്കാരപ്രവാഹത്തിൽ ഉടഞ്ഞുതകർന്ന ആചാരദുർഗ്ഗത്തിന്റെ കേടു പോക്കി, ആത്മീയാദർശത്തിൽ എത്തിച്ചേരാൻ പണിപ്പെടുന്നു. ഗുജറാത്തിന്റെ പുത്രിമാർ എല്ലായിടത്തേയും വണിക്‌ശ്രേഷ്ഠന്മാരുടെ പുത്രിമാരെപ്പോലെ കുസുമമസൃണരായി സ്വപ്നസ്വരൂപിണികളായിരിക്കുന്നു."

ഭഗവത്ഗീതയുടെ സന്ദേശത്തെപ്പററി സിസ്റ്റർനിവേദിത എഴുതുന്നു:—"ആ ഗ്രന്ഥത്തിൽ ഒരിടത്തും ലോകം ഉപേക്ഷിക്കണമെന്നു പറയുന്നില്ല. നേരേമറിച്ചു പാരത്രികജീവിതത്തിലേക്കു് ഒരു മാർഗ്ഗമെന്ന നിലയിൽ അതു് ഐഹികജീവിതത്തെ വ്യാഖ്യാനിക്കയാണു ചെയ്യുന്നതു്. 'അവനവന്റെ കർത്തവ്യം തെററായി ചെയ്യുന്നതു് അന്യന്റെ കർത്തവ്യം ശരിയായി ചെയ്യുന്നതിനേക്കാൾ ശ്രേയസ്കരമാകുന്നു'. 'സുഖദുഃഖങ്ങളേയും, ലാഭാലാഭങ്ങളേയും, ജയാജയങ്ങളേയും സമമായി ഗണിച്ചുകൊണ്ടു യുദ്ധത്തിനു തയാറാകുക.' ആയുധങ്ങൾ ഉപേക്ഷിച്ചു്, ശത്രുക്കളെ എതിർക്കാതെ വധിക്കപ്പെടാൻ സ്വയം അനുവദിക്കുന്ന ക്ഷുദ്രൻ മതവീരനല്ല; പ്രത്യുത, ക്ലീബനും ഭീരുവും ആകുന്നു. ഫലത്തെപ്പററി ചിന്തിക്കാതെ തന്റെ കർത്തവ്യത്തെ അനുഷ്ഠിക്കുന്നവനത്രേ സത്യമറിയുന്നവൻ. ഇതാണു വീണ്ടും വീണ്ടും ഗീതയിൽ പ്രകാശിക്കുന്ന സിദ്ധാന്തം. ആ ഗ്രന്ഥം വാസ്തവത്തിൽ ഒരു സമരകാഹളമാകുന്നു അതിലെ ആത്മീയജീവിതം ലോകജീവിതത്തിൽനിന്നുള്ള ഒരു പലായനമല്ല; നേരേമറിച്ചു ശൃംഖലാബന്ധത്തെ തട്ടിത്തകർക്കുന്നതും, തമസ്സിനേയും, അഹന്തയേയും ദഹിപ്പിക്കുന്നതും, എല്ലായിടത്തും തുളച്ചുകയറുന്നതുമായ ജ്ഞാനമാകുന്നു. ലോകത്തിൽനിന്നു പിൻവലിയുന്ന ജീവിതമല്ല, ശക്തിയും ഓജസ്സുംകൊണ്ടു് ഉജ്ജ്വലവും, നിഃസ്വാർത്ഥതകൊണ്ടു തുംഗവും ആയി രൂപാന്തരം പ്രാപിച്ച ജീവിതമത്രേ മതം. ഇതത്രേ ഗീതോപദേശം.

"ഫലത്തെപ്പററി കേവലം അന്യഥാഭാവം കൈക്കൊള്ളുന്നതാണു കാര്യക്ഷമമായ കർമ്മത്തിനു പ്രഥമമായി ആവശ്യമായിരിക്കുന്നതെന്നുള്ള തത്വമാണു ഗീതയുടെ ജീവൻ. പക്ഷെ കർമ്മം സർവ്വശക്തിയും ഉപയോഗിച്ചുതന്നെ ചെയ്യണം. ഓരോ മാംസപേശിയും ദൃഢമായിരിക്കട്ടെ; ഓരോ അവയവവും കർമ്മക്ഷമമായിരിക്കട്ടെ, മനസ്സ് വസ്തുസ്ഥിതിയെ മുഴുവൻ പരിവീക്ഷണം ചെയ്യട്ടെ. കടിഞ്ഞാൺ കയ്യിലേന്തി ആളുന്ന തീപോലുള്ള അശ്വങ്ങളെ നയിച്ചു രണാങ്കണം മുഴുവൻ കൺമുന്നിലാക്കി, ന്യായത്തിനുവേണ്ടി ഉദഗ്രമായ ഇച്ഛാശക്തിയെ പ്രയോഗിക്കാൻ സന്നദ്ധനായി 'എഴുന്നേൽക്കുക! എന്നിങ്ങനെ ശ്രീകൃഷ്ണന്റെ ഗംഭീരശബ്ദം മേഘഗർജ്ജനംപോലെ ആ ഗ്രന്ഥത്തിൽ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു.

"ഒഴികഴിവില്ലാത്ത, അനിവാര്യമായ, അവശ്യാനുഷ്ഠേയമായ, മഹാശാസനമാണതു്. സർവ്വശക്തികളേയും ഏകാഗ്രമാക്കി, മറെറാന്നിനേയും ചിന്തിക്കാതെ, ജീവിതനാടകത്തിൽ നിന്റെ ഭാഗം മുഴുവൻ ആടിത്തീർക്കുക. മൂഢൻ സ്വാർത്ഥതകൊണ്ടു പ്രവർത്തിക്കുന്നതുപോലെ ബുദ്ധിമാൻ നിസ്സ്വാർത്ഥതകൊണ്ടു പ്രവർത്തിക്കട്ടെ!"

ഇന്ത്യയെപ്പററിയുള്ള ഈ ഗ്രന്ഥം ഇങ്ങനെ അവസാനിക്കുന്നു:—

"അശോകന്റെകാലത്തെ ഭൂഗർഭസ്ഥങ്ങളായിപ്പോയ നഗരങ്ങളിലും, വിജനക്ഷേത്രങ്ങളിലും ജംബുകങ്ങൾ ചുററിയലയുന്നു. മുഗളചക്രവർത്തിമാരുടെ വെൺകളിക്കല്ലുപട്ടത്ത കൊട്ടാരങ്ങളിൽ ഒരു വെറും സ്മരണമാത്രം അരചാളുന്നു. ആ ഭാരതമാതാവു ക്ഷീണയായിത്തീർന്നിട്ടില്ലേ? ലോകത്തിനു് എല്ലാം നൽകിക്കഴിഞ്ഞതിനുശേഷവും, അതൊന്നും മതിയായില്ലേ? അവൾ ഇനിയും തന്റെ കുടുംബത്തെ പുലർത്താൻ വീണ്ടും പിടഞ്ഞെഴുന്നേൽക്കുമോ? ആർക്കറിയാം? എന്നാലും, ഇന്നത്തെ ക്ഷീണത്തിലും, നാശത്തിലും, രാജ്യത്തിന്റെ ശൈഥില്യത്തിലും തന്റെ മാനക്ഷയത്തിലും, ഇന്ത്യൻകർഷകന്റെ ഹൃദയത്തിൽ അജയ്യമായ ഒരു ആശ പിന്നെയും ഉയരുന്നു. 'ഇക്കാണുന്നതൊക്കെപ്പോകും; മുമ്പുണ്ടായിരുന്നതെന്തോ, അതു വീണ്ടും ഉണ്ടായിരിക്കും' എന്നിങ്ങനെ അവൻ തന്നോടുതന്നെമന്ത്രിക്കുന്നു. ആ മന്ദസ്വരത്തിൽ ഒരു മഹത്തരമായ ദീർഘദർശനം അടങ്ങിയിരിക്കുന്നതായി നമുക്കു തോന്നുന്നു. 'ധർമ്മത്തിനു് എവിടെ ഗ്ലാനി സംഭവിക്കുന്നുവോ, എവിടെ അധർമ്മം അഭ്യുത്ഥാനം ചെയ്യുന്നുവോ, അവിടെ ഞാൻ അവതരിക്കുന്നു; ശിഷ്ടരക്ഷണത്തിനും, ദുഷ്ടശിക്ഷണത്തിനുമായി ഞാൻ വീണ്ടും ജനിക്കുന്നു' എന്നിങ്ങനെയുള്ള വാക്കുകൾ അതിന്റെ ഒരു പ്രതിധ്വനി മാത്രമാകുന്നു.

ഇന്ത്യയുടെ അനന്തരകരണീയത്തെപ്പററി നിവേദിത ഇങ്ങനെയാണുപറയുന്നതു്.

"നമ്മുടെ കർത്തവ്യം കർമ്മപ്രധാനമാണു്, അകർമ്മമല്ല ഭാരതത്തെ ഭാരതമാക്കുന്നതിനും, ഒരു ദേശീയചിന്തയെ ഉൽപ്പാദിപ്പിക്കുന്നതിനും, നമ്മുടെ പുരോഗതിയുടെ മാർഗ്ഗം തെളിക്കുന്നതിനും, വിദേശീയരല്ല, നാംതന്നെയാണു പ്രവർത്തിക്കേണ്ടതു്. മേലാൽ നാം ഒരു കർമ്മപരിപാടിയും സ്വീകരിക്കരുതു്. നാംതന്നെ നമ്മുടെ കർമ്മപരിപാടി രൂപവൽക്കരിക്കണം. മേലാൽ നാം ഒരു നയവും സ്വീകരിക്കരുതു്. നാംതന്നെ നമ്മുടെ നയങ്ങളെ സൃഷ്ടിക്കണം. ഒരു പത്തുരൂപാശമ്പളക്കാരനാകുന്ന നമ്മുടെ പരിശീലനത്തെ വിദ്യാഭ്യാസമെന്നു നാം പേർപറഞ്ഞുകൂടാ. നാം ബുദ്ധിസ്വാതന്ത്ര്യമുള്ളവരാണെന്നു നാം തന്നെ വിധിക്കുന്നു. ശരി, അങ്ങനെയിരിക്കെ, നമ്മുടെ അനന്തരകരണീയമെന്തു്?.........

"നാം സജീവമായ ഒരു ഇന്ത്യാചരിത്രം നിർമ്മിക്കണം. ഇപ്പോൾ ഇംഗ്ലീഷിലുള്ള ഇന്ത്യാചരിത്രങ്ങളെല്ലാം വാറൻഹേസ്റ്റിംഗ്സ്മുതൽ ആരംഭിക്കുന്നു. അതിനുമുൻപു് ഏതാണ്ടു കുറേനായിരം കൊല്ലങ്ങളിലെ അനുപേക്ഷണീയമായ പ്രാരംഭവസ്തുതകളും അവയിൽ തിരുകിക്കയററിയിരിക്കുന്നു. അവ ഉപദ്രവകരങ്ങളെങ്കിലും, ഉൽസജ്ജ്യങ്ങളല്ല. പക്ഷെ ഇതെല്ലാം വെറും ബാലിശമാണു്. ഇന്ത്യയുടെ ചരിത്രം ആദ്യമായി എഴുതേണ്ടിയിരിക്കുന്നതേയുള്ളു. കൽക്കട്ട, മദ്രാസ്, ബാംബെ എന്നിവയാണു് ഇന്നത്തെ വീക്ഷണസ്ഥാനങ്ങൾ. പ്രാചീനരണാങ്കണങ്ങളിൽ ദീർഘനിദ്രകൊള്ളുന്ന ആ വീരന്മാർ, വിശാലദുർഗ്ഗങ്ങളാൽ സുരക്ഷിതങ്ങളായിരുന്ന നഗരങ്ങൾ നിർമ്മിച്ച ആ പൂർവ്വഗാമികൾ, അമൂല്യചിന്തകളെ അവശേഷിപ്പിച്ചിട്ടു ദിവംഗമിച്ച ആ പ്രാജ്ഞപിതാക്കൾ, അവർ തങ്ങളുടെ അനന്തരസന്തതികളുടെ ബീഭത്സമായ അടിമത്തം കണ്ടു കരയാതിരുന്നപ്പോഴൊക്കെ ചിരിച്ചിട്ടുണ്ടു്! ഇന്ത്യയുടെ ചരിത്രം കുറഞ്ഞപക്ഷം മൂവായിരം കൊല്ലത്തെയെങ്കിലും പഴക്കമുള്ളതാണു്. കടലിന്റെ അടിത്തട്ടും, നദികളിലെ മണ്ണും, വനങ്ങളും, ചതുപ്പുനിലങ്ങളും, വീണ്ടും കടലിന്റെ അടിത്തട്ടും ഒന്നിനുമിതെ ഒന്നായി ഓരോ യുഗത്തെ അഥവാ കാലഘട്ടത്തെ ഉള്ളടക്കം ചെയ്തുകൊണ്ടു കിടക്കുന്നു. ഈ ഓരോ യുഗത്തിലും ഒരു പുതിയ സ്ഥാനമായിരിക്കും ചരിത്രകേന്ദ്രം. അയോദ്ധ്യ, ഹസ്തിനപുരം, ഇന്ദ്രപ്രസ്ഥം, പാടലീപുത്രം, ഉജ്ജയിനി, ഡെൽഹി, കാഞ്ചീപുരം, അമരാവതി — ഇവയെല്ലാം ജന്മം നൽകിയ ആ മൺമറഞ്ഞ ലോകങ്ങളെപ്പററി എന്തുപറയുന്നു? ഭാരതസന്താനങ്ങളെ, ഇവയുടെ ആരാധനയ്ക്കായി നിങ്ങൾ കുതിച്ചിറങ്ങിയാലും; വിജ്ഞാനത്തിനുവേണ്ടി കരൾകലങ്ങി വേലചെയ്താലും. ഈ വിജ്ഞാനഖനനത്തിനുള്ള തൂമ്പായും, മൺവെട്ടിയും നിങ്ങളുടേതുതന്നെയാണു്. എന്തെന്നാൽ, ആ പഴയ ചരിത്രാർത്ഥത്തെ വിശദീകരിക്കാനുള്ള ചിന്താശക്തിയും, ഭാഷാവൈഭവവും, വിദേശികൾക്കല്ല; നിങ്ങൾക്കാണുള്ളതു്. അഗാധവും ദൃഢചിത്തവും ആയ ഗവേഷണങ്ങളിലാണു് ഇന്ത്യയുടെ സകല ആശയും സ്ഥിതി ചെയ്യുന്നതു്.

"ഓരോ നാട്ടുഭാഷയിലും മഹാസാഹിത്യങ്ങൾ പ്രഫുല്ലങ്ങളാകേണ്ടിയിരിക്കുന്നു. അവ പഴയകാലത്തെ പ്രകാശിപ്പിക്കയും, വർത്തമാനകാലത്തെ വ്യാഖ്യാനിക്കയും, ഭാവികാലത്തെ ദീർഘദർശനം ചെയ്കയും ചെയ്യേണ്ടിയിരിക്കുന്നു. യൂറോപ്പിന്റെ ശാസ്ത്ര



സയാം രാജാവായ പ്രജാധിപാക് ഈയിട ബർലിൻ സന്ദർശിച്ച അവസരത്തിൽ റീച്ച്സ്‌വെർ 'ഗാർഡ് ആഫ് ഓണർ' പരിശോധിച്ച രംഗം. കറുത്ത ഓവർകോട്ടു ധരിച്ചു മദ്ധ്യത്തിലായി കാണപ്പെടുന്നതാണു സയാംരാജാവു്.

U. P. S.

വും, ചിന്തയും നാട്ടുഭാഷകൾ മുഖേന ഓരോ മന്ദിരകവാടത്തിലും കൊണ്ടുവരേണ്ടിയിരിക്കുന്നു. പഴയകാലത്തിന്റെ ചരിത്രം രണ്ടാമതു് എഴുതേണ്ടിയിരിക്കുന്നു. ഇത്തരം നാട്ടുഭാഷാസാഹിത്യങ്ങളുടെ സൃഷ്ടിയെയാണു് സ്ത്രീകളുടെ വിദ്യാഭ്യാസം ആശ്രയിച്ചിരിക്കുന്നതു്.

"കലയ്ക്കു പുനർജ്ജന്മം ഉണ്ടാകേണ്ടതുണ്ടു്. ഒരു ചിത്രം, ഒരു ഗീതം, ഇവ എല്ലാ ഗ്രാമങ്ങളിലും കൈമാറിക്കൈമാറിച്ചെന്നു് എല്ലാ ജനങ്ങളേയും ഒന്നാക്കേണ്ടിയിരിക്കുന്നു. കലയ്ക്കു പുനർജ്ജന്മം ഉണ്ടാകതന്നെ ചെയ്യും. എന്തെന്നാൽ, അതിന്നു് ഒരു പുതിയവിഷയം — ഇന്ത്യതന്നെ — ലഭിച്ചിരിക്കുന്നു. ഹാ, ഓട്ടകൊണ്ടു ഒരു ചിന്തകനായി, കടൽപ്പുറത്തുകൂടിപ്പോകുന്ന അർദ്ധനഗ്നനായ പറയന്റെ രൂപസൗഭാഗ്യത്തെ കലാലോകത്തിന്നു നൽകുവാൻ കഴിഞ്ഞിരുന്നെങ്കിൽ! ഇന്ത്യൻസാരിയുടെ മനോഹരതയെ ഒരു പെൻസിൽകൊണ്ടു വ്യാഖ്യാനിച്ചിരുന്നെങ്കിൽ! ക്ഷേത്രങ്ങളിലെ പൂജയും ആരാധനയും ഗംഗാനദിയിലെ സ്നാനഘട്ടങ്ങളിലേയ്ക്കുള്ള പോക്കും, കുട്ടികളുടെ കളിയും, ഗോവൃന്ദങ്ങളുടെ മുഖങ്ങളും കലാലോകത്തിന്നു ലഭിച്ചിരുന്നെങ്കിൽ!

"രക്തത്തെ തുളുമ്പിക്കത്തക്കവിധം, പ്രാചീനമഹാരഥരായ ഭീഷ്മർ കൃഷ്ണൻ യുധിഷ്ഠിരൻ അക്ബർ ഷെർഷാ പ്രതാപസിംഹൻ ചാന്ദബീബി മുതലായവരെ ചിത്രീകരിക്കാൻ ഇന്ത്യയുടെ സന്താനങ്ങൾതന്നെ വേണ്ടിയിരിക്കുന്നു. ഭാവിയേക്കുറിച്ചു മുൻകൂട്ടിത്തന്നെ വികാരഭരിതരായിത്തീരുന്നതിന്നു നമുക്കു് ഇവരെല്ലാം വേണ്ടിയിരിക്കുന്നു. ഇന്ത്യയെ ലോകത്തിന്നു വ്യാഖ്യാനിച്ചുകൊടുക്കാൻ മാത്രമല്ല ഇന്ത്യക്കുതന്നെ വ്യാഖ്യാനിച്ചുകൊടുക്കാൻ കലയുടെ സന്ദേശഹരത്വം അത്യന്താപേക്ഷിതമാകുന്നു.

"അതിനാൽ മുന്നോട്ടു് ഓരോ അടി വയ്ക്കുമ്പോഴും, വിജയം ദ്വിഗുണമായിരിക്കണം. ഒരുഭാഗത്തിൽ ലോകത്തിന്റെ ജ്ഞാനസഞ്ചയത്തിലേക്കു് എന്തെങ്കിലും പുതുതായി സംഭാവനചെയ്യുകയും മറേറതരത്തിൽ ഇന്ത്യക്കുതന്നെ പുതുതായി എന്തെങ്കിലും സന്ദേശം നൽകുകയും ചെയ്യണം. ഇന്നത്തെ തലമുറയുടെ മുന്നിൽ ആവിർഭവിക്കുന്ന കർത്തവ്യം ഇതാണു്. നമ്മുടെ ഇപ്പോഴത്തെ കഠിനസമരത്തിലായിരിക്കും അടുത്ത തലമുറയുടെപോലും ജീവിതം നിലനിൽക്കുന്നതു്. ഇന്ത്യയുടെ ദേശീയജീവിതം ഒരു നിരുദ്ധദുർഗ്ഗത്തിന്റെ രൂപത്തിലായിട്ടുണ്ടു്. ഇന്ത്യ ഇതുവരേയും ശത്രുക്കളോടു സമരം തുടങ്ങിയിട്ടില്ല. അതിനാൽ ഇപ്പോൾതന്നെ ദുർഗ്ഗത്തിൽ നിന്നുകൊണ്ടു വെളിയിലുള്ള ശത്രുവിനെ വെല്ലുവിളിച്ചാലും! അസ്തമയത്തോടുകൂടി നിങ്ങളുടെ പരിചയെ നിദ്രാശയ്യയാക്കിത്തീർക്കാൻ ഭാരതസന്താനങ്ങളായ നിങ്ങൾ ഭയപ്പെടുന്നോ? നിങ്ങളുടെ നെററിയിലെ ചുട്ടുവിയർപ്പിററി നേടിയ ആ പഴയപ്രാകാരങ്ങളെ കാത്തുസൂക്ഷിക്കാൻ നിങ്ങൾ ഒരു ചോരത്തുള്ളിശേഷിക്കുന്നതുവരെ പൊരുതുക. തോല്ക്കുന്നെങ്കിൽ നിങ്ങളുടെ ശവശരീരങ്ങളിൽ ചവിട്ടി മററുള്ളവർ നിങ്ങൾ പ്രാപിച്ചിരുന്ന ആ പരമോച്ചപദത്തിലെത്തട്ടെ!"

1907-ൽ സിസ്റ്റർ നിവേദിത "ഹിന്ദുമതത്തിലെ തൊട്ടിൽക്കഥകൾ" എന്നൊരു ഗ്രന്ഥം പ്രകാശിപ്പിച്ചു. അതിൽ അവർ ഹൈന്ദവകഥകൾക്കു മനോമോഹനമായ ഒരു സ്വരൂപം നൽകിയിരിക്കുന്നു. നിവേദിത കഥപറയുമ്പോൾ അതിന്നു് ഒരു പ്രത്യേകത വന്നുകൂടുന്നു. 1909-ൽ അവർ ഇന്ത്യയുടെ ദൃഷ്ടിയിൽ കാണുന്നതരത്തിലുള്ള സ്നേഹമരണങ്ങൾ എന്നർത്ഥംവരത്തക്കപേരോടുകൂടിയ മറെറാരുഗ്രന്ഥം പ്രസിദ്ധമാക്കി. ഇഷ്ടജനങ്ങളുടെ മരണത്താൽ ശിഥിലഹൃദയരായി കേഴുന്നവർക്കു ഈ പുസ്തകം പോലെ മറെറാന്നും സമാശ്വാസം നൽകുകയില്ല- 1910 ൽ "ഗുരുവിനെ ഞാൻ കണ്ട തരത്തിൽ" എന്ന മറെറാരു ഗ്രന്ഥം വെളിപ്പെട്ടു ശ്രീ വിവേകാനന്ദനെപ്പററിയുള്ള നിവേദിതയുടെ മനോഹരമായ വിവരണമാണതു്. മരണത്തിനുമുമ്പു് നിവേദിത ഇന്ത്യയെപ്പററിയുള്ള രണ്ടു മഹാഗ്രന്ഥങ്ങൾ പൂർത്തിയാക്കുന്നതിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഇതെല്ലാംകൊണ്ടും ആ മഹതിയുടെ സാഹിത്യകൃതികൾ മുഴുവനാകുന്നില്ല. അനേകം ലേഖനങ്ങളും നിവേദിത എഴുതിക്കൊണ്ടിരുന്നു.

ഇന്ത്യൻകലയെ ഇന്ത്യയ്ക്കുവേണ്ടിയും യൂറോപ്പിന്നുവേണ്ടിയും നിവേദിത വ്യാഖ്യാനിച്ചിട്ടുണ്ടു്. "മാഡേൺറിവ്യൂ" എന്ന പത്രഗ്രന്ഥത്തിൽ അവർ എഴുതിയിട്ടുള്ള കലാനിരൂപണങ്ങൾ ഒരിക്കൽ വായിച്ചിട്ടുള്ളവർ പിന്നൊരിക്കലും മറക്കുകയില്ല. സാഹിത്യകർത്രിയുടെ തൂലിക ചിത്രകാരന്റെ തൂ

ലികയായി മാറിയിരിക്കുന്നതു കാണണമെങ്കിൽ ആ നിരൂപണങ്ങൾ വായിക്കണം.

സിസ്റ്റർ നിവേദിതയുടെ പ്രസംഗചാതുരിയും, ഓജസ്സും എത്രമാത്രമെന്നറിയുന്നതിന്ന മി. ബ്ളെയറിൻെറ അഭിപ്രായങ്ങൾ തന്നെ ഉദ്ധരിക്കാം —

"കൽക്കട്ടായിലെ ടൗൺഹാളിൽ സിസ്റ്റർ നിവേദിത പ്രസംഗിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. അഞ്ചോ ആറോ കൊല്ലത്തിനുശേഷം ആ പ്രസംഗങ്ങൾ നടന്നിരുന്നെങ്കിൽ അവരെ തീർച്ചയായും നാടുകടത്തുമായിരുന്നു. അതിൽ ഒരു പ്രസംഗത്തിൻെറ പേരുപോലും രാജദ്രോഹകരമായിരുന്നു. എന്നിട്ടും അവരുടെ പ്രസംഗമണ്ഡപം മുഴുവൻ യൂറോപ്യന്മാരാലും ഹാൾമുഴുവൻ യുവാക്കന്മാരായ ബംഗാളികളാലും നിബിഡമായി കാണപ്പെട്ടു. 'രാജ്യഭക്തി' എന്നതായിരുന്നു പ്രസംഗവിഷയം. ഒന്നരമണിക്കൂർ നേരത്തേക്കു നിവേദിത സദസ്സിനെ അസ്തപ്രജ്ഞമാക്കിത്തീർത്തു ഓർമ്മക്കുറിപ്പുകൾ കൂടാതെ, ദൃഢവും, മനോഹരവും ആയ സ്വരത്തിൽ അവർ പ്രസംഗിച്ചു. അതിൻെറ ഉത്തരഫലം, വാക്കുകൾ, വാക്കുകൾ മതി; പ്രവൃത്തിയാണു വേണ്ടതു്. പ്രവൃത്തി, പ്രവൃത്തി, പ്രവൃത്തി! എന്നിങ്ങനെയുള്ള മുഴക്കമായിരുന്നു. നിവേദിത ഉദ്ദേശിച്ചതിനേക്കാളൊക്കെ വളരെ നേരത്തെ പ്രസംഗം ഫലവത്തായിപ്പോയെന്നാണു് ഇതു സൂചിപ്പിക്കുന്നതു്"

മറെറാരു ലേഖകൻ എഴുതുന്നു: —"നിവേദിത മനോഹരമായും ശക്തിയായും പ്രസംഗിക്കുന്നു. പക്ഷെ അവരുടെ ആശയങ്ങളും ഭാഷയും സാധാരണസദസ്സുകൾക്കു പററാത്ത തരത്തിൽ അത്രമാത്രം ഉച്ചനിലയിലാണു വർത്തിക്കുന്നതു്."

അവരുടെ സംഭാഷണചാതുരിയെപ്പററി മി. ബ്ളെയർ വീണ്ടും പറയുന്നു —

"നിവേദിതയുടെ പരിചയചക്രത്തിൽ പ്രവേശനം ലഭിക്കുക എന്നതു്, അക്ഷയമായ ഒരു സ്വർണ്ണഖനിക്കു് അവകാശം സ്ഥാപിക്കുക എന്നതുപോലെയാണു്. അവർ അവരുടെ സ്നേഹിതവൃന്ദത്തിനും, അവരുടെ ജോലിക്കും വേണ്ടി ജീവിച്ചു. സ്നേഹിതഗണത്തിന്നുവേണ്ടി നിവേദിത തൻെറ അത്ഭുതാവഹമായ വാഗ്ധോരണിയും, അതിവിപുലമായ പാണ്ഡിത്യവും തുറന്നുവിടുന്നു."

"തൻെറ സ്നേഹിതന്മാർക്കുവേണ്ടി യാതൊരു കരുതലും കൂടാതെ നിവേദിത സ്വഹൃദയം മുഴുവൻ വെളിപ്പെടുത്തുന്നു. എഴുതുന്നതിനേക്കാൾ വളരെ സുഗമമായി അവർ സംഭാഷണം ചെയ്യുന്നു. കല, സാഹിത്യം, ശാസ്ത്രം, (സയൻസ്) എന്നിവയെല്ലാം അവരുടെ സ്വന്തം വിഹാരചക്രങ്ങളാണു്. ഇന്ത്യയെപ്പററിയുള്ള തീവ്രാഭിലാഷങ്ങളെല്ലാം അവർ പ്രകടിപ്പിക്കുന്നു."

നിവേദിതയുടെ സംഭാഷണംതന്നെ സാഹിത്യമാണെന്നാണു മറെറാരു ഗദ്യകാരൻ അഭിപ്രായപ്പെടുന്നതു്. ഇന്ത്യയുടെ ദേശീയബോധത്തിന്നു നിവേദിത ഒരു വലിയ പ്രേരകശക്തിയായിരുന്നു അവരുടെ ലേഖനങ്ങളാലും, പ്രസംഗങ്ങളാലുമാണു ബംഗാളിൽ ദേശീയബോധം സജീവവും, ബലിഷ്ഠവും ആയ ഒരു പ്രസ്ഥാനമായിത്തീർന്നതെന്നു് മി. എസ്. കെ. റാററ്ക്ലിഫ് എഴുതുന്നു.

ഈ ചുരുങ്ങിയ സ്ഥൂലചരിത്രത്തെ ഇവിടെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. നിവേദിത തൻെറ ജീവിതം ഒരു ഉയർന്നനിരപ്പിൽ കൂടിയാണു് നയിച്ചതു്. അതിൻെറ ക്ഷീണവും, കഴിവിൽ കവിഞ്ഞ ജോലിയുടെ ക്ലേശവും കൂടക്കൂടെയുള്ള സുഖക്കേടുകളുടെ രൂപത്തിൽ പ്രത്യക്ഷമായി. അല്പംസുഖം നേടാനായി അവർ ഡാർജിലിംഗിലേക്കു പോയെങ്കിലും, അവിടെവച്ചു വയറുകടിയാൽ, 1911 അക്ടോബർ 13-ാം തീയതി മരണം പ്രാപിച്ചു. നിവേദിതയുടെ ദേഹം ഹൈന്ദവമാന്യന്മാർ തന്നെ ചുമലിൽ വഹിച്ചുകൊണ്ടുപോയി ദഹിപ്പിക്കുകയാണുണ്ടായതു്. ഡാർജിലിംഗ് ഒരിക്കലും കണ്ടിട്ടില്ലാത്തവിധം അത്രമാത്രം മഹത്തായ ആ ശവസംസ്കാരയാത്രയിൽ ബംഗാളിൻെറ ഉത്തമസന്താനങ്ങളിൽ പലരും സംബന്ധിച്ചിരുന്നു. "തോണിമുങ്ങുന്നു; പക്ഷെ ഞാൻ പ്രഭാതം കാണും" എന്നിവയായിരുന്നു നിവേദിതയുടെ അവസാനവാക്കുകൾ.

ഇങ്ങനെയാണു് ഈ മഹാത്മാവു ജീവിച്ചുമരിച്ചതു്. "നിവേദിതയെ പൂജിക്കുന്നവരും, അവരെപ്പററി അത്ഭുതാദരങ്ങൾ നിറഞ്ഞവരും ആയി അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ സ്ഥലങ്ങളിൽ അനേകം മഹാന്മാരായ ചിന്തകന്മാരും, പണ്ഡിതന്മാരും, രാഷ്ട്രീയകാര്യപ്രസക്തന്മാരും ഉണ്ടെന്നു് എനിക്കറിയാം," എന്നാണു് മിസിസ്സ് ജെ. സി. ബോസ് എഴുതുന്നതു്. ഇത്തരം ഒരു മഹിളാരത്നത്തിൻെറ ചരിത്രവും, നേട്ടങ്ങളും എന്നെന്നും നമ്മുടെയിടയിൽ അവശേഷിക്കും. ഭാവിയിലെ തലമുറകൾക്കു് അവ മഹാർഹമായ ഒരു നിധിയായിത്തീരുകയും ചെയ്യും.



'കാർത്തികതിരുനാൾ തിയേററർഫണ്ടി'നുവേണ്ടി നടത്തിയ കൌതുകവില്പനയിലെ ഒരു രംഗം.

# പ്രതീക്ഷ.

[ഗീതകം]

കെ പി. ചങ്ങമ്പുഴ, ഇടപ്പള്ളി.

കാരിമുകിൽമാലമൂടിയവാനി,ലെൻ
കനകതാരയെക്കാത്തിരിക്കുന്നുഞാൻ;
പ്രണയഗാനംമറന്നമുരളി,യെൻ
മടിയിലയ്യോ,കിടക്കുന്നുമൂകമായ്;
ക്ഷണികകാന്തിപൊഴിഞ്ഞുപൊലി(ഞ്ഞിതെൻ
മണിവിളക്കിലെസ്വർണ്ണദീപാംകുരം;
കലിതഗൽഗദമാമൊരു,ദാരുണ
കദനസന്ദേശമേകിയേകിസ്വയം,
ഇരുളിലേകാന്തബാഷ്പാഭിഷിക്തമാം
നിമിഷകങ്ങളെയാത്രയാക്കുന്നു,ഞാൻ!
വ്രണിതജീവൻപിടഞ്ഞുണർ,ന്നാരെയോ
വിജനഭീരുവായ്ചോദിച്ചുപിന്നെയും:-
"എവിടെ,യെന്നെവിളിപ്പതാ,രെങ്ങുനീ?
വരികവേഗമെൻവിണ്ണിൻവെളിച്ചമെ!!"

ഡൊരശ്ശിണി.

ഗ്രന്ഥകർത്താ, കെ. എം. പണിക്കർ എം. ഏ.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ പ്രധാന ദോഷങ്ങൾക്കു വിധേയയായിത്തീർന്ന ഒരു യുവതിയുടെ ജീവിതത്തിൻെറ അതിസൂക്ഷ്മമായ ഒരു ചിത്രമാണു് ഇതിലെ കഥാവസ്തു അഗാധപാണ്ഡിത്യം നിരീക്ഷണകുശലതയും ആയ കവിയുടെ ഡൊരശ്ശിണിസൃഷ്ടി എത്രമാത്രം ഹൃദയംഗമമായിട്ടുണ്ടെന്നു വർണ്ണിക്കാവുന്നതല്ല.

വില 1 രൂപാ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# സാമ്പിൾ സംബന്ധയാലോചന.

["അച്ഛ."]

## വരന്റെ കാപ്പികുടി.

വിവാഹആലോചനയിൽ പ്രധാനപാത്രങ്ങൾ പെണ്ണും ചെറുക്കനും ദല്ലാലും ആണെങ്കിലും ചില ഉപപാത്രങ്ങളും സബ്ബ് ഉപപാത്രങ്ങളും കൂടി ഇല്ലാതെ ഇതിന്ന് പൂർണ്ണതയോ സാധുത്വമോ സിദ്ധിക്കയില്ല. മാതാപിതാക്കന്മാർ ബഹളത്തിന്റെ മുന്നണിയിൽ നില്ക്കേണ്ടവരാണെങ്കിലും അഭിഭാഷകപ്രമാണികളും പോലീസ്, എക്സൈസ്, ഈ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും ഒഴിച്ചു മററുള്ള രക്ഷകർത്താക്കൾ കർമ്മണികൾ (passive beings) ആയി മാത്രമെ നിലകൊള്ളുന്നുള്ളു. ദല്ലാലിൽ ഉള്ള അപാരവിശ്വാസമോ, സ്വന്തം പുത്രിയെ പരസ്യപ്പെടുത്തുന്നതിലുള്ള വിമുഖതയോ, അല്ലെങ്കിൽ താനും തന്റെ പുത്രിയും പ്രത്യേകപ്രഖ്യാപനം കൂടാതെതന്നെ വിഖ്യാതരെന്നുള്ള ബോധമോ ആയിരിക്കാം ഇക്കൂട്ടരുടെ ഉള്ള വെന്തും പുറം തണുത്തും ഉള്ള സാന്ത്വനഭാവത്തിന്ന്, അടിസ്ഥാനങ്ങൾ.

ദല്ലാൽ വലവീശിക്കൊണ്ടുവരുന്ന വരൻ ഗേററു കടന്നു കഴിയുമ്പോൾ ഗൃഹനായകൻ ചാരുകസാലയിൽ നിന്നും എഴുന്നേററു ആഗതന്ന് സ്വാഗതം അരുളാൻ നില്ക്കുന്ന നില്പ് ഒന്നു കാണേണ്ടതാണ്. കമുകിൻ പച്ചക്കുമ്പപാളപോലെ വൈവർണ്ണ്യമാന്ന മുഖവും, കരാംഗുലികൾ തമ്മിൽ സമ്മർദ്ദിച്ചുള്ള മൃദുലസല്ലാപങ്ങളും, പ്രജ്ഞയററ നോട്ടവും, നിസ്സാരഭാവം അഭിനയിക്കുന്നതിനുള്ള നിഷ്ഫലശ്രമങ്ങളും, ദേഹം വക്രിപ്പിച്ചുള്ള നടയും, കണ്ടാൽ ആരുടെ ഹൃദയവും അലിയും. പ്രായോഗികമനഃശാസ്ത്രജ്ഞന്മാക്ക് ഗൃഹനായകന്റെ ഈ ചേഷ്ടകൾ ഭീമമായ ഉൾക്കമ്പത്തിന്റെ അരുമസന്താനങ്ങൾ ആണെന്നു മനസ്സിലാക്കുവാൻ പ്രയാസമുണ്ടാവില്ല. ഭർത്താവിന്റെ സുഖദുഃഖങ്ങളിൽ ഒന്നുപോലെ പങ്കുകൊള്ളുവാൻ കടപ്പെട്ടവളായ അദ്ദേഹത്തിന്റെ സഹധർമ്മചാരിണിയും അകത്തേ കതകിന്റെ പുറകിൽ മറഞ്ഞുനിന്നു അവരുടെ പാതിവ്രത്യധർമ്മത്തിനു ലോപം വരുത്താതെ നായകന്റെ വിമ്മിഷ്ടങ്ങളിൽ ഒരു ഭാഗം അനുഭവിക്കുന്നുണ്ട്. ശ്വാസംമുട്ടുന്ന ധർമ്മസങ്കടത്തിൽ നിന്നും വീട്ടുകാരെ പരിരക്ഷിക്കുന്നതിനു ദല്ലാലമ്മാവൻ ചാടിവീഴുന്നു:—"അറിയില്ലെ, നമ്മുടെ ഉഴുമ്പറമ്പിൽ വിചാരിപ്പുകാരദ്ദേഹമേ, ശേഷക്കാരൻ—" എന്നു വ്യാകരണം മറന്നു ആ ഉക്തിയിൽ വിരമിക്കുന്നു.

ഗൃഹനായകൻ:—"പിന്നേ—അദ്ദേഹം ഇപ്പോൾ—?"......

ഏതു് ഉഴുമ്പാറയോ, ഏതു കയ്യാലവിചാരിപ്പുകാരനോ?—പറഞ്ഞ ആളിനും കേട്ട ആളിനും ഒന്നുപോലെ അജ്ഞാതമായിരുന്നേക്കാം. എങ്കിലും നമുക്കറിയരുതോ ആ പഴയ വട്ടുചൊറിപിടിച്ച ആക്ടിങ്ങു മൊച്ചിയെ! അവിചാരിതമായി ലഭിച്ച ഈ മാതുലസമ്പത്തിന്റെ പരിമാണം നിർണ്ണയിക്കാൻ ശക്തിയില്ലാതെ നമ്മുടെ മൊച്ചിക്കാമുകൻ രണ്ടുനിമിഷനേരത്തേക്കു സ്ഥലസമയഭ്രാന്തിയിൽ മുഴുകി നിന്നുപോകുന്നെങ്കിലും, കിട്ടിയ സ്വത്തു കളവാൻ പാടില്ലെന്നുറച്ചു, "ഒരേ അമ്മാവനല്ല" എന്ന് അങ്ങും ഇങ്ങും കൊള്ളാത്ത ഒരടി അടിച്ചു മൂളിക്കുന്നു. "അദ്ദേഹം ഇപ്പോൾ—?" എന്നു തുടങ്ങി, മരിച്ചോ, ഗോതമ്പാണോ ആഹാരത്തിനുപയോഗിക്കുന്നതു്, പ്രസംഗിക്കാൻ പോകാറുണ്ടോ, എന്നുവേണ്ടാ ഏതുവിധത്തിലും പൂരിപ്പിക്കുവാൻ സൗകര്യം നൽകുന്നതും, എന്നാൽ കാര്യമറിയാതെ പൂർത്തിയാക്കുവാൻ വൃത്തിയില്ലാത്തതുമായ ആ ആപൽക്കൂപത്തിൽ നിന്നു രക്ഷപ്രാപിക്കുന്നതിനു തരം നോക്കി നിന്നിരുന്ന ഗൃഹനായകൻ, "എന്താ ഇങ്ങനെ നില്ക്കുന്നതു്, ഇരിക്കൂ, ഇരിക്കൂ," എന്നു സല്ക്കാരം തുടങ്ങുന്നു. പ്രാധാന്യം കാണിക്കുന്നതിനുള്ള കൊതിയോ, അന്നു രാവിലെ ചെയ്ത ശ്രമത്തിന്റെ കാഠിന്യമോ രണ്ടും കൂടിയോ, ദല്ലാലിനെ ഈ ക്ഷണനത്തിനു വളരെ മുമ്പുതന്നെ ചാരുകസാരയിൽ കിടത്തിക്കഴിഞ്ഞിരിക്കുന്നു.

'പിന്നെ' എന്ന ഗൃഹനായകന്മാരുടെ ക്രിയാവിശേഷണശബ്ദത്തിനു സ്ത്രീലിംഗനാമത്തിന്റെ ശക്തിയുണ്ടല്ലോ. ഗൃഹാധിപൻ 'പിന്നേ' എന്നു വിളിച്ച മാത്രയിൽ ആ 'പിന്നെ' വാതലിന്റെ പുറകിൽ പ്രത്യക്ഷയായി കതകിന്റെ ഒരു പാളിയിൽ മറഞ്ഞു രംഗപ്രവേശം ചെയ്യുന്നു. ഗൃഹനായികയുടെ വദനനഭോമണ്ഡലവും അതിൽ തിളങ്ങുന്ന ഒരു മന്ദഹാസചന്ദ്രനും വജ്രഖചിതമായ അംഗുലീയമണിഞ്ഞതുൾപ്പെടെ നാലുവിരലുകളും ആ ചക്രവാളത്തിൽ കാണുന്നു. ഇതെല്ലാം അമ്മായിഅമ്മയ്ക്കു യൗവ്വനമോ യൗവ്വനബോധമോ ഉള്ള വീട്ടുകളിലാണ്. മദ്ധ്യവയസ്കകളോ പരിഷ്കാരിണികളോ ആയ 'അകത്തമ്മമാർ' വാതലിൽ മറയാതെ കൂസലെന്യെ വെളിയിൽ വരും. ഗൃഹനായികയുടെ മുഖത്തു വിളയാടുന്ന മന്ദഹാസചന്ദ്രബിംബം കന്യകയുടെ പാർശ്വത്തിൽ ഉദിച്ചുയർന്നുകഴിഞ്ഞാൽ പിന്നീടു അവിടെ ഒരു ചില്ലറ പിരളിതന്നെയാണ്. ചില മന്ദഹാസങ്ങളും പൂരികം വെട്ടിക്കലും, ചിമിട്ടും തകൃതിതന്നെ. വിവാഹസിന്ധുവിലെ ശുദ്ധജലനാവികനാണു (fresh water sailor) ദല്ലാലമ്മാവൻ കൊണ്ടുവരുന്ന കാമുകനു എങ്കിൽ അമ്മായിഅമ്മയുടെ—യൗവ്വനം വിടാത്ത ആ അമ്മായിഅമ്മയുടെ—ഈ പിരളിപ്രയോഗത്തിൽ ഏറെക്കുറെ കറങ്ങിതന്നെ പോകും. സദ്യ ഉണ്ണാനും കാപ്പിസല്ക്കാരം ഏല്ക്കാനും, സൗകര്യം കിട്ടിയാൽ ഒന്നുമന്ത്രിക്കാനും പ്രത്യേകിച്ചു കച്ചകെട്ടി അഭ്യസിച്ച ഒരു കൂട്ടം പ്രൊഫഷണൽസ് (അതായതു കലാവൈദഗ്ദ്ധ്യപ്രദർശനംകൊണ്ടു ഉപജീവനമാർഗ്ഗം തേടുന്നവർ) ഉണ്ട്. ഇവരോടു നമ്മുടെ യുവമാതാക്കൾ "പഠിച്ച പണി പതിനെട്ടും" ഒന്നു രണ്ടു 'അടവ്' എക്സ്ട്രായും കൂടി എടുത്താലും പററുകില്ല. ഏതൽപ്രവൃത്തികളിൽ ഉപരി അഭ്യസനം സിദ്ധിച്ചിട്ടുള്ള ഈ രണ്ടാംകൂററുകാരുടെ വിദ്യുൽചലനമിഴികൾ, യൗവ്വനം മങ്ങാൻ തുടങ്ങിയ അമ്മായിഅമ്മയെ വിട്ടിട്ട് ഹാംലററു ശരിച്ചതുപോലെ കൂടുതൽ അകർഷണീയമായ മകളുടെ മൃദുമേനി ആരാഞ്ഞു്, ഓടിനടക്കുന്നു. യൗവ്വനം ആകെ നശിക്കാത്ത ഗൃഹനായികകളുടെ കൂട്ടത്തിൽ ചില മിടുമിടുക്കത്തികൾ ഉണ്ട്. ഭാഗ്യവശാൽ ഇക്കൂട്ടരുമായാണു് നമ്മുടെ യുവസ്നേഹിതൻ ഇടയുന്നതെങ്കിൽ അവസാനം കണ്ടുതന്നെ അറിയണം. ഹരിപ്പാട്ടു സേവയ്ക്കും മുല്ലക്കൽ ചിറപ്പിനും മററുമുള്ള നാഗസ്വരക്കാരുടെ മത്സരം പോലെ ഇരുകൂട്ടരും പ്രയോഗങ്ങൾ തുടങ്ങും. ഇതെല്ലാം തട്ടിത്തിരിച്ചു്, ഒരാറുവർഷം കാപ്പികുടിയും സദ്യയും സ്വീകരിച്ചു്, അറുപതിൽ പരം ഉദ്യോഗസ്ഥപുത്രികൾക്കു പ്രണയാർത്തി നൽകി, ഒടുവിൽ ദാരിദ്ര്യത്തിൽ ലയിച്ചു്, ചാരിത്രം നശിച്ചു വൈരൂപ്യം വർദ്ധിച്ച ഒരുജോടി സഹോദരികളുടെ പ്രാണേശ്വരനായി പരിലസിക്കുവാൻ തക്ക മനഃസ്ഥിതിയുള്ള മുക്കുടിയന്മാരെയും ഈ കാമുകവൃന്ദത്തിൽ കാണാൻപ്രയാസം ഇല്ല. അമ്മായിഅമ്മമാരുടെ സഹകരണങ്ങൾ ഇതിനൊട്ടുണ്ടാകുന്നില്ലതാനും. ഈ ജാതി സാധാരണയിൽ നിന്നും വ്യത്യസ്തമായതുകൊണ്ടു് ഇവിടെ ചിന്താവിഷയമല്ല.

ഇങ്ങനെ നായികാനായകന്മാരും ദല്ലാലും ഭാര്യാർത്ഥിയും കൂടിയുള്ള മുഖവുരയ്ക്കുശേഷം കാര്യപരിപാടിയിലെ പ്രഥമവും പ്രധാനവുമായ വിഷയത്തിലേക്കു പ്രവേശിക്കുന്നു. ദല്ലാലിന്റെ നയകോവിദത്വംകൊണ്ടും ക്രാസ്സ് ചെയ്യുന്നതിനുള്ള സാമർത്ഥ്യംകൊണ്ടും മാതാപിതാക്കന്മാരിൽനിന്നും മകൾക്കുള്ളതും ഇല്ലാത്തതുമായ ഗുണഗണങ്ങളുടെ ക്രോഡീകരിക്കാത്ത ഒരു ലിസ്റ്റ് ഈ സമയംകൊണ്ടു കാമുകന്റെ മേശപ്പുറത്തു വന്നു കഴിഞ്ഞിരിക്കുന്നു. "അയ്യോ കരങ്ങന്മാരെന്തറിഞ്ഞുവിദ്യോ!" ഈ ലോകത്തിൽ സ്വർലോകസുഖം ചുമതല കൂടാതെ അനുഭവിക്കുന്നതിനു അവിവാഹിതനായിരിക്കാൻ തയ്യാറുണ്ടെങ്കിൽ മാത്രം മതിയാകുമെന്നു് ദൃഢനിശ്ചയമുള്ള ആക്ടിങ്ങ് മൊച്ചിക്കു പെണ്ണിന്റെ വീണവായനയോ, തയ്യൽസാമർത്ഥ്യമോ, കഥാകാലക്ഷേപപാടവമോ, പഠിപ്പോ, പട

വെട്ടോ വല്ലതും അന്വേഷിക്കേണ്ട കാൎയ്യമുണ്ടോ? "അമ്മു, എന്താ, കല്യാണമ്മാവൻ വന്നിട്ടു മൗനം ദീക്ഷിച്ചിരിക്കുന്നതു്. കാപ്പിയുമൊന്നുമില്ലേ?" എന്നു് ഏഴാംക്ലാസ്സുകാരുടെ അച്ചുസ്ഫടികമണിപ്രവാളഭാഷയിൽ അച്ഛൻ ചോദംചെയ്യുന്നു. ചില പഠിച്ച അച്ഛന്മാരുണ്ടു്. "എന്താ അമ്മു, അമ്മാവന്റെ കൂടിവന്ന ആളിനെകണ്ടപ്പോൾ കിഴവൻഅമ്മാവനെമറന്നു. സല്ക്കാരങ്ങൾ അസ്തമിച്ചു. ഇല്ലേ!" എന്നു് 'ഓടുന്ന പട്ടിക്കു് ആമുഴം കൂട്ടി' എന്ന മട്ടിൽ വല വിരുത്തു വീശും. ഇതുകേൾക്കുമ്പോൾ അമ്മുവിന്റെ മുഖം ആ മണ്ഡലത്തിൽ എങ്ങാനും ഉണ്ടെങ്കിൽ പെട്ടെന്നു മുകുളീകൃതമായി, തന്നെ സജ്ജനസമക്ഷം അപമാനിച്ച അച്ഛന്റെ നേരെ പരുഷഭാവത്തിൽ നീട്ടി, താടികൊണ്ടു ഇടത്തോട്ടു് ഒരു കാമാ(Comma)ചിഹ്നവും രേഖപ്പെടുത്തി, അസ്തമനത്തിനു വട്ടം കൂട്ടും. പെണ്ണിനെ തേടിവന്ന കാമുകനാകട്ടെ, താൻ ഭാൎയ്യ ആക്കുവാൻ ഉദ്ദേശിക്കുന്ന സ്ത്രീ അപരനിൽ വിശേഷിച്ചു് അപരിചിതനിൽ—ശ്രദ്ധ പതിപ്പിക്കുന്നതുചിതമല്ലെന്നു വേറെ അവസരങ്ങളിൽ വാദിച്ചേക്കുമെങ്കിലും ഇപ്പോൾ അമ്മു തന്നെ നോക്കി മതിമറന്നു നില്ക്കുന്നു എന്നുള്ള അവാസ്തവസൂചന തന്റെ ഭാവിശ്വശുരൻ എടുത്തു പറഞ്ഞതു കേട്ടപ്പോൾ ശ്രീമാൻ മൊച്ച അവർകൾ അയാളുടെ തത്വം മറന്നുപോയി. സ്തുതി വാസ്തവമായിരിക്കട്ടെ, കളവായിരിക്കട്ടെ, ആരെയും വശീകരിക്കും. എന്തു കുറവും ഇല്ലായ്മ ചെയ്യും. ഇതാണല്ലൊ ലോകസ്വഭാവം. അമ്മുവിനെ ശപിച്ചുള്ള ഗൃഹനായകന്റെ ഈ പദപ്രയോഗങ്ങളിൽ അടങ്ങിയിരിക്കുന്ന ഒരു പരസ്യമായ രഹസ്യം ഉണ്ടു്. കാപ്പിയും സൽക്കാരവും അമ്മാവനെ ഉദ്ദേശിച്ചു മാത്രമാണു്. 'കത്തിവച്ച' യുവകാമുകവേഷത്തെ മറന്നോ കളഞ്ഞു എന്നു് ഒരു ഭാവം. നോക്കണേ. ഇതാണു വിവാഹക്കളരിയിലെ കയ്ക്കണ്ട പയറ്റുകൾ. വൃദ്ധമാതുലന്റെ ക്ഷീണം പോക്കാനേ അല്ല കാപ്പി. ഈ സദുദ്ദേശത്തോടുകൂടി എന്നെങ്കിലും കാപ്പി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതു ഈ വൃദ്ധൻ ചെറുപ്പമായിരുന്ന മുപ്പത്തഞ്ചു് നാല്പതു് കൊല്ലങ്ങൾക്കു മുമ്പു് അദ്ദേഹം തന്നെ വിവാഹച്ചന്തയിലെ വിക്രയയോഗ്യമായ സാധനമായിരുന്ന ആ കാലത്തു മാത്രമായിരുന്നു. എന്നാൽ പിന്നെ ഈ കാപ്പിശ്രമങ്ങൾ എന്തിനാണു്? അമ്മുവിന്റെ പാദകമലവും മുഖകമലവും ഒന്നിച്ചു കാമുകനെ കാണിക്കുന്നതിനു അവസരം നൽകുന്ന ഒരു ചെറുതന്ത്രമാണതു്. അച്ഛൻ കൊടുത്ത ഈ സന്ദർഭത്തിനു എത്രയോ മുമ്പുതന്നെ അമ്മയുടെ പുറകിൽനിന്നും ഭുജങ്ങളുടെ ഇടയിൽ കൂടിയും ഒളിച്ചും പതുങ്ങിയും യുവാവിനാൽ കാണപ്പെടാതെയും കാണേണ്ട ആളിനെ അവൾ കണ്ടുകഴിഞ്ഞിരിക്കുന്നു അയാൾ അയാളുടെ കണ്ണുകൾകൊണ്ടു നടത്തിയ ചെപ്പടിവിദ്യകൾക്കിടയിൽ ഇവളെയും ഒരു കണ്ണു കണ്ടോ എന്നു് ഒരു സംശയം. അയാളുടെ സങ്കല്പക്കോട്ടയിൽ അധിവസിക്കുന്ന ആ കോമളഗാത്രിക്കു വേണ്ട മിക്ക ഗുണങ്ങളും ആ ഒററ നോട്ടത്തിൽതന്നെ അമ്മുവിൽ അവൻ കണ്ടിരിക്കുന്നു. അല്പം ഭേദമായിട്ടുള്ള യുവതികളുടെ ആട്ടം ചീത്ത പറച്ചിലും മാത്രമേ കഥാനായകൻ ഇതിനുമുമ്പു് ആസ്വദിച്ചിട്ടുള്ളൂ. സ്നേഹപാരവശ്യത്തോടുകൂടി അദ്ദേഹത്തെ നോക്കിയിട്ടുള്ളതു മത്സ്യഗന്ധികളും തുപ്പുകാരികളും മററുമാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ടു കുറേനാളുകൾക്കുള്ളിൽ പൂൎണ്ണസ്വാതന്ത്ര്യത്തോടെ "ആചന്ദ്രതാരമേ സന്തതിപ്രവേശമെ" വച്ചനുഭവിക്കുന്നതിനു തന്റെ ഒററ വാക്കുകൊണ്ടു കരഗതമാകാൻ പോകുന്ന ആ സങ്കല്പകോട്ടയിലെ സൗന്ദൎയ്യമങ്ക, തന്നെ ഒരു വിടനായിക്കരുതരുതെന്നുറച്ചു്, ഗാംഭീൎയ്യഭാവം കൈക്കൊള്ളുന്നു. പണ്ടു മലപ്പൊടിയുംകൊണ്ടുപോയ ഭൂസുരന്റേയും താറാമുട്ട വില്പാൻപോയ സുറിയാനിയുടേയും കഥപോലെ വിചാരം തുടങ്ങുന്നു:—ഇപ്പോൾ എന്റെ മുമ്പിൽ വരാൻമടിക്കുന്ന ഈ ധിക്കാരിപ്പെണ്ണു് ഒരു പതിനഞ്ചു ദിവസത്തിനകം എന്റെ ഈ ചൊറിപിടിച്ച കാൽ തടകുവാൻ അനുവാദം ചോദിച്ചു അടുക്കുമ്പോൾ ഞാൻ ഗൌരവത്തിൽ "ഛട്ടു്" എന്നു പറഞ്ഞു"—വിചാരം ഇവിടെ എത്തിയപ്പോൾ ആ "ഛട്ടു്" അറിയാതെ ഒന്നു പ്രത്യക്ഷരൂപത്തിൽ അഭിനയിച്ചുപോയി. യാവരും ഒന്നു നടുങ്ങി. കാമുകന്റെ മുഖം വിസ്മിതസ്വബോധത്താൽ വിളറി. സമൎത്ഥനായ അമ്മാവൻ ഇങ്ങനെ തുടങ്ങി. "നമ്മുടെ സാറിനു എപ്പോഴും ആലോചനയാണു്. അഗാധബുദ്ധി. ആലോചനയ്ക്കു ഇടയിൽ ഈച്ച പറക്കുന്നതുപോലും വെറുപ്പാണു്. പേപ്പർവായനയിൽ വലിയ ഭ്രമവുമുണ്ടു്. സ്വരാജ്യത്തേപ്പററി സദാ സ്വപ്നം കാണുകയാണു് അദ്ദേഹത്തിന്റെ തൊഴിൽതന്നെ. സൂക്ഷിച്ചുകൊള്ളണം അമ്മുക്കുട്ടി. കേട്ടോ." ഇതെല്ലാം വെറുംകള്ളത്തരമാണെന്നുനമുക്കറിയരുതോ. ഇയാളുടെജോലി മൊച്ചിവേല! അതും ആക്ലിങ്ങ്. സ്വപ്നം കാണുന്നതു് അയാൾക്കു ലഭ്യമല്ലാത്ത പെൺകിടാങ്ങളെയാണു്. ഈച്ച പറക്കുന്നതു ചൊറിയുടെ ബാധയുള്ളവൎക്കു് അഹിതമായിരിക്കാനല്ലേ തരമുള്ളൂ. എന്തായാലും ദല്ലാലമ്മാവൻ കൊടുത്ത സർട്ടിഫിക്കെററിൽ കയറി രക്ഷപ്രാപിക്കാമെന്നു കരുതി കൂടുതൽ ഗൗരവം നടിക്കാൻ തീർച്ചയാക്കി. കണ്ടവാറാഛരിഷ്ടം തനിക്കുമേതോപമമായിക്കരുതിയിരുന്ന ആ മരക്കാത്തിയുടെ തല്ലുകൊള്ളിക്കു ഗൌരവം അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നുപോലും നിശ്ചയവുമില്ലാ, ഇതിനുമുമ്പു് ഗൗരവം അഭിനയിക്കുന്നതിനു് ഒട്ടു റിഹേഴ്സലും നടത്തിയിട്ടില്ല. അദ്ദേഹം പൂൎവ്വാപരവിരുദ്ധങ്ങളായ വികാരങ്ങളിൽ കുടുങ്ങി കുഴങ്ങി. വിദ്യുജ്ജിഹ്വന്റെഗാംഭീൎയ്യാഭിനയംപോലെ അയാളുടെ വിരൂപവദനം ബീഭത്സമായി. ദുൎല്ലാസനന്റെരുധിരം എന്ന നില്പും നിലയും കാണുന്നതിനു് അമ്മുവും അവളുടെ അമ്മയും അവിടെ ഇല്ലാതിരുന്നതാണു് മഹാഭാഗ്യം. അടുക്കളത്തളത്തിലും അതിന്റെ പരിസരങ്ങളിലുമായി ഗൃഹനായിക അമ്മുവിന്റെ അനുജത്തിമാർ, ഭൃത്യർ, ചില അയൽവാസികൾ തുടങ്ങിയ പലരും ഒരുകൂട്ടം കൂടിനിന്നു് ബുൾപട്ടിയെപ്പോലെ മുരങ്ങുന്ന അമ്മുവിനെ സമാധാനപ്പെടുത്താൻ വളരെ ശ്രമിച്ചു. പ്രഥമദൃഷ്ടിയിൽ അനുരാഗം (love at first sight) ഉദിക്കുന്ന ആ ദൈവികാനുഗ്രഹത്തിന്റെ മറുവശമാണെന്നാവിടെക്കണ്ടതു്. അമ്മുവിന്റെദൃഷ്ടി യുവാവിൽ പതിഞ്ഞ ഉടനേതന്നെ സ്ത്രീകൾ പുരുഷനിൽ വെറുക്കുന്ന സകലതും അവൾ അവനിൽ കണ്ടുകഴിഞ്ഞു. അടുക്കളത്തളത്തിലെ സമതവാദികൾ എന്തുതന്നെ ശ്രമിച്ചിട്ടും അമ്മുവിന്റെ ശാഠ്യത്തിനും വെറുപ്പിനും യാതൊരു കുറവുമുണ്ടായില്ല. മന്ത്രോപദേശവും ദേഷ്യപ്പെടലും സാന്ത്വനവും പ്രസംഗവും ഒന്നുംതന്നെ അമ്മുവിന്റെ കണ്ണുകളിൽ ഏററതില്ല. ഒടുവിൽ അമ്മ ചെവിയിൽ എന്തോമന്ത്രിച്ചതിന്റെഫലമായി, "എന്തു വേണമെങ്കിലും ചെയ്യാം എത്ര പ്രാവശ്യമിതുകാണിച്ചു. എന്തുഫലമുണ്ടായി" എന്നുംമററും മഹാമനസ്സായി ആഗതൎക്കു് കാപ്പികൊണ്ടുപോയികൊടുക്കാമെന്നു സമ്മതിച്ചു. അമ്മു അന്നു തന്നെ തേടിവന്ന കാമുകനെ വെറുക്കുന്നെങ്കിലും ആ അരസികനിൽപോലും പ്രേമദൃഷ്ടി ഉദിപ്പിക്കുന്നതിനുള്ള സ്ത്രീസഹജമായ വൈരാഗ്യത്തോടെ കയ്കളിൽ കാപ്പിപലഹാരാദികളും മുഖത്തു ശൃംഗാരലജ്ജാഭാവരസങ്ങളും, അന്നനടയും സകലതും സകലതുമായി അച്ഛൻ മുതൽപേരുടെ സന്നിധിയിൽ എത്തി. ഈ സമയത്താണു് കളിയും കഴിഞ്ഞു് കൊച്ചനിയൻ രംഗപ്രവേശംചെയ്തതു്. ഒരു നോട്ടത്തിൽ അക്കന്റെ ഇപ്പോൾ സൎവസാധാരണമായിത്തീൎന്നിരിക്കുന്ന വലവീശുപ്രയോഗത്തിന്റെ ഈഘട്ടം മനസ്സിലായി. തന്റെ ഭാവിമച്ചിനനെ (അളിയനെ) ഒന്നു സൂക്ഷിച്ചുനോക്കിയതും എടേ, ചലിപ്പത്തിക്കുഞ്ചു, നീ എന്തിനെടേ ഇവിടെക്കേറി സീററു് പിടിച്ചിരിക്കുന്നതു് എന്നു് ചോദിച്ചതും 'ചലിപ്പത്തിക്കുഞ്ചു' എന്ന സംബോധനത്തിനു് അർഹനായ നമ്മുടെ കാമുകൻ കൈകഴുകാനെന്നവ്യാജേന പുറത്തുവന്നു", അമ്മുവിന്റെ ഭാഗ്യംകൊണ്ടു് അവിടെ നിന്നും റോഡിൽ ഇറങ്ങി ഇടത്തോട്ടും വലത്തോട്ടും ധൃതിയിൽ പുറകോട്ടും നോക്കിപാഞ്ഞു മറിയതും എല്ലാം ഒരുനിമിഷത്തിനുള്ളിൽ കഴിഞ്ഞു. നമ്മുടെ മൊച്ചിവരൻ റണ്ടു തന്റെ രാഗകലാവൈദഗ്ദ്ധ്യം പ്രദൎശിപ്പിച്ച ഒരവസരത്തിൽ ഒരു ചലിപ്പത്തിയിൽനിന്നും അവളുടെ വട്ടികൊണ്ടു് വാങ്ങിയ പ്രഹരത്തിന്റെ സ്മാരകമായി ആ പട്ടണവാസികളായ ചെറുപ്പക്കാർ അപ്പിച്ച സ്ഥാനപ്പേരാണു് "ചലിപ്പത്തി" എന്നുള്ളതു്. കുഞ്ചുഎന്നസ്വന്തം പേരോടുകൂടി ഘടിപ്പിച്ചുണ്ടായ ഒരു സ്ത്രീപുല്ലിംഗനാമമാണു് മുഴുവൻ പട്ടപ്പേരും. അമ്മുവിന്റെ സഹോദരൻ കൊച്ചനിയനും കൂട്ടരും സാധാരണയായി ഇവനെ അസഹ്യപ്പെടുത്തുന്നതിൽ പ്രത്യേകം സാമൎത്ഥ്യം പ്രദൎശിപ്പിച്ചുപോന്നിരുന്നു അതുകൊണ്ടാണു കാമുകൻ കൊച്ചനിയന്റെ മംഗളപത്രപ്രശ്നം കേട്ടഉടൻ ഉയിരുംകൊണ്ടു പമ്പകടന്നതു്. കുഞ്ചുവനെ ഫോട്ടോവിൽ കണ്ടാൽ ആൾ അത്ര വിരൂപനല്ല. അതുകൊണ്ടു മാത്രമാണു് ആദ്യം ദല്ലാലമ്മാവൻ ഫോട്ടോ കൊണ്ടുവന്നപ്പോൾ അമ്മു വലിയ അതൃപ്തികാണിക്കാഞ്ഞതു്. ഈ രഹ

(ശേഷം ഇരുപത്തിനാലാംപുറം)

ചെറുകഥാപംക്തി.

# 'വഴിയേപോയ വയ്യാവേലി.'

കോന്നിയൂർ കെ. മീനാക്ഷിഅമ്മ എം. എ.

ആത്മഹത്യയുടെ സന്മാർഗ്ഗവശങ്ങളെപ്പററി ഞാനും മാധവിയും തമ്മിൽ തീവ്രമായ വാദപ്രതിവാദം മിക്കപ്പോഴും നടക്കാറുണ്ട്. ആത്മഹത്യ ദൈവത്തോടുള്ള ഒരു മഹാപരാധമാണെന്നും, ഒരു മനുഷ്യൻെറ ജീവനെ അവനിൽനിന്നുതന്നെ രക്ഷിക്കേണ്ടതു ഒഴിച്ചുകൂടാൻപാടില്ലാത്ത കത്തവ്യമാണെന്നും ആണു് അവളുടെ അഭിപ്രായം. നേരേമറിച്ചു് ആത്മഹത്യചെയ്യണമെന്നു തോന്നിയാൽ, ഒരു വ്യക്തിക്കു് അതിനു പൂണ്ണാധികാരമുണ്ടെന്നും അതു തടയുവാൻ ആക്കും അവകാശമില്ലെന്നും മററുമായിരുന്നു എൻെറ വാദം. സ്വാഭിപ്രായസമത്ഥനയ്ക്കായി ഒരുദിവസത്തെ എൻെറ ഉൽബോധനം ഇങ്ങനെയായിരുന്നു.

"അതേ ആത്മഹത്യയെ തടയുന്നതു നിശ്ചയമായും, വ്യക്തിപരമായ മനുഷ്യാവകാശത്തിൽ ആവശ്യമില്ലാതെ കൈകടത്തുകയാണു്. ഒന്നു നോക്കുമ്പോൾ അതു ഒരുതരം അധികപ്രസംഗവുംകൂടിയാണു്. അവക്കുമാത്രം നിശ്ചയമുള്ള എന്തോ കാരണംമൂലം ദുസ്സഹമായി തോന്നിയ സ്വജീവിതത്തെ അവസാനിപ്പിച്ചു്, കഷ്ടപ്പാടുകളിൽനിന്നു മോചനംനേടാമെന്നു വിചാരിച്ചു് ആത്മഹത്യക്കു പുറപ്പെടുന്നവരെ അതിൽനിന്നും വിനിവത്തിപ്പിക്കുന്നതു, അക്ഷന്തവ്യമായ അപരാധംതന്നെ; സംശയമില്ല. നാമെന്തിനു് അറിഞ്ഞുംകൊണ്ടു നിശ്ചിതദുരിതത്തിലേക്കു് അവരെ വീണ്ടും വലിച്ചിടുന്നു." ഇതുകേട്ടു് മാധവിയുടെ മുഖം അല്പം തുടുത്തു. ആ മനോഹരാധരങ്ങൾ ചെററു വക്രിപ്പിച്ചുകൊണ്ടു അവൾ പറഞ്ഞു.

"കഷ്ടം! അങ്ങേയ്ക്കു മനുഷ്യജീവിതത്തെപ്പററി ഇത്രയെ ബഹുമാനമുള്ളല്ലോ ശ്രേഷ്ഠവും ദൈവദത്തവും ആയ ജീവൻ ഇത്ര നിസ്സാരമോ? ഈശ്വരനല്ലാതെ ആത്മാവിൻെറ ഹതിയിൽ മററാക്കും അധികാരമില്ല."

അവളുടെ നീരസത്തെ ഭയന്നു് ഞാൻ കൂടുതലായി ഒന്നും പറഞ്ഞില്ല. നൂററിനു തൊണ്ണൂറെറാൻപതുവിഷയങ്ങളിലും ഞങ്ങൾ ഭിന്നാഭിപ്രായക്കാരാണു്. എന്നാലും ഞങ്ങളുടെ മൈത്രിബന്ധത്തെ അതു തെല്ലും ബാധിച്ചിരുന്നില്ല.

ഈ കഥ നടക്കുന്നദിവസം രാത്രി, എട്ടു മണിക്കുശേഷം ഞാൻ മാധവിയുടെ വസതിയിൽനിന്നു, ദിർഘനേരത്തെ സൈരസല്ലാപത്തിനുശേഷം, എൻെറ വസതിയിലേക്കു പോകയായിരുന്നു. ഇടവപ്പാതിയുടെ സമൃദ്ധികൊണ്ടു് ആലുവാപ്പുഴ കരകവിഞ്ഞു് ഒഴുകുന്നു. അന്ധകാരത്തേയോ മഴയേയോ ഗണ്യമാക്കാതെ, മാധവിയുടെ സൌന്ദയ്യധോരണിയിൽ മനംമയങ്ങി പുഴയുടെ തീരത്തുകൂടി ഞാൻ നടക്കയായിരുന്നു. കയ്യിൽ ഒരു "ടൈക്കുവിളക്കു"ണ്ടായിരുന്നതിൻെറ സഹായംകൊണ്ടു് ഒരുവിധം വഴിയറിഞ്ഞു പോകവേ, അടുത്തുള്ള പാറക്കെട്ടിൽനിന്നും ആരോ ഒരാൾ നദിപ്രവാഹത്തിലേക്കു കുതിച്ചുചാടുന്നതു ഞാൻ കാണുന്നതിനിടയായി. പരിഭ്രമിച്ചു് ഞാൻ ഓടി അടുത്തപ്പോഴേയ്ക്കും അയാൾ ഒന്നു മുങ്ങി, പൊങ്ങി, വീണ്ടും മുങ്ങിക്കഴിഞ്ഞു.

പെട്ടെന്നുള്ള സംഭ്രമത്തിൽ മറെറാന്നും വിചാരിക്കാതെ, കഴിയുന്നതും വേഗത്തിൽ, എൻെറ ഷർട്ടൂരിക്കളഞ്ഞു്, അയാളുടെ ജീവരക്ഷയ്ക്കായി ഞാനും പുഴയിലേക്കു ചാടി. മുങ്ങിയ ആ മനുഷ്യൻ വീണ്ടും പൊങ്ങുന്നതിനു് അല്പം താമസം വേണ്ടിവന്നു. അയാൾ പൊങ്ങിയതും ഞാൻ കടന്നു അയാളുടെ നീട്ടിയ കരം പിടിച്ചതും ഒരുമിച്ചായിരുന്നു. ആ ബലിഷ്ഠകായനെ വളരെ ശ്രമപ്പെട്ടാണു് ഞാൻ കരയ്ക്കുകൂട്ടപ്പിച്ചതു്. അയാൾക്കപ്പോൾ സ്വബോധം ഉണ്ടായിരുന്നില്ല. ഏകദേശം അവസാനം അടുത്തതുപോലെയും കാണപ്പെട്ടു. ഒരു എം. ബി. വിദ്യാത്ഥിയായ എനിക്കു പെട്ടെന്നു ചെയ്യേണ്ട 'പ്രഥമശുശ്രൂഷ' എന്തെന്നു നിശ്ചയമുണ്ടായിരുന്നതുകൊണ്ടു കുറേസമയത്തിനുശേഷം അയാൾ സാവധാനം കണ്ണുതുറന്നു. ഒരു വിഷമിച്ച നീണ്ട നിശ്വാസവും മുക്തമാക്കി. ഇതു കണ്ടു സന്തോഷത്തോടുകൂടി ഞാനെൻെറ ശുശ്രൂഷകൾക്കു ചുറുക്കുകൂട്ടി അല്പംകൂടെ കഴിഞ്ഞപ്പോൾ അയാൾ മന്ദം മന്ദം നിവന്നിരുന്നു. അഹങ്കാരവും പ്രതിഷേധവും അതൃപ്തിയും കുറിക്കുന്ന നോട്ടം എൻെറ നേക്കയച്ചുകൊണ്ടു കക്കശസ്വരത്തിൽ "സാറെ! നിങ്ങളാണോ എൻെറ സ്വച്ഛന്ദമായ പ്രവൃത്തിയിൽ ഇപ്രകാരം അക്ഷന്തവ്യമായ അധികാരം പ്രയോഗിച്ചതു്? എൻെറ സ്വന്തകാര്യങ്ങളിൽ ഇങ്ങനെ ദുസ്സ്വാതന്ത്ര്യം കാണിക്കാൻ നിങ്ങൾക്കെന്തുകാര്യം? എന്നു ചോദിച്ചു

അയാളുടെ വാചകരീതിയും ഭാഷയും സംസ്കാരത്തേയും കുലീനതയേയും വെളിവാക്കി. അയാൾക്കു കുറഞ്ഞതു നാല്പത്തിരണ്ടു വയസ്സു മതിയ്ക്കാം. അന്തസ്സും ഗൌരവവും സ്ഫുരിയ്ക്കുന്ന ഒരു കോമളമുഖമായിരുന്നു അയാളുടേതു്.

അത്ഭുതവികാരങ്ങളോടെ ഞാൻ മറുപടിപറഞ്ഞു. "ആ കയത്തിൽനിന്നും നിങ്ങളെ കരകയററിയതിനെപ്പററിയാണു നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ ഞാനാണു് ആ തെററുചെയ്തതു്."

അയാൾ വീണ്ടും പറഞ്ഞു. "ആ കയത്തിൽ നിന്നും എന്നെ രക്ഷിക്കാൻ നിങ്ങളോടു് ആരാവശ്യപ്പെട്ടു? ആരാണു് അതിനുള്ള അധികാരം നിങ്ങൾക്കുതന്നതു?" ഇപ്പോഴേക്കു് അയാൾ നല്ലതുപോലെ നിവന്നിരുന്നു് തുമ്മിക്കുന്നതിനും തുമ്മുന്നതിനും തുടങ്ങി.

ഞാൻ പറഞ്ഞു. "അതിനെപ്പററി നമുക്കു പിന്നീടുപറയാം. ഇപ്പോൾ നിങ്ങൾ എൻെറകൂടെ വരിക. ഇവിടെ അടുത്തുതന്നെയാണു് എൻെറ താമസം പെട്ടെന്നു വസ്ത്രങ്ങൾമാററിയില്ലെങ്കിൽ നിങ്ങൾക്കു തണുപ്പുബാധിച്ചേക്കും. ഇപ്പോൾതന്നെ നിങ്ങൾ 'കിടുകിടാ' വിറയ്ക്കുന്നുണ്ടല്ലോ."

ഞാനെൻെറ കൈകൾ അയാൾക്കു താങ്ങി എഴുനേൽക്കുന്നതിനായി നീട്ടിക്കൊടുത്തു. അയാൾ അല്പം വിഷമത്തോടെ എഴുനേററു ബലമായി എന്നിൽ ചാഞ്ഞുകൊണ്ടു യാതൊന്നും പറയാതെ നടന്നുതുടങ്ങി.

ഗൃഹത്തിൽ എത്തിയപ്പോഴേയ്ക്കും ക്ഷീണംകൊണ്ടു അയാൾ വീണ്ടും ബോധശൂന്യനായി. ശക്തി ഉളവാക്കുന്ന ഒരു മരുന്നു കൊടുത്തു, വേഗം വസ്ത്രങ്ങൾമാററി അയാളെ എൻെറ സോഫായിൽ തന്നെ കിടത്തി- ചൂടുള്ള കുറെപാൽമാത്രം കൊടുത്തിട്ടു വിശ്രമിച്ചുകൊള്ളുവാൻ പറഞ്ഞു. അചിരേണ അയാളുടെ കൂക്കംവലിയുംകേട്ടുതുടങ്ങി. അന്നു രാത്രിമുഴുവനും "ക്യാൻവസു് ചെയറി"ൽ വളഞ്ഞുകിടന്നു ഞാൻ ബുദ്ധിമുട്ടേണ്ടിവന്നു.

വാതായനത്തിൽകൂടി മുഖത്തുതന്നെ വന്നടിച്ച പ്രഭാതസൂയ്യൻെറ പ്രസന്നകിരണങ്ങളാണു് എന്നെ ഉണത്തിയതു. തലേരാത്രിയിലുണ്ടായ വിചിത്രസംഭവങ്ങൾ എൻെറ സ്മൃതിപഥത്തിലേക്കു തള്ളിക്കയറി. ആഫീസുമുറിയിലേക്കു നോക്കിയപ്പോൾ, കണ്ണാടിയുടെ മുൻപിൽ നിന്നുകൊണ്ടു തലമുടി ചീകിഒതുക്കുന്ന ആ ദീർഘകായനെയാണു കണ്ടതു് എൻെറ ഒന്നാംതരം പോപ്ളിൻ ഷർട്ടും മൽമൽമുണ്ടും മധുരതുപ്പട്ടാവും ധരിച്ചു സരസനായി ചെറുസ്മിതം തൂകിക്കൊണ്ടു അയാൾ പറഞ്ഞു

"ക്ഷമിക്കണം. ആ പെട്ടിൽകിടന്ന മുണ്ടും ഷർട്ടുമെല്ലാം അനുവാദംകൂടാതെതന്നെയെടുത്തു ധരിച്ചു. രാവിലെ അല്പം നടക്കുന്നപതിവുണ്ടു്. പുറത്തൊന്നിറങ്ങിയിട്ടുവരാം. അപ്പോഴേയ്ക്കു നിങ്ങളും പല്ലുതേച്ചു് തയാറാകണം ഞാനുത്തരം പറയുന്നതിനുമുൻപുതന്നെ എൻെറ വടിയുമായി അയാൾ പടികടന്നുകഴിഞ്ഞു.

ആ വീട്ടിൽ ഞാനും എൻെറ വിശ്വസ്തഭൃത്യൻ നാണുവും മാത്രമെ ഉണ്ടായിരുന്നൊള്ളു. പുതിയ അതിഥിയ്ക്കുകൂടി കാപ്പിതയാറാക്കണമെന്നു പറഞ്ഞിട്ടു ഞാൻ നിത്യകർമ്മങ്ങൾക്കായി പോയി. മണി എട്ടായതോടുകൂടി ഞങ്ങൾ രണ്ടാളും കാപ്പികഴിക്കാനായി ഇരുന്നു.

ഞാൻ—"നിങ്ങൾ ഇപ്പോൾ എവിടെയാണെന്നും മററുമുള്ള വിവരം നിങ്ങളുടെആളുകളെ അറിയിക്കണ്ടേ. മേൽവിലാസം പറഞ്ഞാൽ കമ്പിയടിക്കാൻ ഏപ്പാടുചെയ്യാം."

"വളരെ ഉപകാരം" മൂന്നാമത്തെപ്രാവശ്യം കപ്പിൽ കാപ്പിനിറച്ചുകൊണ്ടു അയാൾ പറഞ്ഞു. "പക്ഷെ എനിക്കു സ്വന്തമായി ലോകത്തിൽആരുമില്ല കാപ്പികുടികഴിഞ്ഞു ചില പ്രധാനസംഗതികളെപ്പററി നിങ്ങളോടു പറയാനുണ്ടു്!

ഞാൻ—ഇപ്പോഠംതന്നെ പറയാമല്ലോ. കഴിക്കയും കേഠംക്കയും ഒരുമിച്ചു ചെയ്യാൻ എനിക്കു സാധിക്കും."

അതിഥി—"ആ റൊട്ടി ഇങ്ങോട്ടു ഒന്നു നീക്കിയേക്കണം. എനിക്കു വെണ്ണ പുരട്ടിയ റൊട്ടി പണ്ടേഇഷ്ടമാണ്. കാപ്പി ഒരു കപ്പുകൂടി കുടിച്ചുകളയാം" നാണുവിനെ വിളിച്ചു കാപ്പി കുറേക്കൂടികൊണ്ടുവരുവാൻ ഞാൻ ആജ്ഞാപിച്ചു. രണ്ടാമതു കൊണ്ടുവന്നകാപ്പി അല്പാല്പം കുടിച്ചുകൊണ്ടു അയാഠം തുടൎന്നു.

"ഞാൻ പറയാൻഉദ്ദേശിക്കുന്നതു മറെറാന്നുമല്ല. എൻെറ ദുരിതജീവിതത്തോടു യാത്രപറഞ്ഞു ഞാനതിനെ അവസാനിപ്പിച്ചെന്നായപ്പോഴാണ് നിങ്ങഠം ഇടയ്ക്കുചാടി എന്നെ അതിലേക്കുതന്നെ തിരിച്ചു വലിച്ചിട്ടിരിക്കുന്നതു്. ഇനിയും നിങ്ങഠം എന്നെ സംബന്ധിച്ചിടത്തോളം എന്തുചെയ്യാൻ വിചാരിക്കുന്നു."

ഞാൻ 'നിങ്ങളെ എന്തുചെയ്യാനെന്നോ?' എന്നു അത്ഭുതത്തോടുചോദിച്ചു.

"അതേ. എന്തുചെയ്യാനെന്നുതന്നെ." ഒരു വലിയ കപ്പപ്പഴം എടുത്തു തൊലിച്ചുകൊണ്ടു് അയാഠം വീണ്ടും പറഞ്ഞു. "എനിക്കു, ഞാൻ മുൻപ് പറഞ്ഞതുപോലെ ലോകത്തു് സ്വന്തമായി ആരുമില്ല. അട്ടത്തമുറിയിൽ അഴുക്കായിക്കിടക്കുന്ന ആ ഒററമുണ്ടല്ലാതെ യാതൊരു സമ്പാദ്യവും ഇല്ല. യാതൊരു വകയും. ഇതിനെല്ലാം കാരണക്കാരൻ നിങ്ങളാണ്. ഇന്നലെ രാത്രി എനിക്കു പ്രപഞ്ചത്തോടുള്ള ബന്ധങ്ങളെല്ലാം അവസാനിപ്പിച്ചു, ശാന്തമായും സന്തോഷമായും, ജീവിതത്തോടു് യാത്രപറഞ്ഞു് എൻെറ നിത്യദുരിതത്തിൻ അന്തം വരുത്താനായി—അതേ, എന്നെന്നേയ്ക്കുമായി അതവസാനിപ്പിക്കുന്നതിനു ഞാൻ മുതിരുകയായിരുന്നു. അപ്പോഴാണ് നിങ്ങഠംവന്നു് എന്നെ ഈ സംസാരവലയിലേക്കു വീണ്ടും പിടിച്ചുതള്ളിയതു്. അതുകൊണ്ടു നിങ്ങഠം എന്നെ എന്തുചെയ്യാൻ പോകുന്നു' എന്നു് വീണ്ടും ചോദിക്കുന്നു."

ഞാനെൻെറ കസാലയിലേക്കു ചാഞ്ഞു് സംഭാഷണത്തിൻെറ ഇടയിലും മുറയ്ക്കു പലഹാരങ്ങഠം വിഴുങ്ങുന്ന ആ അതികായനെത്തന്നെ നോക്കിക്കൊണ്ടു ഒന്നും പറയാതെ ഇരുന്നു അയാഠം തുടൎന്നു.

"എൻെറ ഉയൎത്തെഴുന്നേല്പിനു നിങ്ങളാണ് ഉത്തരവാദി. ഇനിയുമുള്ള എൻെറ ജീവിതത്തിനു നിങ്ങഠംതന്നെ ചുമതലക്കാരൻ. ഒരുകണക്കിനു് നോക്കിയാൽ, പ്രായം കുറവാണെങ്കിലും നിങ്ങഠംതന്നെ എൻെറ അച്ഛൻ. അതുപോകട്ടെ. നിങ്ങഠം പുകവലിക്കയില്ലെ ഞാനൊരു വലിയ 'സ്മോക്കർ' ആണ്. ഇവിടെ അടുത്തു കടയുണ്ടെങ്കിൽ, നാണു ഒന്നോടിയിട്ടുവരട്ടെ. ധൃതിപ്പെടുത്തണ്ടാ പതുക്കെമതി. അതെന്തുപേപ്പറാണ്. മലയാളമോ?, ശ്ശേ. ഇതുപോരാ. അയ്യേ! നിങ്ങഠം 'ഹിൻഡു' വരുത്തുന്നില്ലേ. 'ന്യൂസ്' ശരിയായി അറിയണമെങ്കിൽ ഇംഗ്ലീഷ്പേപ്പർതന്നെ വായിക്കണം നാളത്തന്നെ ഹിൻഡുവിനെഴുതണം. കേട്ടോ. എനിക്കതു വളരെ അത്യാവശ്യമാണ്. ഒരുദിവസം ഹിൻഡുവായിച്ചില്ലെങ്കിൽ അന്നുറക്കം വരില്ല. ശീലിച്ചതു മാററാൻ വലിയ പ്രയാസം.

ഇത്ര പണച്ചിലവുള്ള ഒരു വൎത്തമാനക്കടലാസ്സു വരുത്തുവാൻ എനിക്കു പണമില്ലെന്നുമാത്രം ഞാൻ മറുപടി പറഞ്ഞു. പിന്നീടുണ്ടായ സംഭാഷണത്തിൽനിന്നും അയാളുടെ പേരു കണ്ടൻമേനവൻ എന്നായിരുന്നു എന്നും ഇന്നത്തെ പരിഷ്കാരത്തിനു യോജിച്ചതല്ലെന്നു് ആ പേരിനെപ്പററി അയാഠംക്കു പണ്ടേ ആക്ഷേപമുണ്ടായിരുന്നു എന്നും ഏതായാലും ഇപ്പോഠം പുനൎജീവിച്ചു് ഒരു പുതിയ മനുഷ്യനായി, പുതിയപരിസരങ്ങളിൽ ജീവിയ്ക്കുന്നതുകൊണ്ടു് കെ. എം. മങ്ക്യത്തു് എന്നു് പേരുമാററാൻ വിചാരിക്കുന്നതായും ഞാൻ മനസ്സിലാക്കി. ഞാൻ വെറും അനാസ്ഥയോടെ മൗനമായിരുന്നു ഇതെല്ലാം കേട്ടു.

അയാഠം വീണ്ടും ഇങ്ങനെ തുടൎന്നു. "എന്താ മിസ്റ്റർ മിണ്ടാതിരിക്കുന്നതു്. ആ കപ്പാടെ മുഷിവുതോന്നുന്നുവോ. വിഷമിക്കേണ്ട. ഞാൻ എൻെറ വീടുപോലെ ഒക്കെ വിചാരിച്ചു പെരുമാറിക്കൊള്ളാം."

ഞാൻ ആലുവാ ഹോസ്പിററലിൽപോയി എന്നും രണ്ടുമണിക്കൂർ കഴിയ്ക്കുമെന്നും. അതിലേക്കു ഡ്രസ്സ് ചെയ്തിറങ്ങി. എൻെറ അപൂൎവ്വ അതിഥിയോടു് ഞാൻ ചോദിച്ചു. "നിങ്ങഠം വരുന്നുണ്ടോ ഞാൻ ടൌണിലേക്കു പോകയാണ്" അയാഠം പറഞ്ഞു "എനിക്കു നടക്കാൻ നല്ല സുഖം തോന്നുന്നില്ല നിങ്ങളുടെ ഈ ചെറുവീട്ടിലെ സുഖജീവിതം കുറച്ചുകൂടി അനുഭവിച്ചുകൊള്ളട്ടെ."

ഞാൻ. "ഓഹോ. അങ്ങിനെയാവട്ടെ ഇഷ്ടമുള്ളപ്പോഠം പോയാൽമതി. പക്ഷെ ഒരുകാൎയ്യം മറന്നുപോകരുതു്. പോകുമ്പോഠം കതകു പൂട്ടി താക്കോൽ ആ പടിയിൽവച്ചിട്ടു പോകണം."

ഒരു അൎത്ഥവത്തായ മന്ദസ്മിതത്തോടുകൂടി അയാഠം തലയാട്ടി. പക്ഷേ, നമ്മുടെ രക്തമൂററിക്കുടിക്കാൻ വരുന്ന കൊതുകിൻെറ സ്മേരമായിരുന്നിരിക്കണമതു്.

ഞാൻ തിരിച്ചെത്തിയപ്പോഠം സമയം ഏകാദശം രണ്ടുമണി കഴിഞ്ഞിരുന്നു. എൻെറ ചെറുവീട്ടിൻെറ പൂമുഖത്തു ഒരു ചാരുകസാലയിൽ സാനന്ദം പേപ്പറുംവായിച്ചു വിശ്രമിക്കുന്നുണ്ടായിരുന്നു എൻെറ അതിഥി. ഞാൻ ചെന്നുകയറിയപ്പോഠം അയാഠം സന്തോഷത്തോടെ എനിക്കു സ്വാഗതമരുളി. ആ സ്വരത്തിൽനിന്നും, അയാഠം വീട്ടുകാരനും, ഞാൻ വെറും അതിഥിയും എന്നു എനിക്കു പെട്ടെന്നു തോന്നിപ്പോയി.

അയാഠം - മി. നായർ ഇന്നു നിങ്ങഠംക്കു മദ്രാസിൽനിന്നും രണ്ടു ലക്കോട്ടുവന്നിട്ടുണ്ടു്. ആ മേശപ്പുറത്തു് ഇരിക്കുന്നു. ഇടയ്ക്കൊന്നു പറഞ്ഞുകൊള്ളട്ടെ. ഈ നാണുവിനെ നിങ്ങഠംക്കെവിടുന്നുകിട്ടി. ഒന്നിനുംകൊള്ളാത്ത 'ഫൂഠം' 'ഗോഠംഡ് ഫ്ളേക്ക്' സിഗററു കൊണ്ടുവരാൻപറഞ്ഞിട്ടു ആ തിരുമണ്ടൻ വെറും പാതാണികഠംവലിക്കുന്ന "സൺഫ്ളവർ"വാങ്ങിക്കൊണ്ടു വന്നിരിക്കുന്നു. അതുകൊണ്ടു ഞാൻ ഇന്നു ഒരു പുതിയ അരിവെയ്പുകാരനെ ഏൎപ്പെടുത്തി. നല്ല മിടുക്കൻ. പക്ഷെ അവനു ശമ്പളംമാത്രം അല്പം കൂടുതൽ കൊടുക്കണമെന്നേ ഉള്ളു."

ഞാൻ - (അത്ഭുതസ്വരത്തിൽ) "വളരെ ഭംഗിയായി. പക്ഷെ നാണുവിൻെറ മിടുക്ക് എൻെറആവശ്യത്തിനു ധാരാളംമതി."

അതിഥി—"നാം ഇപ്പോഠം രണ്ടുപേരില്ലേ. മററവൻകൂടിയുള്ളതു കൊള്ളാം."

ഞാൻ—"ആരുപറഞ്ഞു രണ്ടുപേരുണ്ടെന്നു് നിങ്ങഠം ഇന്നുതന്നെ പോകുമല്ലോ-അഥവാ പോകണമല്ലോ."

കയ്യെടുത്തു തടഞ്ഞുകൊണ്ടു അയാഠംപറഞ്ഞു. "ഇതാണല്ലോ മി. നായർ. നിങ്ങഠം ഏററവും പ്രധാനമായ ഒരുകാൎയ്യം മനഃപൂൎവ്വം വിസ്മരിച്ചുകളയുന്നു. ഞാൻ മുൻപു പറഞ്ഞതുപോലെ, നിങ്ങഠം ഇടയ്ക്കുവന്നു ചാടിയില്ലായിരുന്നു എങ്കിൽ ഞാൻ ഇതിനെത്രയോമുൻപു ആ ആനന്ദമയമായ വിസ്മൃതിയിൽ ലയിയ്ക്കുമായിരുന്നു. നിങ്ങഠം ആ രാത്രിവന്നു വേണ്ടാത്തതു പ്രവൎത്തിച്ചില്ലായിരുന്നെങ്കിൽ എൻെറ ഭാരജീവിതം ഇപ്പോഴേയ്ക്കു ശാന്തമായ ആലുവാപ്പുഴയുടെ അടിത്തട്ടിൽ വിശ്രമിക്കുമായിരുന്നു അതിനുപകരം നങ്ങഠം, നിങ്ങഠംക്കുതന്നെ എന്തു് വൈഷമ്യം ഉണ്ടാക്കിവച്ചിരിക്കുന്നു. 'വഴിയേപോയ വയ്യാവേലി' പിടിച്ചു തലയിൽവയ്ക്കുകയല്ലേ ചെയ്തതു്" മേലിൽ എൻെറ ജീവിതഭാരം എനിക്കല്ല. അതു നിങ്ങഠംതന്നെ ചുമക്കണം നമ്മുടെജീവിതം ദൃഢമായി ബന്ധിക്കപ്പെട്ടുപോയി."

നിരസത്തോടെ ഞാൻപറഞ്ഞു. "മി. മേനോൻ!"

അതിഥി—"ദയവുചെയ്തു 'മങ്ക്യത്ത്' എന്നു തിരുത്തണം."

ഞാൻ—ഓ. നശിച്ചപാടുതന്നെ. മങ്ക്യത്തോ, ഏപ്പനേത്തോ എന്തെങ്കിലുമാകട്ടെ. ഒരുകാൎയ്യം ഞാൻ വ്യക്തമായി പറഞ്ഞുകൊള്ളുന്നു. നിങ്ങഠം വിചാരിക്കുന്നതുപോലെ നിങ്ങളുടെ ജീവിതത്തിനു ഞാൻ ഉത്തരവാദിയല്ല. നമ്മുടെ ജീവിതംതമ്മിൽ ബന്ധിക്കാനും ഞാൻ വിചാരിക്കുന്നില്ല. തൽക്കാലം വേണമെങ്കിൽ ഇവിടെ രണ്ടുദിവസംകൂടി താമസിച്ചുകൊള്ളണം."

"എനിയ്ക്കു നിങ്ങഠംപറയുന്നതുകേട്ടിട്ടു അത്ഭുതംതോന്നുന്നു" അയാഠം ക്ഷമയോടെ പറഞ്ഞു. "അതിരിക്കട്ടെ. ഞാൻ ഏൎപ്പെടുത്തിയ വയ്പുകാരൻ അഞ്ചുമണിയ്ക്കു കാപ്പിയും കട്ലററും തയാറാക്കും. കയ്യും കാലുംകഴുകി കാപ്പികുടിയ്ക്കാമല്ലോ."

എനിക്കു കോപം സഹിക്കാൻപാടില്ലാതെ ആയി. പക്ഷെ, അയാഠം സൌഹാൎദ്ദന കേതനമായിരുന്നു. ഞാൻ ഒടുവിൽ ചോദിച്ചു- "മിസ്റ്റർ. എനിക്കു ഒരു സംശയംതോന്നുന്നു. ഈ വീട്ടുടമസ്ഥൻ നിങ്ങളും ഞാൻ അതിഥിയുമാണോ." പരമാൎത്ഥത്തിൽ അതിനെപ്പററി ഞാൻ ബലമായി ശങ്കിച്ചുതുടങ്ങിയിരുന്നു. മറുപടി ഒന്നുംപറയാതെ അയാഠം എൻെറ ആഫീസുമുറിയിലേക്കു കടന്നുപോയി. അയാഠം അതു അയാളുടെ കിടക്കമുറിയാക്കി മാററിയിരുന്നു. ഞാൻ പുറകെ ആമുറിയിലേക്കു കടന്നുചെന്നു തുറന്ന ഒരു ചിരിയോടുകൂടി അയാഠം പറഞ്ഞു:—"നോക്കണം മി: നായർ.

(ശേഷം 21-ാം പേജിൽ)



പലേ ഉയരത്തിൽ മൂന്നു തട്ടുകളോടുകൂടി ആറായിരം അടി ഉയരമുള്ള ഒരു ഗോപുരം തീർക്കാൻ ഒരു ഫ്രഞ്ചു് ഇഞ്ചിനിയർ ഒരു പ്ലാൻ നിർദ്ദേശിക്കുന്നു ആക്രമിക്കുന്ന വിമാനങ്ങളെ എതിർക്കാൻ നിലത്തുനിന്നു വിമാനങ്ങൾ പൊങ്ങി വരുന്നതിനുള്ള താമസവും പ്രയാസവും നിവാരണം ചെയ്യുന്നതിനു വേണ്ടി ഗോപുരത്തിന്റെ ഓരോ തട്ടുകളിൽനിന്നു വിമാനങ്ങൾക്കു പുറപ്പെടുവാൻ കഴിയുമെന്നാണദ്ദേഹം പറയുന്നതു്. നാനാവശങ്ങളിലേക്കും വെടിവെക്കാവുന്ന മുന്നൂറോളം തോക്കുകളും ഈ ഗോപുരത്തിന്റെ പല ഭാഗങ്ങളിലായി സ്ഥാപിക്കാവുന്നതാണത്രേ.

* * *

പുതിയ ഉടമ്പടിയനുസരിച്ചു വാങ്ങിക്കുവാൻ ബാദ്ധ്യസ്ഥതയുള്ള പത്തുലക്ഷത്തിൽ പരംകെട്ടു പഞ്ഞി ഇന്ത്യയിൽനിന്നു ജപ്പാൻ വാങ്ങിക്കഴിഞ്ഞിരിക്കുന്നു എങ്കിലും ജപ്പാനു അനുവാദമുള്ള ഇരുപതുകോടി ചതുരശ്രവാര ജവുളി സെപ്തംബർ തീരുംമുമ്പു ഇന്ത്യയിൽ ഇറക്കുവാൻ ജപ്പാനു കഴിയുന്നതല്ലെന്നു പ്രസ്താവിക്കപ്പെടുന്നു.

* * *

അലാസ്കായിലെ നോം എന്ന പട്ടണം വെന്തുപോയി. പത്തുലക്ഷം ഡാളറോളം നഷ്ടമുണ്ടെന്നറിയുന്നു. രണ്ടു എസ്കിമോ ജാതിക്കാർ മരിച്ചു. വെള്ളക്കാരിൽ പലർക്കും പൊള്ളലേററു. 400 പേർക്കു വീടില്ലാതായിരിക്കുന്നു.

* * *

എട്ടുവയസ്സിനുമേൽ പ്രായമുള്ള വിദ്യാർത്ഥികളെല്ലാം സൈനികപരിശീലനം ചെയ്യണമെന്നു മുസ്സോളിനി നിശ്ചയിച്ചിരിക്കുന്നു. ബഹുജനങ്ങൾക്കും, ഡിപ്ലോമാററുകൾക്കും മററും ഇററലിയിൽ സൈനികസാമർത്ഥ്യം അത്യാവശ്യമാണെന്നാണു വന്നിരിക്കുന്നതു്.

* * *


വ്യാജമായി സ്വിററ്സർലണ്ടിൽകൂടി ബാംബുകടത്താൻ ശ്രമിച്ചതിനെപ്പററി ജർമ്മൻഗവർമ്മെന്റു ക്ഷമായാചനംചെയ്യുന്നു. വ്യാജവ്യാപാരികളെ ശിക്ഷിക്കുന്നതാണെന്നു ബാരൺ ന്യൂറാത്തു പറയുന്നു. അങ്ങനെ ഈ സംഗതി അവസാനിച്ചതായി സ്വിററ്സർലണ്ടിലെ ഗവർമ്മെന്റും വിചാരിക്കുന്നു.

* * *

## റാസ്പുട്ടിൻ അപകീർത്തിക്കേസ്സ്.



"റാസ്പുട്ടിൻ എന്ന ഭ്രാന്തസന്യാസി" എന്ന ചലനചിത്രത്തിൽ തനിക്കു അപകീർത്തികരമായ ചില ഭാഗങ്ങളുണ്ടെന്നും അതിനു നഷ്ടപരിഹാരാർത്ഥം ഒരു വമ്പിച്ചതുക അനുവദിച്ചുകിട്ടണമെന്നും പ്രസിദ്ധ ചലച്ചിത്രനിർമ്മാതാക്കളായ മെട്രോഗോൾഡ്വിൻ മെയർകമ്പനിയെ പ്രതിയാക്കി റഷ്യാക്കാരിയായ യൂസ്സപ്പോഫ്‌രാജകുമാരി ഒരു കേസ്സു കൊടുക്കുകയും കഴിഞ്ഞ മാർച്ച്മാസത്തിൽ രാജകുമാരിക്കു 25000 പവൻ അനുവദിച്ചു കിട്ടുകയുംഉണ്ടായല്ലൊ. യൂസ്സപോഫ്‌രാജകുമാരിയാണു വലതുവശത്തു കാണപ്പെടുന്നതു്. കോടതിച്ചിലവുവകയിലും രാജകുമാരിക്കു ഒരു വലിയതുക ലഭിക്കുകയുണ്ടായി. കമ്പനി അപ്പീൽബോധിപ്പിച്ചു എങ്കിലും ഒടുവിൽ ഇരുകൂട്ടരും ചേർന്നു രാജിയുണ്ടായി.



ജപ്പാനിലെ പുതിയ മന്ത്രി.

രാജിവച്ച പ്രീമിയർ മൊക്കൊറോ സെയിറോയുടെ പകരം ജപ്പാനിലെ പ്രധാനമന്ത്രിയായി നിയമിതനായ 'അഡ്മിറൽ ഒക്കാഡാ'

* * *

ആസ്ട്രേലിയൻ ഫെഡറൽനിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ലയൺസിന്റെ നേതൃത്വത്തിലുള്ള യുണൈറഡ് ആസ്ട്രേലിയാ പാർട്ടിക്കു 35 സീററും യുണൈററഡ് കൺട്രിപാർട്ടിക്കു 13 സീററും ഫെഡറൽ ലേബറിനു 18 സീററും സ്റ്റേററുലേബറിനു 8 സീററും കിട്ടിയിരിക്കുന്നു കൺട്രിപാർട്ടിയുടെ സഹായം കൂടാതെതന്നെ ലയൺസിനു ഭൂരിപക്ഷം നിശ്ചയമാണത്രെ

* * *

പുതിയ ഡച്ചു പാർലമെന്റിൽ രാജ്ഞിയുടെ ഉൽഘാടനപ്രസംഗശേഷം മൂന്നു കമ്മ്യൂണിസ്ററുകൾ ചില കുഴപ്പങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. അവരെ ബലംപ്രയോഗിച്ചുമാററി കസ്ററഡിയിൽ ആക്കേണ്ടിവന്നു. രാജ്ഞിക്കു ചീയേഴ്സ്‌വിളിക്കാൻ തുടങ്ങിയപ്പോൾ ഇവർ കൂവിത്തുടങ്ങി. നേരത്തെ മന്ത്രിയുമായി ഒരു കൂടിക്കാഴ്ച അനുവദിക്കണമെന്നു കമ്മ്യൂണിസ്ററുകൾ ലഹളകൂട്ടിയിരുന്നു കൂടിക്കാഴ്ച അനുവദിക്കപ്പെട്ടില്ല. ലഹളയെപോലീസുകാർ അമർത്തേണ്ടിവന്നു.

* * *

സ്വിസ്സ് പ്രതിനിധിയായ മോട്ടാ റഷ്യയെ ലീഗിൽ പ്രവേശിപ്പിക്കുന്നതിനെതിരായി ശക്തിയുക്തം വാദിച്ചു. മതപരവും സാന്മാർഗ്ഗികവും സാമുദായികവും രാഷ്ട്രീയവും സാമ്പത്തികവും ആയ സകല കാര്യങ്ങളിലും സമൂലപരിവർത്തനപരമായ ഒരു നയമാണു റഷ്യ അംഗീകരിച്ചിരിക്കുന്നതെന്നും ലോകവിപ്ലവമാണു റഷ്യയുടെ ലക്ഷ്യമെന്നും സോവിയററു ലീഗിനെ ഇന്നു അധിക്ഷേപിക്കുന്നില്ലെങ്കിൽ അതു ജപ്പാനിൽനിന്നുള്ള വിപത്തിനെ പേടിച്ചു മാത്രമാണെന്നും അദ്ദേഹം പറയുകയുണ്ടായി.

* * *

അഭ്യസ്തവിദ്യരായ സിംഹള യുവാക്കന്മാരുടെ തൊഴിലില്ലായ്മയ്ക്കു തെല്ലൊരാശ്വാസം ലഭിക്കത്തക്കവണ്ണം വ്യാപാരക്കമ്പനികളിൽ അവർക്കു വേണ്ട വഴികളുണ്ടാക്കിക്കൊടുക്കുവാൻ സിലോൺ വാണിജ്യമണ്ഡലത്തിന്റെ സഹായമപേക്ഷിച്ചുകൊണ്ടു റായൽകാളേജിലെ പ്രിൻസിപ്പൽ ഒരു കത്തയച്ചിരിക്കുന്നു. സ്കൂൾ പ്രിൻസിപ്പാളന്മാർ രക്ഷകർത്താക്കളുമായി ആലോചിച്ചു തെരഞ്ഞെടുക്കുന്ന കുട്ടികളുടെ പേരുവിവരം വാണിജ്യമണ്ഡലത്തിൽ സമർപ്പിക്കയും നിയമനത്തിന്റെ സൌകര്യങ്ങളെപ്പററി വിവിധവ്യാപാരസ്ഥാപനങ്ങളെ സമീപിച്ചു വേണ്ടതു ചെയ്യുവാൻ വാണിജ്യമണ്ഡലം നിഷ്കർഷിക്കയും ചെയ്യണമെന്നാണു അദ്ദേഹം കത്തിൽ നിർദ്ദേശിക്കുന്നതു്.

* * *



ഒരു പുതിയ സിനിമാനടി.

മാഡം ആംവറാഡോ എന്ന ഇററാലിയൻ യുവതി സിംലായിൽ വന്നിരുന്നപ്പോൾ എടുത്ത ഫോട്ടോ.

* * *


സോവിയററഷ്യ ലീഗ് അഫ് നേഷൻസിൽ ചേർന്നിരിക്കുന്നു. സോവിയററിനെ ചേർക്കാനുള്ള വോട്ടിന്റെ ഫലം കേട്ടപ്പോൾ അസംബ്ളിയിൽ പരിപൂർണ്ണനിശ്ശബ്ദതയായിരുന്നു. 39-പേർ അനുകൂലമായും, 3-പേർ പ്രതികൂലമായും വോട്ടുചെയ്തു. 7-പേർ വോട്ടുചെയ്തതേയില്ല. താമസിയാതെതന്നെ തങ്ങൾ യൂണൈറഡ് സ്റ്റേററ്സിന്റെ സഹകരണത്തെക്കൂടി സ്വാഗതം ചെയ്യുമെന്നും അങ്ങനെ ലീഗിന്റെ സാർവ്വലൌകികത്വം സ്ഥാപിക്കുമെന്നും അദ്ധ്യക്ഷനായ സിനോർമാഡറെയ്ഗാ അഭിപ്രായപ്പെട്ടു. വെറും രാഷ്ട്രീയകാര്യങ്ങളെക്കാൾ ഗാഢമായ ഒരു സംഗതിയാണിതെന്നു മി: ഡിവാലറാ പറഞ്ഞു. സോവിയററു മനസ്സാക്ഷിസ്വാതന്ത്ര്യവും, ആരാധനാസ്വാതന്ത്ര്യവും എല്ലാവർക്കും നൽകണമെന്നു അദ്ദേഹം വാദിച്ചപ്പോൾ അവിടെയെല്ലാം ചീയേഴ്സുവിളികൾ മുഴങ്ങി. ലീഗ് കൌൺസിലിൽ സോവിയററിനു സ്ഥിരമായ ഒരു സ്ഥാനം നൽകുന്നതിനെതിരായി ആരും വോട്ടുചെയ്തില്ല. പത്തുപേർ നിഷ്പക്ഷമായിനിന്നു. സോവിയററു പ്രതിനിധികൾ അവരുടെ ആസനങ്ങളിൽ ചെന്നിരിക്കാം എന്നു അദ്ധ്യക്ഷൻ പറയുംമുമ്പ് ലിററവിനോഫ് അവിടെയിരിക്കുന്നതുകണ്ടു എല്ലാവരും ചിരിച്ചുപോയി. ലീഗിൽ റഷ്യ ചേർന്നിരിക്കുന്നു എന്നും, റഷ്യയുടെ സ്വഭാവത്തിനു യാതൊരു കോട്ടവുംകൂടാതെ ലോകസമാധാനത്തിനായി സഹകരിക്കുന്നതാണെന്നും ലിററുവിനോഫ് സദസ്യരോടു പറഞ്ഞു.

* * *

ജർമ്മൻ പൊതുജനാരോഗ്യക്കമ്മിററി വിവാഹം സംബന്ധിച്ചു പത്തു കല്പനകൾ പുറപ്പെടുവിച്ചിരിക്കുന്നു. അവ താഴെ ചേർക്കുന്നു. (1) നിങ്ങൾ ഒരു ജർമ്മൻകാരനാണെന്നോർക്കുക (2) പാരമ്പര്യമായി നിങ്ങൾ ആരോഗ്യമുള്ളവനാണെങ്കിൽ അവിവാഹിതനായിരിക്കരുതു്. (3) ശരീരം ശുദ്ധമായി സൂക്ഷിക്കുക ഒരു നിമിഷനേരത്തെ സുഖം ചിലപ്പോൾ നിങ്ങൾക്കു നിങ്ങളുടെ അനന്തരപരമ്പരകൾക്കു ഒരാപത്തും ശാപവും ആയിത്തീരും. (4) മനസ്സിനെയും ആത്മാവിനെയും പരിശുദ്ധമാക്കിവച്ചുകൊണ്ടിരിക്കുക. (5) ഒരു ജർമ്മൻകാരനെന്നനിലയിൽ അതേഗോത്രത്തിലുള്ള ഒരാളെത്തന്നെ വിവാഹംചെയ്യുക (6) വിവാഹംചെയ്യുംമുമ്പു നിങ്ങളുടെ പങ്കാളിയുടെ പൂർവ്വചരിത്രത്തെപ്പററി അന്വേഷിക്കുക. (7) ബാഹ്യസൌന്ദര്യത്തിനു് ആരോഗ്യം അത്യന്താപേക്ഷിതമാകുന്നു വിവാഹം ചെയ്യുംമുമ്പു നിങ്ങളും നിങ്ങളുടെ പങ്കാളികളും ഒരു മെഡിക്കൽ പരിശോധന നടത്തുക. (8) അനുരാഗത്തിനുവേണ്ടിമാത്രം വിവാഹം കഴിക്കുക. പണത്തിന്റെ വില മാറിക്കൊണ്ടിരിക്കുന്നതാകയാൽ അതു ശാശ്വതസുഖം തരികയില്ല ക്ഷണഭംഗുരമായ കാമവികാരം അനുരാഗമെന്നു തെററിദ്ധരിക്കരുതു്. (9) കളിക്കും വിനോദത്തിനും ആയിട്ടല്ലാതെ സഹപ്രവർത്തനത്തിനായി പങ്കാളിയെ തിരഞ്ഞെടുക്കുക. (10) കഴിവുള്ളിടത്തോളം കുട്ടികളുണ്ടാകണമെന്നാഗ്രഹിക്കുക

* *

## ആകാശയാത്ര.



പ്രൊഫസർ മാക്സ് കൊസിൻസു ഈയിടെ ഒരു പ്രത്യേകതരം വിമാനത്തിൽ 16 മൈലോളം ഉയരത്തിലേക്കു പറന്നുപോകയുണ്ടായല്ലോ. ആ യാത്രയ്ക്കു ഉപയോഗിച്ച വിമാനം ആണു് ഇടതുവശം. വലതുവശം പ്രൊഫസർ പിക്കാർഡു വിമാനം പരിശോധിക്കുന്ന ചിത്രം, മാക്സ്കൊസിൻസു പിക്കാർഡിന്റെ അസിസ്റ്റൻറാണു്.

പതിനഞ്ചുവർഷംമുമ്പു കാസ്പർഹോസർ എന്ന ഇരുപത്തഞ്ചുവയസ്സുള്ള യുവാവു ലാററ്വിയൻസൈന്യത്തിൽനിന്നു ഒളിച്ചോടി റീഗാ എന്ന സ്ഥലത്തിനടുത്തു തന്റെ സഹോദരന്റെ വീട്ടിൽ ഒരു ചെറിയമുറിയിൽ അഭയം പ്രാപിച്ചു. അതിൽപിന്നെ അയാളെപ്പററി ഒരറിവും ഉണ്ടായിരുന്നില്ല. മററു ബന്ധുക്കളെല്ലാം വിചാരിച്ചിരുന്നതു അയാൾ മരിച്ചുപോയി എന്നായിരുന്നു. ആ മുറിവിട്ടു് അയാൾ ഇക്കാലമത്രയും പുറത്തിറങ്ങിയതുമില്ല. ഇപ്പോഴിതാ അയാൾ ഒളിച്ചിരിക്കുന്ന സ്ഥലം കണ്ടുപിടിക്കയും അയാളെ അറസ്ററുചെയ്യുകയും ചെയ്തിരിക്കുന്നു. വളഞ്ഞു മെലിഞ്ഞിരിക്കുന്ന അയാളെക്കണ്ടാൽ അറുപതുവയസ്സിൽ കൂടുതലുണ്ടെന്നു തോന്നും. പരസഹായംകൂടാതെ നടക്കാൻപോലും അയാൾക്കു കഴിവില്ല.

---


# പൊയ്പ്പോയ ലോകം

സർ. ആർതർ കോണൻഡായിലിന്റെ

**THE LOST WORLD**

എന്ന നോവലിന്റെ അധികൃതമായ പരിഭാഷ പുസ്തകരൂപത്തിൽ തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൪.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# മലയാളരാജ്യം

1110 കന്നി 8-ാംനു- തിങ്കളാഴ്ച

ഇന്ത്യൻ നാഷനൽ കാൺഗ്രസ്സിൻെറ ഇന്നത്തെ ഉൽകണ്ഠാജനകമായ നിലയെ പരിഹരിക്കുവാനുദ്ദേശിച്ചുകൊണ്ടു മഹാത്മജി ഏതാനും ചില നിർദ്ദേശങ്ങളടങ്ങിയ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നതു ഇതിനകം യാവരും ഗ്രഹിച്ചിരിക്കും. ഭാരതത്തിൻെറ ഉദ്ധാരണത്തിനും സ്വാതന്ത്ര്യത്തിനും ആയി അദ്ദേഹം ഉപദേശിച്ച മുഖ്യകാര്യങ്ങളിൽ അദ്ദേഹത്തിൻെറ ജനങ്ങളിൽ നിന്നു ലഭിച്ച സ്വീകരണം തൃപ്തികരമായി കാണായ്കയാൽ കാൺഗ്രസ്സിൽ നിന്നു വിട്ടുനിന്നുകൊണ്ടു തൻെറ കാര്യപരിപാടി താൻ നിർവഹിക്കാമെന്നു വിചാരിക്കുവാൻ അദ്ദേഹം പ്രേരിതനായിതീർന്നു. എങ്കിലും അവസാനതീരുമാനം ബാംബെയിലെ കാൺഗ്രസ്സുസമ്മേളനം തീരുന്നതുവരെ അദ്ദേഹം മാററിവച്ചിരിക്കയാണു്. അതിനകമായി കാൺഗ്രസ്സിൻെറ ഇതുപര്യന്തമുള്ള പ്രവൎത്തനത്തെപ്പററി തനിക്കു തോന്നിയിട്ടുള്ള അഭിപ്രായങ്ങളേയും താൻ കാൺഗ്രസ്സിൻെറ നേതാവായി തുടരണമെന്നുണ്ടെങ്കിൽ കാൺഗ്രസ്സുഭരണവ്യവസ്ഥയിൽ വരുത്തണമെന്നാഗ്രഹിക്കുന്ന പരിഷ്കാരനിർദ്ദേശങ്ങളെയും കാൺഗ്രസ്സുകാരുടെ അറിവിനും അഭിപ്രായത്തിനും ആയി പ്രസിദ്ധം ചെയ്യുകയാണു അദ്ദേഹം ചെയ്തിരിക്കുന്നതു്. അക്രമരാഹിത്യം, സത്യനിഷ്ഠ, ഖാദി എന്നിവയെ മുൻനിർത്തിക്കൊണ്ടു കാൺഗ്രസ്സിനെ സുശിക്ഷിതമായ ഒരു യഥാൎത്ഥജനകീയസ്ഥാപനമായി പുനസ്സംസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അദ്ദേഹം പുറപ്പെടുവിച്ചിരിക്കുന്നു. അത്തരം ഒരു മാററത്തിൻെറ ആവശ്യകത ഇന്നത്തെ കാൺഗ്രസ്സുരാഷ്ട്റിയകാര്യങ്ങൾ സ്പഷ്ടമാക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ ഈ നിർദ്ദേശങ്ങൾ ബാംബെ കാൺഗ്രസ്സിൻെറ ആലോചനയ്ക്കു വിഷയീഭവിക്കുമെന്നും ബോംബെസമ്മേളനം കാൺഗ്രസ്സിൻെറ ചരിത്രത്തിൽ അതിപ്രധാനമായ ഒരധ്യായം തുറക്കുമെന്നുമുള്ളതിൽ സംശയമില്ല. "ഞാൻ ഇവിടെ പ്രധാനങ്ങളായ ചില നിർദ്ദേശങ്ങൾ മാത്രമേ സമപ്പിച്ചിട്ടുള്ളു. ഇനിയും കൂടുതലായി ചില പ്രമേയങ്ങൾ കൂടി ഉണ്ടായിരിക്കും. ഈ പ്രസ്താവനയെ അവകൊണ്ടു ഭാരാവഹമാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാൺഗ്രസ്സിൽ സംബന്ധിക്കുന്ന അനേകം കാൺഗ്രസ്സുകാൎക്കു ഈ നിർദ്ദേശങ്ങളൊന്നും സ്വീകാര്യമാകയില്ലെന്നുള്ളതാണ് എൻെറ ഭയം. പക്ഷേ ഞാൻ കാൺഗ്രസ്സിനെ നയിക്കണമെന്നുണ്ടെങ്കിൽ ഇവയേയും ഇവ അനുസരിച്ചുള്ള പ്രമേയങ്ങളെയും നമ്മുടെ സ്വതന്ത്രമായ ലക്ഷ്യപ്രാപ്തിക്കു അത്യാവശ്യമായി ഞാൻ ഗണിക്കും. മെമ്പറന്മാർ നയങ്ങളേയും നിശ്ചയങ്ങളേയും ഹാർദ്ദമായ നടപ്പിൽ വരുത്തുന്നില്ലെങ്കിൽ ഒരു സംഘടനയ്ക്കും വിജയം ഉണ്ടാകയില്ല. ഒരു നേതാവിൻെറ നേതൃത്വത്തെ പൂർണ്ണമായും ഹാർദ്ദമായും ബുദ്ധിപൂർവമായും അനുസരിക്കുന്നില്ലെങ്കിൽ അയാൾക്കു തന്നെപ്പററിതന്നെ ശരിയായ ഒരു അഭിമാനത്തിനു വകയില്ല. സത്യവും അക്രമരാഹിത്യവും മാത്രമല്ലാതെ മററൊന്നും ശരണമില്ലാത്ത ഒരു നേതാവിൻെറ വിശ്വാസം ഇതാകുന്നു. അതിനാൽ കാര്യപരിപാടിയിയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കയില്ല. കാൺഗ്രസ്സുകാർ നിർമ്മത്സരബുദ്ധിയോടെ ഇതിൻെറ യോഗ്യതയനുസരിച്ചു ഇതിനെപ്പററി ആലോചിക്കട്ടെ." എന്നാണു അദ്ദേഹം തൻെറ പ്രസ്താവനയെ ഉപസംഹരിക്കുന്നതു്. അവരുടെ പരിഗണനയിൽ അദ്ദേഹത്തെപ്പററിയുള്ള സ്മരണ ഉപേക്ഷിക്കണമെന്നും താന്താങ്ങളുടെ യുക്തിയെ മാത്രം അവലംബിക്കണമെന്നും അദ്ദേഹം പ്രത്യേകം അനുസ്മരിപ്പിക്കുന്നുമുണ്ടു്. പാവനചരിതനായ ഈ നേതാവു് കാൺഗ്രസ്സിൻെറ ചുക്കാൻ പിടിച്ചുകൊണ്ടു പ്രക്ഷുബ്ധസമുദ്രങ്ങളിൽ കൂടി ശാശ്വതമായ സമാധാനത്തിൻെറ തുറമുഖത്തിൽ അതിനെ അടുപ്പിക്കുമാറാകട്ടെ.

* * *


താമസിയാതെ ഒരു അഖിലതിരുവിതാംകൂർ തൊഴിലാളിസമ്മേളനം വിളിച്ചുകൂട്ടുന്നതിനു കൊല്ലം തൊഴിലാളിസംഘത്തിൻെറ ഈയിടെ നടന്ന വിശേഷാൽസമ്മേളനം നിശ്ചയിച്ചു് അതിലേക്കു ഒരു കമ്മററിയെ രൂപീകരിച്ചുകാണുന്നു. ആലപ്പുഴയും കൊല്ലത്തും ഓരോ തൊഴിലാളിസംഘവും നാവികതൊഴിലാളിസംഘം എന്നൊരു സംഘവും ആകുന്നു ഇന്നു തിരുവിതാംകൂറിലുള്ള തൊഴിലാളിസംഘടനകൾ. ഈ സംഘങ്ങൾ ശ്ലാഘ്യമായ പല ജോലികളും ചെയ്തുപോരുന്നുണ്ടെങ്കിലും കേവലം പ്രാദേശികവും സംകുചിതവും ആയ ഇന്നത്തെ അവരുടെ പ്രവൎത്തനരീതികൾകൊണ്ടു തിരുവിതാംകൂറിലെ തൊഴിലാളിപ്രസ്ഥാനത്തെയും സംഘടനയെയും പുഷ്ടിപ്പെടുത്തുന്നതിനും തൊഴിലാളിവൎഗ്ഗത്തിൻെറ പൊതുവായ അവകാശങ്ങൾക്കും ഉന്നതിക്കും വേണ്ടി പ്രവൎത്തിക്കുന്നതിനും കഴിഞ്ഞു എന്നു വരുന്നതല്ല. അതുകൊണ്ടു ഇദംപ്രഥമമായി ഒരു അഖിലതിരുവിതാംകൂർ തൊഴിലാളിസമ്മേളനം വിളിച്ചുകൂട്ടണമെന്നുള്ള നിശ്ചയം വളരെ ഉചിതവും അഭിനന്ദനീയവും ആയിരിക്കുന്നു. പള്ളിവാസൽപദ്ധതിയും മററും പൂൎത്തിയാകുന്നതോടുകൂടി ഇനി തിരുവിതാംകൂർ ഒരു വ്യവസായീകരണയുഗത്തിലേക്കു കടക്കുവാനാണു പോകുന്നതു. അപ്പോൾ തൊഴിലാളികളുടെ എണ്ണവും പ്രാധാന്യവും വൎദ്ധിക്കും. ഇന്നുള്ള മൂന്നു തൊഴിലാളിസംഘങ്ങളും നിർമ്മത്സരബുദ്ധ്യാ സഹകരിച്ചു ഒന്നാമത്തെ അഖിലതിരുവിതാംകൂർ സമ്മേളനം വിജയപൂർവം നടത്തി സംഘടിതമായ വിധത്തിൽ അവകാശവാദം നടത്തുന്നെങ്കിൽ അടുത്ത നിയമസഭാപരിഷ്കാരത്തിൽ അവരുടെ സ്ഥാനവും അവകാശങ്ങളും സുരക്ഷിതമായിത്തീരുമെന്നുള്ളതിൽ സന്ദേഹമില്ല. ഈ സന്ദർഭത്തെ തിരുവിതാംകൂറിലെ തൊഴിലാളിപ്രവൎത്തകന്മാർ വ്യൎത്ഥമാക്കുകയില്ലെന്നു വിശ്വസിക്കുന്നു.

* * *

കാലത്തു പത്തുമണിമുതൽ വൈകിട്ടു നാലുമണിവരെ എന്ന പതിവിനെ ഭേദപ്പെടുത്തി കാലത്തു ഏഴുമണിമുതൽ പതിനൊന്നുമണിവരെ തിരുവനന്തപുരത്തെ കാളേജുകളിൽ അധ്യയനം നടത്തുന്നതിനു ആലോചിച്ചുവരുന്നു എന്നുള്ളതു പരമാൎത്ഥമാണെങ്കിൽ അതു സന്തോഷപ്രദംതന്നെ. പതിനൊന്നുമണിമുതൽ പകലെ മൂന്നുമണിവരെയുള്ള അത്യുഷ്ണസമയത്തു വിദ്യാൎത്ഥികൾ ക്ലാസ്സുമുറികളിൽ തിങ്ങിക്കൂടിയിരിക്കുന്നതും മനസ്സിനെ ക്ലേശിപ്പിക്കുന്നതും അവരുടെ ആരോഗ്യത്തെ ഹനിക്കുമെന്നുള്ളതിൽ സംശയമില്ല. കാലത്തു മനസ്സിനു ഉന്മേഷം കൂടിയിരിക്കുമെന്നുള്ളതിനാൽ പഠിത്തത്തിനു ഉത്തമമായ സമയം അതാണെന്നു ഭാരതീയർ പണ്ടുപണ്ടേ മനസ്സിലാക്കിയിട്ടുള്ള ഒരു തത്വമാകുന്നു. പക്ഷെ പുതിയ വ്യവസ്ഥ നടപ്പിൽ വരുത്തുന്നപക്ഷം പതിനൊന്നുമണിമുതൽ വൈകുന്നതുവരെയുള്ള അനദ്ധ്യായവേളയിൽ സ്വൈരമായ ഒരു ഭാഗം കായികവിനോദപരവും സാമുദായികവും ആയ 'ഔട്ടുഡോർ' പ്രവൎത്തനങ്ങൾക്കായി കാളേജിലെ അധ്യാപകാധേതാക്കൾ നിർബന്ധിതമായി വിനിയോഗിക്കത്തക്കവണ്ണമുള്ള വ്യവസ്ഥകൾകൂടി ചെയ്യുന്നതു് അത്യന്തം അഭിലഷണീയമായിരിക്കും

* * *

മൈസൂർദിവാൻ സർ മിഴ്സാഇസ്മയിൽ ജയിനന്മരുടെ ഒരു പുണ്യസ്ഥലമായ ശ്രവണബലഗോല എന്ന സ്ഥലം സന്ദർശിക്കയും ജയിനപുരോഹിതപ്രമാണിയുടെ ഔദാൎയ്യഫലമായി സ്ഥാപിക്കപ്പെട്ടതും സാമാന്യവിദ്യാഭ്യാസത്തോടുകൂടി കാർഷികവിദ്യാഭ്യാസവും നൽകുന്നതുമായ ഒരു പുതിയ വിദ്യാലയത്തിൻെറ ഉൽഘാടനം നിർവഹിക്കയും ചെയ്കയുണ്ടായി. ജനങ്ങളുടെ ഭൗതികാഭിവൃദ്ധിയിൽ സ്വാമിജി കാണിക്കുന്ന താല്പൎയ്യത്തെ നന്ദിപൂർവം അംഗീകരിച്ചുകൊണ്ടു അദ്ദേഹം പുറപ്പെടുവിച്ച അഭിപ്രായം അത്യന്തം ശ്രദ്ധേയമാണു് 'മതാധിപന്മാരും മഠാധിപതികളും ജനങ്ങളുടെ അഭിവൃദ്ധിയിൽ താല്പൎയ്യംകാണിക്കുക മാത്രം ചെയ്യുമെങ്കിൽ അവർ രാജ്യത്തിനും തങ്ങൾക്കുതന്നെയും തങ്ങളുടെ സ്ഥാപനങ്ങൾക്കും വലുതായ ഉപകാരമായിരിക്കും ചെയ്യുന്നതു്. ഇത്തരത്തിൽ മഠാധിപതികൾ എത്രകണ്ടു കൂടുതൽ പ്രയോജനമുള്ളവരായിഭവിക്കുന്നുവോ അത്രകണ്ടു ജനങ്ങളുടെ പ്രതിഭയിന്മേൽ അവൎക്കുള്ള സ്വാധീനശക്തി അത്രകണ്ടു വലുതും ശാശ്വതവും ആയിത്തീരുകയും ചെയ്യും. ആരെയും വെറുതെ വിട്ടുകളയുകയെന്ന മനോഭാവമല്ല ഇന്നത്തെ ലോകത്തിനുള്ളതു്. നാളെ ഈ മനോഭാവം കുറേക്കൂടെ വിഷമിക്കാനാണു തുടങ്ങുന്നതു്. നാമെല്ലാം നമ്മുടെ ജീവിതത്തെ ന്യായീകരിക്കേണ്ടിയിരിക്കുന്നു." എന്നാണു് അദ്ദേഹം അനുസ്മരിപ്പിക്കുന്നതു് ഭൗതികാഭിവൃദ്ധി സംതൃപ്തികരമായിരുന്നകാലത്തു രചിച്ച ആദ്ധ്യാത്മികജീവിതനിയമങ്ങളെ ഇന്നത്തെ സ്ഥിതിഗതികളനുസരിച്ചു പരിഷ്കരിക്കേണ്ടതിൻെറ അത്യാവശ്യകതതന്നെയാണു് ഈ ഉപദേശത്തിൽ അടങ്ങിയിരിക്കുന്നതു്.




പ്രസിഡണ്ട് വാൺ ഹിൻഡൻബർഗ്ഗ് ഭൂലോകജീവിതത്തിൽനിന്നു മുക്തനായി ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ
അദ്ദേഹത്തിന്റെ ജഡത്തെ വഹിച്ചിരുന്ന പേടകം നിരവധി ജനങ്ങളുടെ സന്ദർശനത്തിനും ശോകസമ്പൂർണ്ണമായ
പ്രാർത്ഥനകൾക്കും വിഷയമായി ഭവിച്ചു. ഒരു യോദ്ധാവായിരുന്ന ഇദ്ദേഹം രാജ്യഭരണയന്ത്രത്തെ
വൈഷമ്യപൂർണ്ണങ്ങളായ ഘട്ടങ്ങളിൽക്കൂടി നയിച്ചു് തന്റെ രാജ്യവാസികളുടെ സ്നേഹാ
തിരേകത്തിനു പാത്രമായിത്തീർന്ന വിവരം സുപ്രസിദ്ധമാണല്ലൊ.

U. P. S.



ഭക്ഷണരംഗം: കംഗാരുവും പൂച്ചയും ഒന്നിച്ചിരിക്കുന്നു. ഒരു കൊച്ചുകുട്ടി അവയ്ക്കു ആഹാരം കൊടുക്കുന്നു.
ആസ്ത്രേലിയായിലെ നാട്ടുംപുറത്തുള്ള ഒരു ഭവനത്തിലെ കാഴ്ചയാണു് ഇതു്.

N. I. A.



പ്രസിഡന്റ റൂസ്വെൽററ് 'മയാഗ്വെസ്' സന്ദർശിച്ച അവസരത്തിൽ പോർട്ടോ റിക്കോയിലെ മെജോറിററിപാർട്ടിയുടെ നേതാവായ സെൻവാററംഡിസുമായി സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നു. U. P. S.



ഭൂലോകത്തിലെ ഏററവും പ്രായംകുറഞ്ഞ 'സിംഹശാസകൻ.'

ജെനി ഗീബെൽസ് എന്ന പേരായ ഈ ബാലൻ 'വരിൻ, ഈ വളയത്തിൽ കൂടി ചാടുവിൻ' എന്നു സിംഹക്കുട്ടികളോട് ആജ്ഞാപിക്കുന്നു. പട്ടിക്കുട്ടികളെന്നവണ്ണം അവ ആ ബാലനെ അനുസരിക്കയും ചെയ്യുന്നു. അച്ഛനായ ലൂയി ഗീബൽസിന്റെ 'ലയൺഫാ'മിലാണ് ബാലൻ സിംഹശിശുക്കളെ ഈ വിദ്യ പഠിപ്പിക്കുന്നത്.— ഹോളിവുഡ്.

U. P. S.

# ഓട്ടോമേരിയാവിവാഹം.

## യൂറോപ്പിലെ ചില അന്തർപ്രവാഹങ്ങൾ.

യൂറോപ്പിന്റെ രാഷ്ട്രീയഭാവിയെ മാററത്തക്ക ചില സംഭവങ്ങൾ നടക്കുന്നു. അവയുടെ ഉദ്ദേശങ്ങൾ താഴെ പറയുന്നവയാണു്.—

1. ആസ്ത്രിയൻ രാജസ്ഥാനത്തെ പുനഃസ്ഥാപിക്കുക, അവിടെ ഓട്ടോയെ പ്രതിഷ്ഠിക്കുക.

2. പഴയ ആസ്ത്രോഹംഗേറിയൻസാമ്രാജ്യം വീണ്ടും സ്ഥാപിക്കുക.

3. ഇററലിയിലെ രാജാവിന്റെ അവിവാഹിതയായ പുത്രിയെ ഓട്ടോയെക്കൊണ്ടു വിവാഹം ചെയ്യിച്ച ഇററലിയും ആസ്ത്രിയായും തമ്മിൽ പരസ്പരരക്ഷയ്ക്കുള്ള ഒരു ബന്ധം സ്ഥാപിക്കുക.

ഈ അതിവിപുലമായ പദ്ധതിയുടെ പുറകിൽ ഡോൾഫസ്സിന്റെ പിൻഗാമിയായ ഷുസ്നിഗ്ഗാണു കാണപ്പെടുന്നതു്.

ഹംഗേറിയൻ റീജൻറുമായി പരസ്പരതാല്പര്യങ്ങളെപ്പററി സംസാരിക്കാൻ ഏർപ്പാടു ചെയ്യണമെന്ന ചാൻസലർ ഷുസ്നിഗ്ഗ് ബുഡാപ്പെസ്റ്റിലെ അദ്ദേഹത്തിന്റെ മന്ത്രിയോടാവശ്യപ്പെട്ടിരിക്കുന്നു.

അതിനുശേഷം അദ്ദേഹം ഇററലിയിൽ പോയി മുസോളിനിയെ കാണുന്നതാണു്.

ഇതേസമയംതന്നെ ഓട്ടോയുടെ മാതാവായ പഴയ ചക്രവത്തിനി സിററാ അവരുടെ ഇററാലിയൻ താമസസ്ഥലം സന്ദർശിക്കാൻപോകുന്നു.

കുറച്ചുദിവസത്തിനകം, ആസ്ത്രോ ഹംഗേറിയൻ ഇമ്പീരിയൽ അംഗരക്ഷകസൈന്യത്താൽ ചുററപ്പെട്ട തന്റെ ബെൽജിയൻ ക്യാസിലിൽ നിന്നു ഓട്ടോതന്നെ ഇററലിയിലേക്കു പോകുന്നതാണു്.

അടുത്ത രണ്ടുമാസത്തിനകം ഓട്ടോയെ ആസ്ത്രിയായിലെ രാജാവാക്കുമെന്നു സിററാ ചക്രവത്തിനിയുടെ ചേംബർലേയിനായിരുന്ന കൗണ്ട് ഡെജൻഫീൽഡ് ആസ്ത്രിയായിലെ രാജപക്ഷീയരെ അറിയിച്ചിരിക്കുന്നു.

പ്രിൻസ് സ്റ്റാറംബെർഗിനെ, ഡോൾഫസിന്റെ വധത്തിനു അല്പദിവസം മുൻപു ഷുസ്നിഗ്ഗ് ഹംഗറിയിലേക്കു രഹസ്യമായി അയച്ചിരുന്നു. ഓട്ടോയെ വീണ്ടും ആസ്ത്രിയാ ഹംഗറി ചക്രവത്തിയാക്കാൻ വഴിയുണ്ടോ എന്നു അന്വേഷിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേശം.

വത്തിക്കനിൽ ഇതെങ്ങനെ സ്വീകരിക്കപ്പെടുമെന്നുള്ളതിനെപ്പററി അറിയാൻ അവിടെയും സംഭാഷണം നടന്നു

### വേറെ ഒരു കഥ.

"പീപ്പിൾ" പത്രത്തിന്റെ റോമാലേഖകൻ ഇങ്ങനെ എഴുതുന്നു.

ഓട്ടോരാജകുമാരൻ ആസ്ത്രിയായിലൊ ഹംഗറിയിലൊ രാജാവാകുമോ എന്നു ലോകം സംശയിക്കവെ, അദ്ദേഹത്തിന്റെ മനോവിചാരങ്ങൾ സിംഹാസനപ്രാപ്തിയിൽ നിന്നൊക്കെ വളരെ വിദൂരമാണെന്നു പറയാൻ എനിക്കു കഴിയും

പരമാത്ഥത്തിൽ അദ്ദേഹം ഇപ്പോൾ, താൻ കണ്ടിട്ടില്ലാത്ത മേരിയാരാജകുമാരിയെപ്പററി ചിന്തിച്ചുകഴിഞ്ഞുകൂടുകയാണു്.

പതിനാലു വയസ്സുമാത്രം ഉണ്ടായിരുന്ന കാലത്തു അദ്ദേഹത്തിന്റെ പക്കൽ വന്നുചേന്ന ഒരു ഛായാപടമാണു് ഇതിനു കാരണം. പ്രായം കൂടിവരുന്തോറും അദ്ദേഹത്തിന്റെ പ്രണയാവേശവും കൂടിക്കൂടിവരുകയാൽ ആ രാജകുമാരിയുടെ പടങ്ങൾ മാത്രം നിറഞ്ഞ ഒരു ചിത്രശാല അദ്ദേഹം ഇപ്പോൾ സജ്ജമാക്കിയിരിക്കുന്നു.

തന്റെ കാമുകിയെ കിട്ടുന്നില്ലെങ്കിൽ അവിവാഹിതനായിരിക്കാനാണു താൻ തിച്ചപ്പെടുത്തിയിരിക്കുന്നതെന്നു് അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു.

ഈ കാൎയ്യത്തിൽ രാഷ്ട്രീയമായ പരിഗണനകൾക്കു സ്ഥാനമുണ്ടായിരിക്കരുതെന്നു അദ്ദേഹത്തിനു വിചാരമുണ്ടെങ്കിലും ചില കാരണങ്ങളാൽ ഇതത്ര എളുപ്പമല്ല.

ഈ വിവാഹം തന്റെ പുത്രന്റെ ആസ്ത്രോഹംഗേറിയൻ സിംഹാസനപ്രാപ്തിയെ വളരെ സഹായിക്കുമെന്നുള്ളതിനാൽ സിററാചക്രവത്തിനിയും ഈ അഭിലാഷത്തെ മറച്ചുവച്ചിട്ടില്ല.

എന്നാൽ മുസ്സോളിനി ഈ ബന്ധത്തെ അത്ര ഇഷ്ടപ്പെടുന്നില്ല. ബാൾക്കൻരാജ്യങ്ങളും ആസ്ത്രോഹംഗേറിയൻ സാമ്രാജ്യവും ഇററലിയും തമ്മിൽ വല്ല കുഴപ്പവും ഉണ്ടായേക്കാനിടയുണ്ടെന്നാണു അദ്ദേഹത്തിന്റെ ഭീതി.

ഓട്ടോ ആസ്ത്രിയായിലെയും ഹംഗറിയിലേയും സിംഹാസനങ്ങളെ ഉപേക്ഷിക്കാൻ തയാറുണ്ടെങ്കിൽ താൻ ഈ വിവാഹം സാധിച്ചുകൊടുക്കാമെന്നു മുസോളിനി സമ്മതിച്ചിരിക്കുന്നു.

ഓട്ടോ ഇതിനു സന്നദ്ധനാണെങ്കിലും മാതാവായ സിററാചക്രവത്തിനിയും, മററുള്ളവരും ഇതിനെ അനുകൂലിക്കുന്നില്ല.

## വിഷയവിവരം.


| | | പേജു് |
|---|---|---|
| 1 | ആകാശത്തിലെ ആരാമം | 4 |
| 2. | സിസ്റ്റർനിവേദിത | 5 |
| 3. | പ്രതീക്ഷ (കവിത) കെ. പി. ചങ്ങമ്പുഴ. | 8 |
| 4. | സാമ്പത്തികസംബന്ധയാലോചന 'അച്ച' | 9 |
| 5. | വഴിതെറ്റിപ്പോയ വയ്യാവേലി (ചെറുകഥ) കോന്നിയൂർ കെ. മീനാക്ഷിഅമ്മ എം. എ. | 11 |
| 6. | ലോകചക്രം | 13 |
| 7. | വിമർശനം | 15 |
| 8 | ഓട്ടോമേരിയാവിവാഹം | 18 |
| 9. | ഭാരതം | 19 |
| 14 | പ്രിയതമയോടു് (കവിത) എസ്സ്. കെ. പൊറററ്റക്കാട്ട്. | 22 |
| 10. | തിരുവോണം. ടി. ആർ. അനന്തക്കുറുപ്പ്. | 23 |
| 11. | അന്നിഴംതിരുനാളും മലയാളഭാഷയും പുലിയന്നൂർ എസ്സ്. രാമയ്യർ. | 25 |
| 12. | ആ സ്മരണ (കവിത) എൻ. ലളിതാംബിക അന്തർജ്ജനം. | 26 |
| 13. | റുമേനിയായിലെ ഇൻഡ്യൻ കണ്സൽ. പി. എസ്സ്. മാധവൻപോററി. | 27 |
| 15. | ചന്ദ്രോദയം (നോവൽ) | 29 |


—*—

ഒരു രഹസ്യദൂതൻ മുഖാന്തിരം മേരിയാരാജകുമാരി തന്നെ കാമിക്കുന്നുണ്ടെന്നും, തന്റെ ചിത്രങ്ങൾ ശേഖരിക്കാൻ കുമാരിക്കും ഒരു അത്യാത്തിയുണ്ടെന്നും ഓട്ടോ മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ ആഗ്രഹത്തിനു ഒരവസാനവുമില്ല

[ഈ മേരിയാ രാജകുമാരിയുടെ ചിത്രമാണു് ഈ ലക്കത്തിൽ 3-ാംവശത്തു കാണുന്നതു്.]


ഒരേറിനു രണ്ടു പക്ഷിയെ കൊല്ലാൻ

സുവൎണ്ണാവസരം.



പുഴക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴക്കടിതൈലം ൨൪ മണിക്കൂർകൊണ്ടു പുഴക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ൨൪ ഡപ്പി ഒരുമിച്ചു ൩ ക. വിലയ്ക്കു വാങ്ങുന്നവൎക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്റ്റവാച്ച് ൧, ചങ്ങലയോടുകൂടി ഇൻഫൻറ പാക്കററവാച്ച് ൧, ൧ം വർഷത്തെ ഗാരൻറിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബി' ടൈംപീസു് ൧, ബാററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൗണ്ടൻ പേന ൧, ബ്ലേഡുസഹിതം സേഫ് ടിറേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ട്) കോട്ടു ൧. പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിന്റെനിറവും അളവുംഅയയ്ക്കണം. തൃപ്തികരമല്ലെങ്കിൽ വിലതിരിച്ചുതരുന്നതാണു്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.)Calcutta.




## ഭാരതം.

ഒരു രാജ്യം കിട്ടിയാൽ കൊള്ളാമെന്നുള്ള അഗാഖാന്റെ അപേക്ഷയെ വൈസ്രായി തള്ളിക്കളഞ്ഞതായി ലണ്ടനിലെ ഡെയിലിഹിറാൾഡ് പത്രം അറിയുന്നു.

* * *

ജായിന്റ സെലക്റ്റുകമ്മററിറിപ്പോർട്ടു പ്രസിദ്ധമാകുന്നതോടെ ഡിസംബറിൽ ബർമ്മാകൌൺസിൽകൂടി അതിനെപ്പററി അഭിപ്രായം പ്രകടിപ്പിക്കുന്നതാണെന്നറിയുന്നു.

× * *

നേപ്പാളത്തെ റാണാ മേജർ ജനറൽ പ്രതാപഷംഷേർജംഗ് ബഹദൂർ സെപ്റ്റംബർ ൧൫-ാംനു-കാലത്തു സിംഗപ്പൂരിലുള്ള വാസസ്ഥാനത്തുവച്ചു ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു.

* * *

ഉണ്ടോ ഇല്ലയോ എന്നു്.



'മദർ ഇൻഡ്യാ' എന്ന പുസ്തകം എഴുതിയ മിസ്സ് കാതറയിൻമേയോ വീണ്ടും ഇൻഡ്യ സന്ദർശിക്കാനിടയുണ്ടെന്നു ചില പത്രങ്ങൾ പ്രസ്താവിച്ചിരുന്നു. ഇതിനെപ്പററി ഇൻഡ്യാഗവണ്മെന്റിനു അറിവില്ലെന്നു നിയമസഭയിൽ സർ ഹെൻറിക്രെയിക്കു മറുപടിപറഞ്ഞു.

* * *

ചിദംബരം അണ്ണാമലസർവ്വകലാശാലയുടെ കാൺവൊക്കേഷൻപ്രസംഗം, മദ്രാസ്നിയമസഭയുടെ സിക്രട്ടറിയായ മി- കെ. വി. കൃഷ്ണയ്യർ അടുത്തമാസത്തിൽ നടത്തുന്നതാണു്.

* * *

ഗോവായിലെ ജനങ്ങൾ അദ്ധ്വാനംചെയ്തുണ്ടാക്കുന്ന നാളികേരത്തിനു ആയിരത്തിനു പത്തുറുപ്പയും വെററയ്ക്കു കണ്ടിയൊന്നിനു ൫ ഉറുപ്പയും വീതം ബോണസുകൊടുക്കാൻ ഗോവാഗവണ്മെന്റു തീരുമാനിച്ചു. അതിലേക്കു നാലു ലക്ഷത്തി അൻപതിനായിരം രൂപാ ഗോവാഗവർമ്മെന്റു നീക്കിവച്ചിരിക്കുന്നു.

* * *

നവംബർ 10-ാംതീയതിയെ അസംബ്ലി തിരഞ്ഞെടുപ്പിനുള്ള ദിവസമായി മദ്രാസ്ഗവണ്മെണ്ടു് നിശ്ചയിച്ചിരിക്കുന്നു. അക്ടോബർ 13-ാം തീയതിയാണു് നാമിനേഷൻ കൊടുക്കാനുള്ള അവസാനദിവസം.

* * *

സൗത്താഫ്റിക്കൻ ട്രേഡ്കമ്മീഷണരായ മി- എ. ടി. ബ്രൈന്നൻ കൊളമ്പിൽനിന്നു മദ്രാസ്സിൽ എത്തിയിരിക്കുന്നു. അദ്ദേഹം ഇന്ത്യയിൽ ഒരു സഞ്ചാരത്തിനു പുറപ്പെട്ടിരിക്കയാണു്.

* * *

ശ്രീ. അബ്ദുൾജാഫർഖാൻതന്നെ കാൺഗ്രസ്സിന്റെ ആദ്ധ്യക്ഷംവഹിക്കണമെന്നുള്ള ശ്രീ. ബാബു രാജേന്ദ്രപ്രസാദിന്റെ അപേക്ഷയെ അദ്ദേഹം തീരെ നിരസിച്ചിരിക്കയാൽ, അദ്ധ്യക്ഷപദം സ്വീകരിക്കയല്ലാതെ ശ്രീ രാജേന്ദ്രപ്രസാദിനു നിവൃത്തിയൊന്നുമില്ലെന്നു അറിയുന്നു.

* * *

"ഇന്ത്യൻ സയൻസ് അക്കാഡമി ഒരു സ്വതന്ത്രസ്ഥാപനമായി തുടരാൻപോകയാണു് മറെറാരുസ്ഥാപനത്തോടും യോജിക്കുന്നതിനോ ബന്ധപ്പെടുന്നതിനോ ഉദ്ദേശിച്ചിട്ടില്ല" എന്നിങ്ങനെയാണു് കൽക്കട്ടായിൽനിന്നു മദ്രാസ്സിൽ എത്തിയ സർ സി. വി. രാമൻ അസോഷ്യേററഡ്പ്രസ്സിനോടു പറഞ്ഞതു്. അക്കാഡമി സംബന്ധിച്ചുള്ള വഴക്കു തീരുമാനിച്ചതിനെപ്പററി പത്രങ്ങളിൽ കണ്ട റിപ്പോർട്ടു അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. കൽക്കട്ടായിൽനിന്നു പ്രസിദ്ധീകരണത്തിനായി അധികൃതമായി വെളിപ്പെടുത്തിയിരിക്കുന്ന റിപ്പോർട്ടിൽനിന്നു അതു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു അതു തീരുമാനത്തിന്റെ സ്വഭാവത്തെപ്പററി തെററിദ്ധാരണകൾ ഉണ്ടാക്കാൻ പര്യാപ്തമാകുന്നു

* * *



മിസ് അജ മത്തു്.

രാധാഫിലിംകമ്പനിയിൽ ചേർന്നു ഒരു പുതിയ ഉർദുടാക്കി അഭിനയിച്ചുവരുന്ന 'ഷാഹിലക്കാർഹര' എന്ന കഥയിലെ രാജ്ഞിയായി അഭിനയം നടത്തിയതു ഈ നടിയാണു്.

* * *

റിസർവ്ബാങ്ക് ആഫ് ഇന്ത്യയുടെ ഒന്നാമത്തെ ഗവർണർ ആയിരിക്കണമെന്നുള്ള ഗവർണർ ജനറൽ ഇൻകൗൺസിലിന്റെ ക്ഷണത്തെ ഇമ്പീരിയൽബാങ്കുബോർഡിന്റെ സമ്മതത്തോടുകൂടി സർ ഓസ്ബോൺസ്മിത്ത് സ്വീകരിച്ചിരിക്കുന്നു.

* * *

ബാംബെയിൽ ഒരു ചൂതുകളിസ്ഥലം ആക്രമിച്ചു പരിശോധന നടത്തിയ അവസരത്തിൽ പോലീസുകാർ ഒരുസംഘം ചൂതുകളിക്കാരുടെനേരെ വെടിവെക്കുകയുണ്ടായി. പോലീസുകാർ പ



വീരകേരളജിംഖാനായുടെ ഓണദിനത്തിലെ ടോംട്ടൂർണമെന്റു്.

Photo, Raman Pillai, Bros.

രിശോധനനടത്തിക്കൊണ്ടിരിക്കവെ ചൂതുകളിക്കാരിൽ ഒരാൾ വിളക്ക് അണച്ചശേഷം പോലീസ്ന ഹെഡ്കാണ്സ്റ്റബിളിനെ ആക്രമിച്ചു എന്നു പറയപ്പെടുന്നു. ഗത്യന്തരമില്ലെന്നു കാണുകയാൽ പോലീസുകാർ റിവാൾവർകൊണ്ടു വെടിവെച്ചു. ചൂതുകളിക്കാരിൽ ആർക്കും പരുക്കേൽക്കുകയുണ്ടായില്ല. ചൂതുകളിക്കാർ ഭയവിഹ്വലരായി നാലുപാടും ഓടി. ഇതുസംബന്ധിച്ചു പതിനേഴുപേരെ അറസ്റ്റുചെയ്തിട്ടുണ്ട്.

*　　*　　*

മഹാത്മജിയും മി. ആണേയുംതമ്മിൽ സ്ഥാനാർത്ഥികളെ നിർത്തുന്നതുസംബന്ധിച്ചു ഒരു രാജിയുണ്ടായിരിക്കുന്നു. കൂടുതൽ വിജയസാദ്ധ്യതയുള്ള സ്ഥാനാർത്ഥിക്കുവേണ്ടി എതിരാളി പിന്മാറണമെന്നാണ് വ്യവസ്ഥ.

*　　*　　*　　*

ഡാക്ടർ ആനിബെസൻറിന്റെ ചരമത്തിന്റെ ഒന്നാമത്തെ വാർഷികം അഡയാറിൽവച്ചു ആഘോഷിക്കപ്പെട്ടിരിക്കുന്നു.

*　　*　　*　　*

മദ്രാസ് സിററി സിവിൽകോടതിജഡ്ജിയെ ചെരിപ്പുവലിച്ചെറിഞ്ഞമി. ദേവശിഖാമണിമുതലിയാക്കു സെക്കൻഡ് പ്രസിഡൻസിമജിസ്ട്രേട്ട് ൬ മാസത്തെ കഠിനതടവുവിധിച്ചിരിക്കുന്നു. ജഡ്ജി കോടതിയിലിരിക്കയായിരുന്നു പ്രതി എറിഞ്ഞ ചെരിപ്പു ജഡ്ജിയുടെ മേശയിൽ ചെന്നുവീണു. അയാളെ അറസ്റ്റുചെയ്തു മജിസ്ട്രേട്ടിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ ബുദ്ധിക്കു സ്ഥിരതയില്ലാത്തവനെപ്പോലെ അയാൾ പെരുമാറി. മെഡിക്കൽ ആഫീസരുടെ പരിശോധനയിൽ അയാൾക്കു തകരാറൊന്നുമില്ലെന്നുകണ്ടതിനാൽ ശിക്ഷവിധിച്ചു.

—*—

## കേരളം.

കൊച്ചിസംസ്ഥാനത്തിലെ മുനിസിപ്പാലിററികളുടെ ഒരു കാൺഫറൻസ് ഉടനെ നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

*　　*　　*

ഷൊർണ്ണൂർ എറണാകുളം ബ്രോഡ്ഗേജ് ലൈനിൽ ഈ വരുന്ന അക്ടോബർ 22–ാംനു-മുതൽ വണ്ടികൾ ഓടിത്തുടങ്ങുന്നതാണ്.

*　　*　　*

ശ്രീമാൻ ഇ. വി. നാരായണൻനമ്പൂതിരിയുടെ വിധവയെ ശ്രീമാൻ എം. വി ഭട്ടതിരിപ്പാട് ഈ മാസം 31–ാംതീയതി മാമൂലുകളേയും കീഴ്നടപ്പുകളെയും ലംഘിച്ചു വിവാഹംചെയ്തിരിക്കുന്നു. കേരളത്തിൽ ഒരു നമ്പൂതിരിവിധവാവിവാഹം നടന്നതു ഇദംപ്രഥമമായിട്ടാണ്.

*　　*　　*

തിരുവിതാംകൂറിലെ തൊഴിലാളികളുടെ ഭാവി ശോഭനമാകുവാൻ പര്യാപ്തമാകുമാറു അസംബ്ളിയുടെ അടുത്ത സമ്മേളനത്തിൽ അവതരിപ്പിക്കത്തക്കവിധം മി– കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള എം. എൽ എ ഒരു "ട്രേഡ്യൂണിയൻ ബിൽ" തയാറാക്കിവരുന്നതായറിയുന്നു.

*　　*　　*

കൊച്ചി മട്ടാഞ്ചേരിയിലുള്ള ഗുദാമുകളിൽ എലിചത്തുവീഴുന്നതായും, പരിശോധനയിൽ അവയിൽ പ്ലേഗുരോഗാണുക്കൾ ബാധിച്ചിട്ടുള്ളതായും കാണപ്പെട്ടിരിക്കുന്നു. മട്ടാഞ്ചേരി മുനിസിപ്പാലിററിയിൽ നിന്നും ഇതുസംബന്ധിച്ചു ആവശ്യമായ മുന്നറിയിപ്പുകൾ തിരുവിതാംകൂറിനും നൽകിയിരിക്കുന്നു.

*　　*　　*

എട്ടാമത്തെ കലോത്സവം തിരുവനന്തപുരം പട്ടണത്തിൽ ഈ മാസം 18–ാംനു- (കന്നി) ആരംഭിക്കുന്നു. ദിവാൻ സർ മുഹമ്മദു ഹബീബുള്ള കലോത്സവാദ്ധ്യക്ഷനായിരിക്കാമെന്നു സദയം സമ്മതിച്ചിട്ടുണ്ട്. വിവിധങ്ങളായ ആഘോഷങ്ങളോടും ആഡംബരങ്ങളോടുംകൂടി ഈ ഉത്സവം കന്നി 27–ാംതീയതി വെള്ളിയാഴ്ച സമാപിക്കുന്നതാണ്.

*　　*　　*

തിരുവിതാംകൂറിലുള്ള എല്ലാവിധ തൊഴിലാളികളുടെയും, ഏകോപിച്ചുള്ള ഒരു അഖിലതിരുവിതാംകൂർ തൊഴിലാളിസമ്മേളനം ഉടനെ കൊല്ലത്തുവച്ചു കൂടുന്നതിനു അസംബ്ളമെംബർ മി– ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞ ആഴ്ച ആദ്യം സമ്മേളിച്ചു കൊല്ലത്തെ തൊഴിലാളിസംഘം തീരുമാനിക്കുകയും അതിലേക്കായി ഒരു കമ്മററി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

*　　*　　*



ശ്രീപത്മനാഭസ്വാമിക്ഷേത്രം (മുൻവശം)

C. P. Mathew, Quilon.

*　　*　　*　　*

ഈ മാസം ഒന്നാംതീയതിമുതൽ സംസ്ഥാനത്തെ ഇംഗ്ലീഷും മലയാളവും സ്കൂളിലെ ഫീസുപിരിവിൽ വരുത്തിയ ഭേദഗതികൾ വിദ്യാഭ്യാസവകുപ്പിൽനിന്നും നടപ്പിൽ വരുത്തിയിരിക്കുന്നു.

*　　*　　*

തിരുവനന്തപുരം സയൻസുകാളേജ് പണാപഹരണക്കേസ് ടൗൺ രണ്ടാംക്ലാസ്സമജിസ്ട്രേട്ട വിധിപ്രസ്താവിച്ചിരിക്കുന്നു. പ്രതിയായ സയൻസുകാളേജ് അക്കൗണ്ടൻറിനു ഒട്ടുമാസം കഠിനതടവും ഇരുന്നൂററൻപതുരൂപാ പിഴയും പിഴ ഒടുക്കാഞ്ഞപക്ഷം രണ്ടുമാസം കൂടുതൽ തടവുമാണു ശിക്ഷ കൽപിച്ചിരിക്കുന്നതു്.

*　　*　　*

കൊച്ചിമഹാരാജാവുതിരുമനസ്സിലെ സഞ്ചാരപരിപാടി ഇൻഡ്യയിലെ അസോഷ്യേറഡ്പ്രസ്സുകാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതനുസരിച്ചു തിരുമനസ്സുകൊണ്ടു അക്ടോബർ 6–ാംനു-കാലത്തു സ്പെഷ്യൽട്രെയിൻവഴി തിരുവനന്തപുരത്തു എത്തുന്നു. മൂന്നുദിവസം അവിടെ താമസിച്ചിട്ടു 9–ാംനു- കന്യാകുമാരിയിൽ എത്തിച്ചേരുന്നു. 11-ാംനു- ശുചീന്ദ്രംവഴി തിരിച്ചു വീണ്ടും തിരുവനന്തപുരത്തു എത്തുന്നു. 12–ാംനു- തിരുമനസ്സുകൊണ്ടു സംസ്ഥാനത്തിൽ ഒരു സഞ്ചാരത്തിനു ആരംഭിക്കുന്നു. 12–ാംനു- കാലത്തു 7–15–നു വർക്കലെ എത്തുന്നു. അവിടെനിന്നു തിരിച്ചു വൈകുന്നേരം നാലുമണിക്കാണു കൊല്ലത്തു എത്തുന്നതു്. 12–ം 13–ം തീയതികളിൽ ഇവിടെ താമസിച്ചിട്ടു 13–ാംനു- വൈകുന്നേരം മൂന്നുമണിക്കു ഇവിടെനിന്നു പുറപ്പെട്ടു വൈകിട്ടു് 5–30–നു ആലപ്പുഴെ എത്തുന്നു. 14–ാംനു- കാലത്തു അമ്പലപ്പുഴെ എത്തി, വീണ്ടും ആലപ്പുഴെ എത്തുന്നു. 15–ാംനു- കാലത്തു 6–മണിക്കു ആലപ്പുഴനിന്നു പുറപ്പെട്ടു 7-15–നു ചെങ്ങന്നൂർ ചെന്നുചേരുന്നു. 16–ാംനു- കാലത്തു 6–മണിക്കു അവിടെനിന്നു കോട്ടയത്തിനുപോകുന്നു. അന്നു 3–30–നു ഏററുമാനൂരേക്കു പുറപ്പെടുന്നു. 4–മണിക്കു ഏററുമാനൂരെത്തി 5–മണിക്കു അവിടെനിന്നു പുറപ്പെട്ടു 6-മണിക്കു വൈക്കത്തു ചെന്നുചേരുന്നു. 17–ാംനു- വൈകുന്നേരം മൂന്നുമണിക്കു അവിടെനിന്നു പുറപ്പെട്ടു നാലുമണിക്കു തൃപ്പൂണിത്തുറെ എഴുന്നള്ളിച്ചേരുന്നു.



ആറന്മുള വള്ളംകളി.

എല്ലാആണ്ടിലും 5–ാംഓണദിവസം പമ്പാനദിയിൽ "ആറന്മുള വള്ളംകളി" നടത്തിവരുന്നു. ഇത്തവണ 22 വള്ളങ്ങൾ വള്ളംകളിയിൽ പങ്കുകൊണ്ടു. കരയ്ക്കു കാണുന്നതാണു ആറന്മുള ക്ഷേത്രം. വള്ളംകളികാണുന്നതിനായി നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും അനേകസഹസ്രം ആളുകൾ പതിവായി കൂടുന്നു. [ഈ ഫോട്ടോ ഒരു സ്റ്റാമ്പിന്റെ വലിപ്പത്തിലുള്ള സ്നാപ്പിൽനിന്നു വലുതാക്കി എടുക്കപ്പെട്ടതാണ്.]

Photo, M. O. Ipe, The Scout-master, 1st Eraviperoor Troop. Tiruvella, Travancore.

12-ാംപേജിൽനിന്നും (തുടർച്ച)

ഈ മുറി എത്ര ഭംഗിയുള്ള ഒരു കിടക്കമുറിയാക്കി മാററിയിരിക്കുന്നു. ഇന്നും നിങ്ങളുടെ കിടക്ക അപഹരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല."

അപ്പോഴേക്കും നല്ല മണമുള്ള 'കട്ലററും' കാപ്പിയുമായി പുതിയ അരിവെപ്പുകാരൻ ഹാജരായി. പുതിയ ഭൃത്യൻെറ പാചകസാമർത്ഥ്യം സമ്മതിക്കാതെ തരമില്ല

ഒരു ദിവസം വൈകുന്നേരം മാധവിയും അവളുടെ അച്ഛനമായി, അവിടെ വരികയുണ്ടായി. ഒരു കാര്യം തുറന്നു പറയുകതന്നെ വേണം. മി: മങ്കുത്ത്, ഒരു നല്ല നേരംപോക്കുകാരനും സരസനായ ഒരു സംഭാഷകനും ആയിരുന്നു. ആരെയും എത്ര നേരം വേണമെങ്കിലും രസിപ്പിച്ചുകൊണ്ടിരിക്കാനുള്ള മിടുക്ക് അയാളുടെ കൈവശമുണ്ടായിരുന്നു. മങ്കുത്തിനെപ്പററി വളരെ നല്ല അഭിപ്രായത്തോടുകൂടിയാണ് മാധവിയും അച്ഛനും അവിടം വിട്ടതു്.

പിറേറദിവസമായപ്പോഴേക്കും എൻെറ അതിഥിക്ക് ഒരു കഠിനജലദോഷം പിടിപെട്ടു. അതുകൊണ്ട്, നിവൃത്തിയില്ലാതെ കുറെ ദിവസംകൂടെ അവിടെ താമസിച്ചുകൊള്ളുന്നതിന് അയാളെ അനുവദിച്ചു. എനിക്ക് ആകപ്പാടെ ഒരസുഖവും നീരസവും തോന്നി. മാധവിയോട് ഇയാളെപ്പററിയുള്ള കഥ പറഞ്ഞപ്പോൾ അവൾ കണക്കിലധികം ചിരിക്കയുണ്ടായി. അല്ലെങ്കിൽതന്നെ ഈ പെണ്ണുങ്ങൾക്ക വിഷമത്തിൽ മനുഷ്യരെ ഭ്രാന്തുപിടിപ്പിക്കാനുള്ള വാസന ചില്ലറയല്ലല്ലോ.

ഞാൻ ഈർഷ്യയോടെ പറഞ്ഞു:—"മാധവിക്കു ചിരിച്ചാൽ മതി. വിഷമം അനുഭവിക്കുന്നതു ഞാനാണ്. ശനി വിട്ടൊഴിയുന്ന ഭാവവുമില്ല"

അവൾ വീണ്ടും ചിരിച്ചു. എന്നിട്ട് "സ്വന്ത ആദർശത്തിനും അഭിപ്രായത്തിനും വിപരീതമായി അയാളെ ആത്മഹത്യയിൽനിന്നും എന്തിനു രക്ഷിച്ചു?" എന്നു ചോദിച്ചു.

ഞാൻ മറുപടി പറയാതെ എണീററുപോന്നു.

ആഴ്ച ഒന്നു കഴിഞ്ഞു. ഓരോ ദിവസം ചെല്ലുന്തോറും അയാൾ എൻെറ വീട്ടിൽ കൂടുതൽകൂടുതൽ സ്വാതന്ത്ര്യം കാട്ടാൻ തുടങ്ങി. എൻെറ പററുവരവുകടയിൽനിന്നും മുണ്ടും നേര്യതും ഇഷ്ടംപോലെ വാങ്ങുന്നതിന് അയാൾ മടിച്ചില്ല. അതോ വിലകൂടിയ ചരക്കുകൾ. പല്ലു ഞെരിച്ചുകൊണ്ടു ഞാൻ എല്ലാം സഹിച്ചു.

മാധവിയും ഞാനുമായുള്ള വിവാഹം തീച്ചയാക്കി. അന്നു വൈകുന്നേരം പനിമതി പരിപൂർണ്ണനായി പ്രശോഭിക്കെ ഞാൻ വളരെ ഉത്സാഹവാനായിട്ടാണു വീട്ടിലേക്കു പോയതു്. എന്നെ കണ്ടിട്ട് അയാൾ പറഞ്ഞു:—"മി: നായർ, എന്തോ സന്തോഷവാത്ത ഉള്ളതുപോലെ തോന്നുന്നല്ലോ. ഇതേവരെ എവിടെ ആയിരുന്നു." വെറുപ്പോ ദേഷ്യമോ, എന്തൊരു വികാരമാണ് എനിക്ക് ആ ചോദ്യം കേട്ടപ്പോൾഉണ്ടായതെന്നു നിശ്ചയമില്ല. ഞാനൊന്നും പറയാതെ എൻെറ മുറിയിലേക്കു കടന്നുപോയി.

ഈ അപൂർവ്വാതിഥിയുടെ വരവിനുശേഷം എൻെറ ചിലവുകൾ അമിതമായി വർദ്ധിച്ചു. അനാവശ്യമായ പല കാര്യങ്ങൾക്കും അയാൾ എൻെറ പണം ചിലവാക്കി. ഒരു ദിവസം ഞാൻ മുഖം കറുപ്പിച്ചുകൊണ്ടു ഗൌരവത്തിൽ പറഞ്ഞു:—

"ഹേ കേട്ടോ. ഞാൻ ഇപ്പോഴും ഒരു വെറും വിദ്യാർത്ഥിമാത്രമാണ്. എനിക്കിങ്ങനെ പണം കണ്ടമാനം ചെലവുചെയ്യാൻ നിവൃത്തിയില്ല."

അയാൾ തലയാട്ടിക്കൊണ്ടു പറഞ്ഞു:—"എൻെറ പൊന്നുകുട്ടൻ ഇതെല്ലാം നേരത്തെ ആലോചിക്കേണ്ടിയിരുന്നു. അതേ ആവശ്യപ്പെടാതെ അന്യരുടെ കാര്യങ്ങളിൽ കൈകടത്തി പ്രവർത്തിക്കുന്നതിനു മുമ്പ്. ഞാൻ ലോകത്തെ അവസാനമായി വെടിയുവാൻപോയ അവസരംവരെ ഞാൻ ഒരു വിധം നല്ല നിലയിൽ കഴിഞ്ഞവനാണ്. അതു് അസാദ്ധ്യമായി വന്നപ്പോൾ സ്വയഹത്യയാൽ പരിഹാരം ഉണ്ടാക്കാമെന്നു വിചാരിച്ചു് അതിനു തുനിഞ്ഞു. പക്ഷെ നിങ്ങൾ അതു തടഞ്ഞു. എൻെറ ആഗ്രഹത്തിനു വിപരീതമായി എന്നെ നിർബന്ധിച്ചു ഞാൻ സ്വന്ത ഇഷ്ടത്തോടെ ഉപേക്ഷിക്കാൻ വിചാരിച്ച, ആ പഴയ ജീവിതരീതിതന്നെ ഇപ്പോൾ എനിക്കു തുടരേണ്ടിയിരിക്കുന്നു. എൻെറ അന്തസ്സ് അതാവശ്യപ്പെടുന്നു."

ഞാൻ:—"മതി, മതി, നിർത്തണം. നിങ്ങൾ അന്തസ്സിനെപ്പററി അധികമൊന്നും പറയണ്ട."

"മി. നായർ" അയാൾ ശാന്തതയോടെ പറഞ്ഞു. "ഈ തരത്തിലുള്ള സംസാരം നിങ്ങൾക്കു യോജിച്ചതല്ല." കുറേനേരം വിഷമിച്ചു മൌനം ദീക്ഷിച്ചതിനുശേഷം—

ഞാൻ:—"ഹേ, എൻെറ വിവാഹം അടുത്തയാഴ്ച നടത്താൻ നിശ്ചയിച്ചിരിക്കുന്നവിവരം നിങ്ങൾ അറിഞ്ഞോ."

അതിഥി:—വളരെ വളരെ സന്തോഷം. നടക്കട്ടെ അതു നിശ്ചയമായും വേണ്ടതു തന്നല്ലൊ. എനിക്കു മററുള്ളവർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതു വളരെ ഇഷ്ടമാണ്. സ്ത്രീകളുടെ സാന്നിദ്ധ്യമാണ് ഒരു കുടുംബത്തിൻെറ പ്രകാശം. വിശേഷിച്ചു സുന്ദരിയും സൌഭാഗ്യവതിയും ആയ മാധവിഅമ്മ ഈ വിടിനു് ഒരലങ്കാരം തന്നെ ആയിരിക്കും. നല്ല കോലം, നല്ല ശീലം; നമുക്കെല്ലാവക്കും ഏകയോഗക്ഷേമമായിട്ട് ഇവിടെ കഴിഞ്ഞുകൂടാം." അയാളുടെ മുഖം സന്തോഷംകൊണ്ടു വികസിച്ചു.

ഞാൻ:—(ഈർഷ്യയോടെ "നിങ്ങൾ പറയുന്നതിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല" (പുച്ഛസ്വരത്തിൽ) അതേ, മാധവിക്കും എനിക്കും നിങ്ങളുടെ വിലയേറിയ സാന്നിദ്ധ്യം ഉപേക്ഷിക്കാൻ സാധിക്കയില്ല"

അതിഥി.—"അതിനെപ്പററി ഒട്ടും ഭയം വേണ്ട. ഞാൻ നിങ്ങളെ വിട്ടുപിരിയുകയില്ല. നിങ്ങളുടെ കുടുംബവലയത്തിൽ ദൃഢമായി ബന്ധിച്ചവനായിപ്പോയിഞാനും."

ഇത്രയും കേട്ടപ്പോൾ ഞാൻ ക്ഷമയററു അട്ടഹസിച്ചു. "ഹേ, നിങ്ങൾ എന്തസംബന്ധമാണിപ്പറയുന്നതു്" എൻെറ കുടുംബവുമായി എങ്ങാണ്ടു കിടന്ന നിങ്ങൾക്കു ഒരു ബന്ധവുമില്ല. ഇവിടെ നിങ്ങളുടെ സ്വാതന്ത്ര്യം കുറെ കടന്നുപോയി. കേട്ടോ. ദയവുചെയ്തു നാളെത്തന്നെനിങ്ങൾ ഇവിടെനിന്നും പൊയ്ക്കൊള്ളണം. നാളെ—ഇ... ഇ.. ഇല്ലെങ്കിൽ രണ്ടു ദിവസം കഴിഞ്ഞു്"

അയാൾ എൻെറ മുറിയിൽനിന്നും ഇറങ്ങിപ്പോയി. കുറച്ചു കഴിഞ്ഞു നോക്കിയപ്പോൾ എൻെറ "ഷേവിംഗുസെററു" എടുത്തു മുഖം വടിക്കുന്നതായിട്ടാണ് ഞാൻ അയാളെ കണ്ടതു്.

വിവാഹദിവസം അടുത്തു വരുന്തോറും മാധവിക്കു എന്തോ, എന്നോടുള്ള പ്രേമം തണുത്തു പോകുന്നതായി എനിക്കു തോന്നി. ഒരു ദിവസം വൈകിട്ടു ഞാൻ നടക്കാൻ പോയപ്പോൾ പുഴയുടെ ഒരു വിജനമായ സികതത്തിൽ രണ്ടുപേർ സരസസംഭാഷണത്തിൽ ലയിച്ചു രസിക്കുന്നതു കണ്ടു. മാധവിയും മങ്കുത്തുംആയിരുന്നു അവർ. മാധവിയുടെ കവിൾത്തടങ്ങൾ അരുണവർണ്ണമായും നയനങ്ങൾ വികാരവൈവശ്യത്താൽ നിമീലിതമായും കാണപ്പെട്ടു. മങ്കുത്ത് മൃദുസ്മേരം പൊഴിച്ചു് ഉത്സാഹത്തോടുകൂടി എന്തൊക്കെയോ പറയുകയുംകയ്യിലുള്ള ചെറുചൂരൽ കറക്കി മേലോട്ടെറിഞ്ഞു പിടിക്കയും ചെയ്യുന്നുണ്ടായിരുന്നു. ഈ കാഴ്ച എൻെറ ഹൃദയത്തെ വല്ലാതെ മഥിച്ചു.

മാധവിയോട് എൻെറ സംശയനിവൃത്തിക്കായി, ഒരവസരത്തിൽ ഞാൻ ഇങ്ങനെ ചോദിച്ചു.

"ഈയിടെ മങ്കുത്തും മാധവിയുമായി വലിയ കൂട്ടുകെട്ടിലാണെന്നുതോന്നുന്നല്ലൊ"

മാധവി:—"അതേ. ഞങ്ങൾ സ്വല്പം പരിചയത്തിലാണ് എന്തൊരു അസാധാരണ മിടുക്കനൊന്നറിയാമോ അദ്ദേഹം."

ഞാൻ:—"ഓഹോ, എനിക്കു നല്ലതുപോലെ അറിയാം."

മാധവി:—"പക്ഷെ താങ്കളുടെ അതിഥിയായി അദ്ദേഹത്തിനു വേണ്ട സുഖമോ സൌകര്യമോ ഉണ്ടെന്നു തോന്നുന്നില്ല."

ഞാൻ. ഇതുകേട്ടിട്ടു എനിക്ക് പരമാർത്ഥമായ സന്തോഷമുണ്ട്. അപ്പോൾ അയാൾ സൌകര്യവും സുഖവുമുള്ള സ്ഥലം നോക്കി മാറിക്കൊള്ളുമല്ലോ. അതാണ് ഞാനേററവും ആഗ്രഹിക്കുന്ന ഒരു സംഗതി."

മാധവി:—(ദേഷ്യഭാവത്തിൽ) "കഷ്ടം! നിങ്ങൾ ഇത്ര നിഷ്ഠുരനോ അദ്ദേഹം നിങ്ങളെപ്പററി പറയുന്നതു കേട്ടാൽ നിങ്ങൾ അദ്ദേഹത്തിൻെറ സ്വന്തത്തിൽ ആരോ ആണെന്നു തോന്നിപ്പോകും"

ഞാൻ:—"അതേ, അതേ, സ്വന്തം. അയാൾ വന്നതിൽപിന്നെ എനിക്ക് എന്തൊരു ചിലവാണ്. നാശം പോവുകയുമില്ല."

ദേഷ്യംകൊണ്ടു അവളുടെ നയനങ്ങൾ ജ്വലിച്ചു. അവൾ പറഞ്ഞു. "ഇതേവരെ നീചത്വം നിങ്ങൾക്കുള്ള ഒരു ദൂഷ്യമാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല. നിങ്ങൾ മുൻകോപിയാണെന്നും മററും ഞാൻ ഏതാണ്ടു മനസ്സിലാക്കിയിരുന്നു: എന്നാലും നിങ്ങളൊരുദാരമനസ്കനും നിസ്സ്വാർത്ഥനുമാണെന്നാണു ഞാൻ കരുതിയിരുന്നതു്.

## സ്വരൂപറാണി.



നാടകലോകത്തിലെ ഒരു നവീനനടിയായ മിസ്സ് സ്വരൂപറാണി അല്പകാലത്തിനുള്ളിൽ പ്രശസ്തയായി തീർന്നിരിക്കുന്നു. 'എഡ്യൂക്കേറ്റഡ് വയിഫ്', ആർ. എ. ഇസ്ലാം എന്നീകഥകളുടെ അഭിനയത്താൽ മിസ്സ് സ്വരൂപറാണി ഒരു 'താര'പദവിയിലേക്കുയർന്നിരിക്കുന്നു.

# പ്രിയതമയോട്.

(എസ്സ്. കെ. പൊറെറക്കാട്ട്)

ഒരുവേള,ഞാനോമൽപ്രാണനാഥേ,
മറവിയാംമഞ്ഞിൽമറഞ്ഞുപോകാം;
മലർപോലെനാളേക്ക ഹാ, നിനക്കെൻ
മധുരസ്മരണയുതിൻപോകാം;
ഭവദിയപ്രേമപ്രസൂനമാധ്വി
കവരാനപരനൊന്നുണ്ടായ്വരാം.
... ... ... ...
... ... ... ...
പുലവേളയിൽപ്പൂവ്വദിക്കാരുണ്യ
പ്രളയത്തിൽപ്പാരംപരിസ്ഫുരിയ്ക്കും,
അനഘേഹിന്നോമൽത്തുടുകപോലം
മനസിഞാനോക്കു,മെൻമാറുവീക്കും.
കരുവിക്കുഞ്ഞുങ്ങളൊളിഞ്ഞകുഞ്ജം
വരമിഴി,ഹാ!നീയൊഴിഞ്ഞരംഗം,
ഒടുവീർപ്പുവിട്ടുഞാനാഞ്ഞുനോക്ക
മുറവുമശ്രുക്കളാലന്ധനായി!
... ... ... ...
... ... ... ...
ദിനമല്ല,തിങ്ങളുംവത്സരങ്ങ-
ളനവധിയെന്നൊക്കടന്നുപോട്ടെ,
മരുവിലൊഴുകുമരുവിപോലെ
മരുവട്ടുംനീയെന്നുമെന്മനസ്സിൽ

---

ഞാൻ—"എന്നുകരുതി ഇയ്യാളുടെ അക്രമങ്ങൾ ഞാൻ ഇനിയും മിണ്ടാതെ സഹിക്കണമെന്നോ?"

മാധവി.—ഒരുപക്ഷെ അദ്ദേഹത്തെ അന്നുരാത്രി രക്ഷിക്കേണ്ടിയിരുന്നില്ലെന്നു നിങ്ങൾ ഇപ്പോൾ വിചാരിക്കുന്നുണ്ടായിരിക്കാം."

ഞാൻ—"വാസ്തവം പറഞ്ഞാൽ ഞാൻ മനഃപൂർവ്വം അങ്ങനെതന്നെ വിചാരിക്കുന്നു. എന്നുവരികിൽ എന്തുപദ്രവം ഒഴിക്കാമായിരുന്നു"

മാധവി—അടക്കാൻപാടില്ലാത്ത കോപത്തോടുകൂടി "അഹോ ഭയങ്കരം! ഒരു സഹജീവിയുടെ മരണത്തെ മനഃപൂർവ്വം ആഗ്രഹിക്കുന്ന ഒരു പുരുഷൻെറ മനസ്സ് എത്ര കഠിനമായിരിക്കണം ഇങ്ങനെയുള്ള ഒരാളാണ് നിങ്ങൾ എന്നു ഞാൻ ഇപ്പോഴേ മനസ്സിലാക്കിയൊള്ളു. ഏതായാലും ലോകത്തിനുണ്ടാകുമായിരുന്ന ഒരു മഹാനഷ്ടം നിങ്ങളുടെ പ്രവൃത്തിമൂലം തടഞ്ഞുവല്ലോ. അതുതന്നെ വലിയ കാര്യം" അവൾ തലവെട്ടിത്തിരിച്ചുകൊണ്ടു അവിടെനിന്നുംപോയി. മാധവിയുടെ വിചിത്രമായ പെരുമാററത്തിൽ ഞാൻ അത്ഭുതപ്പെട്ടു. ഇതിൻെറയെല്ലാം അടിയിൽ എന്തോ കിടപ്പുണ്ടെന്നു് അസ്പഷ്ടമായ ഒരു തോന്നൽ എനിക്കുണ്ടായി.

അന്നുരാത്രിയിൽ ഞാൻ അത്താഴം എൻെറ മുറിയിൽ വരുത്തിക്കഴിക്കയാണു ചെയ്തതു. വേലക്കാരോടുപോലും ഞാൻ മങ്കൃത്തിനെപ്പററി അന്വേഷിച്ചില്ല. അയാളോട്ട് എനിക്കത്രയ്ക്കു വെറുപ്പുതോന്നിയിരുന്നു.

അടുത്തദിവസം കോപം ഒട്ടു ശമിച്ചപ്പോൾ ഞാൻ എൻെറ വിശേഷപ്പെട്ട കൂട്ടുകാരനെപ്പററി അന്വേഷിച്ചു. അയാളുടെ മുറിയിൽ അയാളെ കണ്ടില്ല. മുഖം നോക്കുന്ന കണ്ണാടിയുടെ പിടിയിൽ മടക്കിവച്ചിരുന്ന ഒരു എഴുത്തു് എൻെറ ശ്രദ്ധയെ ആകൎഷിച്ചു. ഞാൻ ആ എഴുത്തെടുത്തു ഇപ്രകാരം വായിച്ചു.

മി. നായർ!

ഞാൻ ഇവിടം വെടിഞ്ഞിരിക്കുന്നു എന്നറിയുമ്പോൾ പക്ഷെ നിങ്ങൾക്കു വളരെ ആശ്വാസം തോന്നിയേക്കാം. മനസ്സില്ലാമനസ്സോടെ നിങ്ങൾ ചെയ്ത ആതിഥ്യത്തിനു നമസ്കാരം. നിങ്ങൾക്കു നല്ലതു ഭവിക്കട്ടെ.

എന്നു സ്വന്തം
കെ. എം. മങ്കൃത്തു്. (ഒപ്പു)

എഴുത്തു വായിച്ചുതീൎന്ന ഉടൻതന്നെ ഒരു ആശ്വാസനിശ്വാസം എന്നിൽനിന്നും വിമുക്തമായി. ഹാ! ആ ധൂമകേതു എന്നെ ചുററിയുള്ള അന്തരിക്ഷത്തിൽനിന്നും മറഞ്ഞുകഴിഞ്ഞല്ലൊ!

അടുത്തദിവസത്തെ 'മലയാളം'പത്രത്തിൽ തിരുവനന്തപുരംവാൎത്തകളുടെ കൂട്ടത്തിൽ ശ്രീവിലാസം കുഞ്ഞൻപിള്ള അവർകളുടെ മകൾ ശ്രീമതി മാധവിഅമ്മയും, പ്രസിദ്ധ നായർകുടുംബമായ കോട്ടയിൽനിന്നും മങ്കൃത്തുവീട്ടിൽ ശ്രീമാൻ കെ. എം. മങ്കൃത്തുമായുള്ള രജിസ്റ്റർവിവാഹം നടന്നിരിക്കുന്നതായി ഒരു കുറിപ്പുകണ്ടു.

ഈ വാൎത്താപ്രഹരംകൊണ്ടുള്ള എൻെറ തലകറക്കംതീരുന്നതിനുമുൻപു്, മാധവിയുടെ അച്ഛൻ 'മലയാള'ത്തിൻെറ ഒരു ഷീററുമായി, ഓടി വ യത്തു, വിവശനായി എൻെറ മുറിയിൽ കയറിവന്നു കോപംകൊണ്ടു് അദ്ദേഹം അടിമുടി വിറയ്ക്കുന്നുണ്ടായിരുന്നു. അദ്ദേഹം എന്നെ കുററപ്പെടുത്തി. പക്ഷെ ഇതിൽ ഞാനെന്തുചെയ്യാനാണു്?

# തിരുവോണം.

ടി. ആർ. അനന്തക്കുറുപ്പ്.

തിരുവോണത്തിന്റെ ആഗമത്തെപ്പററി പല അന്വേഷണങ്ങളും ഇതിനു മുൻപ് ഉണ്ടായിട്ടുണ്ട്. അവ ഓരോന്നും എത്രത്തോളം യുക്തിയുക്തമാണെന്നും പുതിയ ഒരു അഭിപ്രായം രൂപീകരിക്കാമോ എന്നും ആലോചിക്കാനാണ് എന്റെ പരിശ്രമം.

മഹാബലിയുടെ സ്വരാജ്യസന്ദർശനകഥയാണു തിരുവോണത്തെപ്പററിപരക്കെപറഞ്ഞുവരുന്നഒരുപ്രാചീനകഥ. ഹൈന്ദവപുരാണപ്രസിദ്ധമാണല്ലൊ വാമനാവതാരം. വാമനാവതാരം ഉത്തരഇൻഡ്യവിട്ട കേരളത്തിൽമാത്രം അത്രപ്രധാനമായിത്തീരുവാൻ ശരിയായ മാർഗ്ഗം കാണുന്നില്ല. മഹാബലിയെ ഒരു കേരളീയചക്രവർത്തിയാക്കി അഭിഷേകം ചെയ്താൽത്തന്നെയും ഒരു പരാജയോത്സവം നടത്തത്തക്ക വിധത്തിൽ അത്ര ഹീനമനസ്കന്മാരാണോ കേരളീയരെന്നു പ്രത്യേകം ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ വക വകല്പങ്ങൾക്കു മതിയായ ഇടം നൽകുന്നതിനാൽ തിരുവോണോത്സവത്തിന്റെ ഉത്ഭവകാര്യത്തിൽ മാവേലിയുടെ കഥ സാമാന്യം ഒരു പഴങ്കഥയായിത്തന്നെ തള്ളേണ്ടിയിരിക്കുന്നു.

ഇനി ഒരു കഥയുള്ളതു് തൃക്കാക്കര ക്ഷേത്രത്തെ സംബന്ധിച്ചാണല്ലൊ. ഓണത്തിനു മണ്ണുകൊണ്ടും മററും ബിംബമുണ്ടാക്കി വെച്ചു പൂജിക്കുന്നതു തൃക്കാക്കരയപ്പനെയാണെന്നുള്ളതു സ്മരണീയമാണ്. തൃക്കാക്കരക്ഷേത്രം അത്ര പ്രസിദ്ധമോ പ്രാചീനമോ ആണെന്നു തോന്നുന്നില്ല. ഏററുമാനൂർ, വൈക്കം മുതലായ ക്ഷേത്രങ്ങളോളം മാഹാത്മ്യമോ കീർത്തിയോ ആ ക്ഷേത്രത്തിനില്ലതന്നെ. ആ ക്ഷേത്രപ്രതിഷ്ഠാപനം സംബന്ധിച്ചു കേരളീയരെല്ലാം ഉത്സവം ആഘോഷിക്കുന്നു എന്നു വിചാരിക്കാൻ മേല്പറഞ്ഞ സംഗതി പ്രതിബന്ധമായിരിക്കുന്നു.


അടുത്ത കാലത്തു വേറൊരഭിപ്രായവും പുതിയ സർക്കാർ നാലാംപാഠം മുഖേന ഉദിതമായിട്ടുണ്ട്. ഓണം എന്നതു് കേരളീയരുടെ വിളവെടുപ്പു ഉത്സവമാണത്രെ. ചിങ്ങപ്പൂക്കൊയ്ത്തു എന്നതു് ആ പുസ്തകത്തിൽ നിന്നാണ് ആദ്യമായി ഞാൻ കേൾക്കുന്നതു്. കന്നിപ്പൂ, മകരപ്പൂ, മേടപ്പൂ എന്നെല്ലാം കേൾവിയുണ്ട്. ചിങ്ങത്തിൽ കൊയ്തെടുക്കുന്ന ഒരു കൃഷി കേരളത്തിൽ ചില ഭാഗങ്ങളിൽ ഇല്ലെന്നില്ല. അതു് പ്രധാനമായ ഒരു കൃഷിയായി ആ നാട്ടുകാർപോലും ഗണിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഓണം ഒരു വിളവെടുപ്പ് ഉത്സവമാണെങ്കിൽഅതു് പ്രധാനമായ ഒരു കൊയ്ത്തുകാലത്തോടു അനുബന്ധിച്ചുതന്നെ നടത്തേണ്ടിയിരിക്കുന്നു. കേരളത്തിലെ പ്രധാന വിളവെടുപ്പു ചിങ്ങത്തിലല്ലാത്തതിനാൽ ഈ നവീനാഭിപ്രായത്തിനും വേണ്ടുന്നത്ര ബലക്ഷയം ഉണ്ട്.

ഈ വക അഭിപ്രായങ്ങളെല്ലാം വിട്ട ഒരു പുതിയ രീതിയിൽ എന്റെ ചിന്ത വ്യാപരിക്കുന്നു. ഓണത്തിന്റെ ഉത്ഭവത്തെപ്പററി അത്ര വളരെ വളഞ്ഞു് ആലോചിക്കേണ്ടതില്ല. അബ്ദാരംഭോത്സവം ലോകത്തിൽ സർവ്വസാധാരണമാണല്ലൊ. മലയാളികളുടെ വർഷാരംഭം ചിങ്ങമാസമായിരിക്കെ അതു് ഒരു അബ്ദാരംഭോത്സവമല്ലെന്നു എന്തിനു വിചാരിക്കണം.

കേരളീയർ ഇതരന്മാരേക്കാൾ ജ്യോതിശ്ശാസ്ത്രവിശാരദന്മാരായിരുന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളുണ്ട്. അവരുടെ അബ്ദാരംഭമാസം ചിങ്ങമാസമാക്കിയതിലും ഒരു യുക്തി കാണുന്നു. ചിങ്ങം രാശി സൂര്യന്റെ സ്വക്ഷേത്രമത്രെ. സ്വക്ഷേത്രത്തിൽ നില്ക്കുന്ന ഗ്രഹത്തിനു പൂർണ്ണബലമുണ്ടെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. അങ്ങനെ സ്വക്ഷേത്രം മുതൽ മാസമെണ്ണിത്തുടങ്ങുന്നതു എത്ര ചുരുക്കമായിരിക്കുന്നു. അക്കഥയിരിക്കട്ടെ. അബ്ദാരംഭോത്സവമാണോ തിരുവോണമെന്നു നമുക്കു ഒന്നുകൂടി പരിശോധിക്കാം. തെക്കൻദിക്കുകളിൽ ചിങ്ങമാസത്തിലെ ഓണത്തിനു പ്രാധാന്യം കൂടുമെങ്കിലും വടക്കൻദിക്കുകളിൽ അങ്ങനെയല്ല. വടക്കോട്ടൊക്കെ കന്നിമാസത്തിലെ ഓണമാണു പ്രധാനം. അബ്ദാരംഭമാസം വടക്കുള്ളവർ കണക്കാക്കുന്നതു കന്നിയായിട്ടാണ്. മി. നാലപ്പാടന്റെകണ്ണുനീർത്തുള്ളിയിൽക്കൂടി ഈ വാസ്തവം പലരും ധരിച്ചിരിക്കാം. ഇതിനു കാരണമായി ഒരു പഴയ കഥയുണ്ട്. കൊല്ലവർഷം ഏർപ്പെടുത്തിയതു കൊല്ലത്തുവെച്ചാണല്ലൊ. അതു ഏർപ്പെടുത്തിയ ആൾക്കു് കേരളം ഒട്ടുക്കു് ആ നവ്യവർഷം പ്രചരിപ്പിക്കണമെന്നുണ്ടായിരുന്നു. ഇന്നത്തെപ്പോലെ ഗതാഗതസൌകര്യമില്ലാതിരുന്ന അക്കാലത്തു് ഈ നവ്യവർഷത്തെപ്പററി വടക്കു അറിവു കൊടുത്തപ്പോഴേക്കും ഒരു മാസം കഴിഞ്ഞുപോയത്രെ. എന്റെ അഭിപ്രായം മറെറാരു തരത്തിലാണ്. സൂര്യൻ സ്വക്ഷേത്രം വിട്ടു സഞ്ചാരം ആരംഭിക്കുന്ന കന്നിമുതൽ മാസമെണ്ണുന്നതു യുക്തമായി വടക്കർ ഗണിച്ചിരിക്കാം. ഈ സംഗതി ഇവിടെ വിസ്തരിച്ചതു തിരുവോണം അബ്ദാരംഭോത്സവമല്ലെങ്കിൽ തെക്കും വടക്കും വ്യത്യാസം വരാൻ കാരണമില്ലെന്നു തെളിയിക്കുന്നതിനാകുന്നു.

ഇവിടെ ഒരു ചോദ്യത്തിനവകാശമുണ്ട്. അബ്ദാരംഭോത്സവം ആദ്യതീയതിയിലല്ലാതെ തിരുവോണംവരെ നീണ്ടതെന്തുകൊണ്ടു്? ഹിന്തുക്കൾ തീയതിപ്രധാനന്മാരല്ലെന്നുള്ളതിനു വേറെയും ലക്ഷ്യങ്ങളുണ്ടല്ലൊ. ഞാൻ ഒന്നുകൂടി ഊഹിക്കുന്നു. കൊല്ലവർഷാരംഭത്തോടുകൂടി തൃക്കാക്കരക്ഷേത്രം ഉണ്ടാക്കുകയോ അഴിച്ചുപണിയിക്കയോ ചെയ്തിരിക്കാം. അങ്ങനെ ഒരു സ്മാരകമായി തൃക്കാക്കരക്ഷേത്രം ഓണത്തോടു ബന്ധപ്പെട്ടതായിരിക്കണം. പുരാണകഥകളെ അനുസരിച്ചു ക്ഷേത്രങ്ങൾ നിർമ്മിക്കുക എന്നല്ലാതെ സ്ഥലവിശേഷങ്ങളെക്കൊണ്ടു പുരാണങ്ങൾ നിർമ്മിക്കുക എന്നുള്ളതല്ല സാധാരണ പതിവു്. ഒന്നുകൂടി വ്യക്തമായി പറയുന്നപക്ഷം തൃക്കാക്കരക്ഷേത്രം പുരാണകഥയുണ്ടാക്കി എന്നുള്ളതല്ല വാസ്തവം; പുരാണകഥ തൃക്കാക്കരക്ഷേത്രം ഉണ്ടാക്കി എന്നു വിചാരിച്ചാൽ മതി. ഇപ്രകാരം ആലോചിക്കുന്നപക്ഷം എല്ലാ അഭിപ്രായങ്ങൾക്കും ഒരു സാമരസ്യം സിദ്ധിക്കുന്നുമുണ്ട്. അതിനാൽ എന്റെ പൂർണ്ണമായ വിശ്വാസം തിരുവോണം എന്നതു മലയാളികളുടെ അബ്ദാരംഭോത്സവമെന്നാകുന്നു.


## പ്രചാരത്തിനായിമത്സരവില.



വളരെ ബലമുള്ള വെള്ളവല കൊണ്ടുണ്ടാക്കപ്പെട്ടതോ മനോഹര വർണ്ണങ്ങളിലുള്ളതോ ആയതും വളരെ ഈടുള്ളതുമായ സ്വദേശി കൊതുകുവലകൾ, ഒരേവിലയ്ക്കു വിൽക്കപ്പെടുന്നു. ഇഷ്ടമുള്ള ഏതു വലിപ്പത്തിലും ആർഡർ കിട്ടിയ 4 മണിക്കൂറിനകം ചെയ്തുതരുന്നതാണ്.

| നീളം. | വീതി. | ഉയരം. | | വില. | |
|---|---|---|---|---|---|
| 6 | 3½ | 2½ | 1 | 14 | 0 |
| 6 | 4 | 4 | 2 | 0 | 0 |
| 6½ | 4½ | 4½ | 2 | 8 | 0 |
| 7 | 5 | 5 | 3 | 0 | 0 |
| 7½ | 6 | 6 | 4 | 0 | 0 |

ഏതെങ്കിലും നാലുവലകൾ ഒരുമിച്ചു വാങ്ങുന്നവർക്കു തപാൽചിലവും 6 എണ്ണം വാങ്ങുന്നവർക്കു ഇക്കാണുന്ന മനോഹരമായതും 5 വർഷത്തെ ഗാറൻറിയുള്ളതുമായ നിക്കൾ റിസ്റ വാച്ചും ഇനാം. മാതൃക കട്ടിംഗ്സിനു് അപേക്ഷിക്കുക

Bijaya Shambhu & Co.
Barabazar, Calcutta.

**Cure for Tooth Trouble etc.**

**Consult Dr. Philip Modiel,**

**Surgeon Dentist,**

**Statue Road, Trivandrum.**

## കാമകലാസഞ്ചികകൾ.

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുഃഖഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗ്രന്ഥതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,
കൊല്ലം.

(പത്താംപുറത്തുനിന്നും തുടച്ച്)

സ്വന്തങ്ങളും അയാളുടെ പൂർവ്വവൃത്താന്തവും ഒട്ടേവും അമ്മുവിന്റെ അളവററ സംതൃപ്തിക്കും അമ്മാവന്റെ ഉജ്ജ്വലമായ കോപത്തിനും മററുള്ളവരുടെ ഇച്ഛാഭംഗത്തിനും തീവ്രതകൂട്ടി. ഇങ്ങനെ അന്നത്തേ സംബന്ധ ആലോചനയും കഴിഞ്ഞു.

ഭഗവാനെ, ഏവംവിധങ്ങളായ എത്രസഹസ്രം ആലോചനകൾ ഓരോപെൺകുട്ടിയേയുംപററി കഴിച്ചാലാണ അമ്മൂമ്മമാരുടെ ഭാഷയിൽ ഉണക്കച്ചെണ്ണാമ്പിനും ഉണ്ണിമാങ്ങാക്കും കൊള്ളാത്ത ഒരു വീ യെക്കാരൻ വയലിൽപ്പെടുന്നതു്! ഇതിനിടയിൽ ദല്ലാളുകൊണ്ടുവന്ന ഒരു ചെറുക്കനെ കുലമഹിമക്കും അന്തസ്സിനും ഒത്തവണ്ണം സ്വീകരിച്ചു കുശലപ്രശ്നം ചെയ്യില്ലെന്നു അച്ഛന്റെപേരിൽ അമ്മ ഫയലാക്കുന്നേ കേസു ഒന്നു. കാപ്പിക്കു പുകസ്വാദുണ്ടായിരുന്നതുകൊണ്ടുമാത്രമാണ തമ്പി അങ്ങുന്നിന്റെ മകൻ സംബന്ധ ആലോചനയിൽനിന്നും വിരമിച്ചതു എന്നു അച്ഛൻ അമ്മയെ പ്രതിഃചത്തുകൊടുത്ത എതൃകേസ് (കൗണ്ടർ കേസ്) വേറൊന്നു്. വെല്ലവിളയിലെ ചെല്ലപ്പഅണ്ണനെ അച്ഛൻ എന്തിനാണു് എപ്പോഴും ഇങ്ങനെ ചീത്തപറയുന്നതു്. അദ്ദേഹം എന്നോടു സംസാരിച്ചു എന്നുവച്ചു അച്ഛനോടു എന്തപരാധമാണ ചെയ്തുപോയതു എന്ന മുന്നനുരാഗത്തെ അനുസ്മരിച്ചുള്ള മകളുടെ അനാവശ്യ തടങ്കലിനെ ആസ്പദമാക്കി ബോധിപ്പിച്ചിരിക്കുന്ന സങ്കടഹർജി മൂന്നാമതൊന്നു്. പെണ്ണും ചെറുക്കനും ആനയും കൊതുകുംപോലെ ഇരിക്കുന്നു. ആ കൊച്ചനെ എടുത്തു വിഴുങ്ങിക്കളയും. ചേരുകില്ലാ എന്നു് സംബന്ധക്കാര്യത്തിൽ കുററം പറയുക എന്നതൊഴിച്ചു മററു യാതൊരു ചുമതലയും വഹിക്കാത്ത ഇളമുറക്കാരണവരുടെ ഭാര്യയായ കൊച്ചമ്മാവിയുടെ അഭിപ്രായം ഒന്നിങ്ങനെ. അതല്ല. ചെറുക്കൻ സുഖക്കേടുകാരൻ. ക്ഷയരോഗി. അവർ പാരമ്പര്യമായി ഈ സുഖക്കേടുള്ളവരാണു്. ഈ വീട്ടിൽ അതു ഇതുവരെ കയറിയിട്ടില്ല. ഇനി കയററുന്നതു അത്ര ശരിയും അല്ല അതുകൊണ്ടു് സൂക്ഷിക്കണം. എന്നു യാതൊരു നഷ്ടവും ഇല്ലാത്ത വെറും വൈദ്യൻ ഗോവിന്ദപ്പിള്ള അവതരിപ്പിക്കുന്ന യുക്തിയുക്തമായ പ്രമേയം ഒന്നു്. മെഡിക്കൽ സ്കൂളിൽ രണ്ടാംവർഷക്ലാസ്സിൽ പഠിക്കുന്ന മൂത്തമ്മാവന്റെ മകൻ ശങ്കരൻകുട്ടിനായർ ആ പ്രമേയത്തെ പിൻതാങ്ങിയപ്പോൾ താഴെക്കാണുംപ്രകാരം ചെയ്ത ഹൃദ്യമായ പ്രസംഗം ഒന്നെല്ലാത്തിനും പുറമേ. മിസ്റ്റർ ഗോവിന്ദപ്പിള്ളവൈദ്യനും ഞാനുംതമ്മിൽ ഒന്നിലും യോജിക്കാറില്ലെങ്കിലും ഞങ്ങളുടെ വൈദ്യശാസ്ത്രങ്ങൾ വളരെ വ്യത്യസ്തങ്ങൾ എങ്കിലും ഈ സംഗതിയിൽ അദ്ദേഹം പറയുന്നതു് ഏറെക്കുറെ വാസ്തവമാണെന്നു സമ്മതിക്കാതെ തരമില്ല. വരൻ പൊതുവെ ഒരു ക്ഷീണശരീരനെന്നും രോഗിയെന്നും അല്ലാതെ അമ്മുവിന്റെ ഭാവിഭർത്താവിന്റെ രക്തത്തെ മലിനപ്പെടുത്തുന്നതു എന്തു രോഗാണുക്കളാണെന്നു് സൂക്ഷ്മമായി പരിക്ഷിച്ചറിയുന്നതിനു അദ്ദേഹത്തിന്റെ ശാസ്ത്രത്തിനു ആഴം പോരാ. എങ്കിലും രോഗിയാണെന്നു കണ്ടുപിടിച്ചതിൽ അദ്ദേഹത്തെ അനുമോദിക്കതന്നെ വേണം. അതോടുകൂടിത്തന്നെ അയാളെ ബാധിച്ചിരിക്കുന്ന രോഗം "ഗ്രാം നെഗററിവ് ഡിപ്ലോകോക്കസ്സ് ഇൻറ്റാസെല്ലുലാറിസ് മെനിംഗൈററിഡിസ് ആഫ് വെയ്ഷൽ ബാം (Gram negative diplococus intracellularis meningitidis of weishal baum) ആണെന്നാണ എന്റെ താഴ്മയായ അഭിപ്രായം. അതുകൊണ്ടു ഈ സംബന്ധമത്ര നല്ലതല്ല. അമ്മുവിനു ഇനിയൊരു നാലഞ്ചുകൊല്ലം കഴിഞ്ഞിട്ടുപോരയോ വിവാഹം എന്നുകൂടി ഞാൻ സംശയിക്കുന്നു" എന്നു് സ്വന്തം ആപ്ളിക്കേഷൻകൂടി ഫയലിൽചേർത്തു സമർത്ഥിക്കുന്ന ഇങ്ങനെവേണം വേണ്ടാ എന്നുള്ള വടം പിടിത്തംകഴിഞ്ഞു ഇരുകൂട്ടർക്കും ഒരുവിധം തൃപ്തി അടയത്തക്കവിധത്തിലുള്ള ഒരു സംബന്ധം ആലോചിച്ചുറക്കും. ഈ അവസരത്തിൽ ഒരു ചെറുകഥ എന്റെ സ്മൃതിപഥത്തിൽ എത്തുന്നുണ്ടു്. പണ്ടു രണ്ടുകൈകളും ജനനാൽതന്നെ ഇല്ലാതിരുന്ന ഒരു തിരുനൽവേലിക്കാറിയുടെ സ്വന്തക്കാർ അവൾക്കു ഒരു ഭർത്താവിനെ അന്വേഷിച്ചു പല ദിക്കിലും നടന്നു ഒടുവിൽ തഞ്ചാവൂരെത്തി ഇവിടെ ഇരുചെവികളും ജനിച്ചപ്പോഴെ ഇല്ലാതിരുന്ന ഒരാൾ ഉണ്ടായിരുന്നു. അയാൾക്കു അവിടെയെങ്ങും ഒരു ഭാര്യയെ കിട്ടാഞ്ഞതുകൊണ്ടു അയാൾ ദല്ലാൽമുഖേന ഭാര്യാന്വേഷണം തുടങ്ങി. ഈ ദല്ലാൽ തിരുനൽവേലിക്കാറിയുടെ സ്വന്തക്കാരെ കണ്ടുമുട്ടി. ഇരുകൂട്ടരും തങ്ങളുടെ കക്ഷികളുടെ വിവാഹക്കാര്യത്തിൽ നിർബന്ധബുദ്ധി കൈക്കൊണ്ടിരുന്നതുകൊണ്ടു ദമ്പതിമാരുടെ അംഗവൈകല്യങ്ങൾ പരസ്പരം അറിയിക്കാതെതന്നെ കല്യാണം പറഞ്ഞുറപ്പിച്ചു. സ്ത്രീക്കു കൃത്രിമക്കയ്കളും പുരുഷനു കൃത്രിമച്ചെവികളും വച്ചുപിടിപ്പിച്ചു മററുവിധത്തിൽ സുന്ദരിസുന്ദരന്മാരായ ദമ്പതിമാർ കല്യാണപ്പന്തലിൽ ആസനസ്ഥരായി. കല്യാണത്തിന്റെ മുഖ്യചിഹ്നമായ താലികെട്ടു് കഴിഞ്ഞ ഉടൻ, അതുവരെ ഒരുവിധം അടക്കിവച്ചിരുന്ന സന്തോഷാധികാരങ്ങളെ സംയമനം ചെയ്യുന്നതിനു ശേഷിയില്ലാതെ, താലികെട്ടിയ മണവാളനെ പററിച്ചു, എന്നുതന്നെ സദാ പരിഹസിച്ചുകൊണ്ടിരുന്ന തന്റെ തോഴിമാരെ മനസ്സിലാക്കുന്നതിനായി തിരുനൽവേലിക്കാറി എഴുന്നേററുനിന്നു്, "ഇതു പാത്തിതോ?"എന്നു് ചോദിച്ചു് ദേഹം നന്നായി രണ്ടുപ്രാവശ്യം ഉലച്ചു. കെട്ടിവെച്ചിരുന്ന രണ്ടു് കൃത്രിമകൈകളും തെറിച്ചു് ദൂരെ വീണു. മുകിലന്റെ ആക്രമണം ഏററ ശുചീന്ദ്രത്തെ തൂൺവിഗ്രഹംപോലെ അംഗഹീനയായി മുഖത്തു വിളയാടുന്ന വിജയശ്രീയോടെ നിന്നു. ഒരു നിമിഷനേരത്തേക്കു മാത്രം തന്നെ ത്യജിച്ച മനഃസാന്നിദ്ധ്യം വീണ്ടും കൈക്കൊണ്ട വരൻ പന്തലിൽ എഴുന്നേററുനിന്നു പുതുപ്പെണ്ണിനെ ആനന്ദാശ്ചര്യത്തോടുകൂടി തലോടിക്കൊണ്ടു തന്റെ തല ഇടത്തോട്ടും വലത്തോട്ടും പെട്ടെന്നു രണ്ടുപ്രാവശ്യം വെട്ടിച്ചു. വച്ചുകെട്ടിയിരുന്ന രണ്ടു ചെവികളും ദൂരെ വീണെങ്കിലും "ഇതൈന്നീർ പാക്കവില്ലയാ, അമ്മാ" എന്നു ചോദിച്ചതും ഒന്നിച്ചുതന്നെയായിരുന്നു.

ഈ ഡബിൾപ്രയോഗംകൊണ്ടു് ഇരുകൂട്ടരും തൃപ്തിപ്പെട്ടു ഭാര്യാഭർത്താക്കന്മാരായി സുഖമായി കഴിഞ്ഞുകൂടിപോലും. ഇതുപോലെ നിവൃത്തിയില്ലാത്ത പതനത്തിൽ എത്തുന്ന എത്രയോ ദമ്പതിമാർ കുറവുകൾ പലതുമുള്ള സഹചാരികളിൽ സംതൃപ്തരായിരിക്കാൻ നിർബന്ധിതരായി കഴിയുന്നതു നമ്മുടെ ചുററും നാം കാണുന്നുണ്ടു്. ആദിശങ്കരാചാരിമുതൽ അങ്ങേ ക്രൂറെറ കാളുഅമ്മവരെ മനസ്സിനു് ഇണങ്ങാത്ത ദാമ്പത്യജീവിതത്തിന്റെ ഇച്ഛാഭംഗം അനുഭവിച്ചവരാണെന്നു പറയുന്നതിൽ അതിശയോക്തി കാണുകയില്ല. ഇങ്ങനെക്കെയാണു് ഉദ്യോഗസ്ഥവീട്ടിലെ സംബന്ധആലോചന.

ഇതിലെല്ലാത്തിലും രസികത്വം കൂടും ഒരു പെട്ടി വിനോളിയാ സോപ്പിന്റെയും ഒരു കുപ്പി കേശരഞ്ജിനിതൈലത്തിന്റെയും സഹായത്തോടുകൂടി മദ്ധ്യസ്ഥൻ ഇല്ലാതെ, തന്നെ നടത്തുന്ന നാട്ടുമ്പുറത്തെ സ്വതന്ത്രബുദ്ധികളായ യുവകാമുകരുടെ ദാമ്പത്യപ്രാരംഭം. എക്സൈസും പോലീസും ശിപായികളുടെ, തന്നിലും താഴ്ന്ന ഒരു ദല്ലാലിനെ നിറുത്തിക്കൊണ്ടു, താൻ തനിയെ പ്രസംഗിച്ചു ദല്ലാലിനെക്കൊണ്ടു "എസ്സ്" മൂളിച്ചു് ഏഴാമത്തെ സ്ഥലംമാററത്തോടു അനുബന്ധിച്ച ഒമ്പതാമത്തെ സംബന്ധആലോചനകളുള്ള ആസ്വാദ്യതയും ഗാംഭീര്യവും ഒന്നു പ്രത്യേകമാണു. ചന്തക്കു പോകുന്ന വഴിയിൽ വച്ചു കണ്ടുമുട്ടി ലോകത്തെ മറന്നുള്ള പ്രണയത്താൽ ബദ്ധരായ കൂലിവേലക്കാരുടെ കോർട്ടിങ്ങും, കടൽപ്പുറത്തു വലിച്ചുകയററി വച്ചിരിക്കുന്ന മീൻതോണിയിൽ കയ്യ് ഊന്നിനിൽക്കുന്ന മത്സ്യഗന്ധി വല നന്നാക്കിക്കൊണ്ടിരിക്കുന്ന ദാശയുവാവുമായി ആടുന്ന ശൃംഗാരപദങ്ങളും, വിദ്യാർത്ഥികളായിരിക്കുമ്പോൾ വായിക്കാൻ കൊടുക്കുന്ന പുസ്തകങ്ങളിൽ ഉള്ളടക്കം ചെയ്തും വഴിയിൽ യാദൃച്ഛികമായി വീഴ്ത്തിയും വിതരണം ചെയ്യുന്ന ഭീരുക്കളുടെ രാഗലിഖിതങ്ങളും ഏഴെട്ടു കുഞ്ഞുങ്ങളുടെ മാതാവായ സ്വന്തം ഭാര്യയ്ക്കു പ്രായാധിക്യം വന്നുപോയതിനാൽ സാഹിത്യക്കൊഴഞ്ഞാട്ടംകൊണ്ടും പദ്യബാണങ്ങൾ കൊണ്ടും യുവഹൃദയങ്ങൾ ഹരിക്കാൻ ശ്രമിക്കുന്ന മദ്ധ്യവയസ്കന്മാരുടെ കൃത്താട്ടങ്ങളും മററും മററും അനുദ്യോഗസ്ഥ സ്ഥാനങ്ങളിലെ ദല്ലാൽശൂന്യമായ സ്വതന്ത്രവിവാഹആലോചനകളുടെ വകഭേദങ്ങൾ ആണു്.

മേൽവിവരിച്ചതുപോലെ ഒരാറു ജാമാതാക്കളുടെ ശ്വശുരനാകാൻ പാപം ചെയ്ത ആ കടുംതപസ്വിയെ സാഷ്ടാംഗം പ്രണമിക്കതന്നെ വേണം. വലിയ ആലോചനകൾക്കുശേഷം പ്രതിബന്ധങ്ങൾ എല്ലാം തട്ടിത്തകർത്തു് അവശതപ്പെട്ടു വീട്ടിനകത്തു കടത്തിക്കൂട്ടുന്ന ചില ജാമാതൃസത്വങ്ങളെ പോലീസുകാരുടെയും വക്കീലന്മാരുടേയും സഹായസഹകരണങ്ങൾകൊണ്ടുപോലും വെളിയിലിറക്കി വിടാൻ നിവൃത്തിയില്ലാതെ കഴങ്ങുന്ന ശ്വശുരന്മാരുടെ സ്ഥിതിയോ?

(അവകാശം ലേഖനകർത്താവിനു്.)

—:o:—

# അനിഴംതിരുനാൾ തിരുമനസ്സുകൊണ്ടും മലയാളഭാഷയും.

പുലിയന്നൂർ എസ്സ്. രാമയ്യർ.

കന്യാകുമാരിമുതൽ ഇടവാവരെ മാത്രം വിസ്തൃതമായിരുന്ന തിരുവിതാംകൂർ രാജ്യത്തെ മിക്കവാറും നാം ഇന്നു കാണുന്ന നിലയിൽ പരിപുഷ്ടിപ്പെടുത്തി; രാജശത്രുക്കളെയും രാജ്യശത്രുക്കളെയും നശിപ്പിച്ച്; പരമകാരുണികനായി, പരമാനന്ദദായകനായി, പരമപണ്ഡിതനായി, രാജ്യഭരണധുരന്ധരനായി, ആശ്രിതജനപാരിജാതമായി, ശ്രീപത്മനാഭപദകമലപരമാരാധകനായി പ്രശോഭിച്ചിരുന്ന ശ്രീവീരമാർത്താണ്ഡവർമ്മകുലശേഖരപ്പെരുമാൾ തിരുമനസ്സിലെ സാഹിത്യസംബന്ധമായ ചില അപദാനങ്ങളെ കുറഞ്ഞൊന്നു പ്രപഞ്ചനം ചെയ്യുന്നതിനാണു ഞാൻ ആരംഭിക്കുന്നത്. തിരുമനസ്സിലേക്കു ചെറുപ്പകാലം മുതൽതന്നെ ശത്രുക്കളുടെ വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കേണ്ടിയിരുന്നു. അവിടുത്തെ ഒരു ദിക്കിൽ സ്വസ്ഥമായിരിക്കുന്നതിനു വിരോധികൾ സമ്മതിച്ചിരുന്നില്ല. കൊട്ടാരത്തിനകത്തും പരമവിരോധികളുണ്ടായിരുന്നു. പതിമൂന്നു തിരുവയസ്സാകുന്നതിനു മുൻപു രാജ്യകാര്യങ്ങളിൽ തലയിട്ടുതുടങ്ങി. പിന്നെ അവിടുത്തേയ്ക്കു നേരിട്ട വിപത്തുകളെപ്പററി പറയാനുമില്ല. അതിനു മുൻപുള്ള വിദ്യാഭ്യാസം പറയത്തക്കവിധം പരിപുഷ്ടമായിരുന്നുവെന്നു വിചാരിക്കാൻ വഹിയാ. എന്നാൽ കൂർമ്മബുദ്ധിയായിരുന്ന അവിടുന്ന് അതിനു മുൻപുതന്നെ ഹിന്ദുസ്ഥാനി, സംസ്കൃതം, തമിഴ മുതലായ ഭാഷകൾ അഭ്യസിച്ചിരുന്നു എന്നു വിചാരിക്കണം. മലയാളത്തിന്റെ കഥ പറയാനുമില്ല. വഞ്ചിരാജകിശോരന്മാരുടെ വിദ്യാഭ്യാസത്തിൽ സ്വമാതുലന്മാർ വളരെവളരെ നിഷ്കർഷയുള്ളവരാണെന്നതു പ്രജകളായ നമുക്കനുഭവമുള്ളതുമാണല്ലൊ. സ്വമാതുലന്റെ വാത്സല്യപാത്രമായിരുന്ന തിരുമേനിയുടെ വിദ്യാഭ്യാസത്തിൽ മാതുലന്റെ ശ്രദ്ധ പതിയാതിരിക്കാൻ ഇടയുമില്ല. അവിടുത്തെ ഭരണകാലം മുഴുവൻതന്നെ സമരസന്നദ്ധത ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അതിനിടയിൽ നമ്മുടെ ഭാഷയ്ക്ക് അവിടുന്ന് എന്തു സഹായമാണു ചെയ്തിരുന്നത് എന്നത്ഭുതപ്പെടുന്നവർ പലരുമുണ്ടായിരിക്കും.

നാനാതരത്തിലും അവിടുത്തെ അനന്തരഗാമിയായിരുന്ന കാർത്തികതിരുനാൾ തിരുമനസ്സിലെ പണ്ഡിതസാർവ്വഭൗമത്വവും സ്വധർമ്മനിരതത്വവും പണ്ഡിതമാനിത്വവും എത്രയെന്നു പറഞ്ഞറിയിക്കേണ്ടതല്ല. തിരുമനസ്സിലെ വിദ്യാഭ്യാസത്തിലും ആയുധാഭ്യാസത്തിലും മാതുലനുണ്ടായിരുന്ന നിർബന്ധബുദ്ധിയാണ് ഒടുവിൽ അവിടുത്തേക്കഭിമാനകരമായിത്തീർന്നത്. സ്വവത്സന്റെ വിദ്യാഭ്യാസായുധാഭ്യാസപരീക്ഷണങ്ങൾ തിരുമേനിതന്നെ പല സന്ദർഭങ്ങളിലും നടത്തിയിട്ടുള്ളതായി ഐതിഹ്യങ്ങളുണ്ട്. തങ്ങളുടെ കുലമഹിമയ്ക്കുടിസ്ഥാനമായും താൻ പിടിച്ചടക്കുന്ന രാജ്യങ്ങളുടെ ശോഭനമായ ഭരണത്തിനു നിദാനമായും അനന്തരഗാമി സ്വയശസ്സോടുകൂടെ പ്രശോഭിക്കണമെന്ന് അവിടുത്തേക്കു നിർബന്ധമുണ്ടായിരുന്നു. തിരുമനസ്സിലെ സഹചരന്മാരായി തിരഞ്ഞെടുത്തിരുന്നതു പ്രശസ്ത പണ്ഡിതന്മാരെയായിരുന്നു. ആ പണ്ഡിതമണ്ഡലമധ്യവർത്തിയായി പ്രശോഭിക്കത്തക്ക വിധത്തിലാണ് ധർമ്മരാജാവുതിരുമനസ്സിലെ അവിടുത്തെ പ്രിയമാതുലൻ വളർത്തിവന്നത്. ദേവരാജകവിയുടെ ബാലമാർത്താണ്ഡവിജയം നാടകം അഞ്ചാമങ്കത്തിൽ "എന്റെ വത്സൻ താൻ അഭ്യസിച്ച കലകളിൽ എന്തെങ്കിലും ജ്ഞാനം സമ്പാദിച്ചിട്ടുണ്ടോ?" എന്നൊരു ചോദ്യം വിദ്വത്സമിതിയോടു മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു ചോദിക്കുന്നു. അതിന് അവർ ഐകകണ്ഠ്യേന

കലാവാൻ രാമചന്ദ്രോയ-
മകളങ്കാദ്ഭുതോദയഃ
ഗുണജ്യോത്സ്നാവിതാനേന
ഹ്ലാദയത്യഖിലം ജഗത്
തത്തൽകലാസു മർമ്മാണി
ധീമതാരാമവർമ്മണാ
അനാക്രാന്താനി ലക്ഷ്യന്തേ
നാസ്മാഭിർദൃതമാസ്ഥിതൈഃ

കളങ്കരഹിതനും അത്ഭുതോദയനും സകലകലാവാനുമായ ഈ രാമചന്ദ്രൻ തന്റെ സൽഗുണചന്ദ്രികാവിതാനംകൊണ്ടു സകലജഗത്തുകളെയും ആഹ്ലാദിപ്പിക്കുന്നു. ഞങ്ങൾ വളരെ വളരെ പണിപ്പെട്ടു കൂലങ്കഷമായി പരിശോധിച്ചു നോക്കിയിട്ടും ബുദ്ധിമാനായ രാമവർമ്മ ആ കലകളുടെ മർമ്മങ്ങൾ ഗ്രഹിക്കാത്തതായി കണ്ടിട്ടില്ല" എന്നു മറുപടി പറയുകയും ചെയ്യുന്നു. ആ നാടകം നാലാമങ്കത്തിൽ തന്റെ കുലഭ്രതികരനായ മരുമകൻ തൃപ്പടിദാനാവസരത്തിൽ കവികൾക്കു കാമിതം നൾകുന്നതു കണ്ടിട്ട് "സുചിരപ്രാർത്ഥിതമിദം ദൈവാദദ്യ ലബ്ധം

വത്സഃ കലാഭിസമ്പൂർണ്ണഃ
കദായം കലയേൽ സുധിഃ
ലീലാവിതീർണ്ണ സമ്മാനൈഃ
പ്രഹർഷവിവശാൻകവീൻ

ഇതിസുചിരാദുൽപന്നോമാമക മനോരഥോദ്യസമ്പൂർണ്ണം" "കലാഭിസമ്പൂർണ്ണനായിവിദ്വൽകുലാലങ്കാരമായിരിക്കുന്ന ഈ വത്സൻ കവികളെ മനോരഥസമ്പൂർണ്ണസമ്മാനങ്ങളെക്കൊണ്ട് പ്രഹർഷവിവശന്മാരാക്കിത്തീർക്കുന്നതു എപ്പോഴാണ് എന്നു താൻ വളരെക്കാലമായി ചിന്തിച്ചുകൊണ്ടിരുന്നുവെന്നും തന്റെ ആ മനോരഥം ഇപ്പോൾ സഫലമായിയെന്നും സപ്രമോദം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. ഈ ഉദ്ഘോഷണത്തിൽ നിന്നും തിരുമനസ്സിൽ നിന്നു തത്സന്ദർഭത്തിൽ വിദ്വാന്മാരെ സമ്മാനിക്കുന്നതിനു കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ചുമതലപ്പെടുത്തിയിരുന്നുവെന്നും തന്റെ വത്സൻ സമ്മാനിക്കുന്നതു കണ്ടുകൊണ്ടിരുന്നുവെന്നും വിചാരിക്കണം. ഓരോ വിദ്വാന്മാരുടെയും ഗുണദോഷങ്ങളെ ചിന്തിക്കുന്നതിനും അവക്കുചിതങ്ങളായ സമ്മാനങ്ങൾ നൾകുന്നതിനും തന്റെ വത്സനു പരിപാകത വന്നിട്ടുണ്ടെന്നു തിരുമനസ്സിലേയ്ക്കു് അതിനു മുൻപുതന്നെ ബോധ്യമായിട്ടുണ്ടെന്നും അതു പരീക്ഷിക്കാനാണ് ആ അവസരത്തിൽ അദ്ദേഹത്തെക്കൊണ്ടുതന്നെ ആ കൃത്യം നിർവ്വഹിപ്പിച്ചതെന്നും അതിൽ യാതൊരു വീഴ്ചയും വന്നു കാണാത്തതുകൊണ്ടു ആനന്ദപുളകിതഗാത്രനായിത്തീർന്നുവെന്നും ഊഹിക്കുന്നതിൽ അപാകമില്ല. "വിദ്വാനേവവിജാനാതിവിദ്വൽഗുണം" എന്നുള്ളതുകൊണ്ടു അവിടുത്തെ മാഹാത്മ്യമറിയുന്നതിനാണു മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു ഈ വിധം പ്രവർത്തിച്ചതെന്നും ഉദ്ദേശിക്കാം. മഹാരാജാവുതിരുമനസ്സുകൊണ്ടു രാജധാനിയിൽ ഒരു പണ്ഡിതമണ്ഡലത്തെ പരിരക്ഷിച്ചുവന്നിരുന്നുവെന്നുള്ളത് ആ നാടകത്തിലെ മററു പ്രസ്താവനകളിൽ നിന്നും വേറെ വിധത്തിലും ധാരാളം അറിവാനിടവന്നിട്ടുണ്ട്.

ഇവിടെ സ്വവയസ്യനായ ബാലമാർത്താണ്ഡവിജയകർത്താവിനെക്കൊണ്ടു അങ്ങനെ ഒരു നാടകം കാർത്തികതിരുനാൾതിരുമേനി എഴുതിച്ചതാണെന്നും വയസ്യൻ മാതുലനെ സ്തുതിക്കുന്നതിലുള്ള സന്തോഷം അതിനു പ്രേരകമായിരുന്നിരിക്കാമെന്നും വാദിക്കുന്നവരും കണ്ടേക്കാം. ആ ഊഹത്തിനു വലിയ പ്രാബല്യമില്ല നേരേമറിച്ച് ആ നാടകം മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തുതന്നെ വിരചിതമായിരിക്കണമെന്നും കവി കാർത്തികതിരുനാളിന്റെ വയസ്യനാണെങ്കിലും മാർത്താണ്ഡവർമ്മയുടെ ആശ്രിതനായിരിക്കണമെന്നും ഊഹിക്കുന്നത് അസംഗതമായിരിക്കയില്ല. കാർത്തികതിരുനാൾ ചെറുപ്പത്തിൽതന്നെ പ്രശസ്തപണ്ഡിതനായിരുന്നിരിക്കണമെന്നും അതിനു ഹേതുഭൂതനായ മാർത്താണ്ഡവർമ്മമഹാരാജാവു തന്റെയും വത്സന്റെയും സാഹിത്യവിനോദത്തിനുവേണ്ടി ഒരു വിദ്വത്സദസ്സു നിർമ്മിച്ചിരുന്നുവെന്നും സങ്കല്പിക്കുന്നതിൽ തരക്കേടുണ്ടെന്നു തോന്നുന്നില്ല.

സുപ്രസിദ്ധ മഹാകവിയും സംഗീതവിചക്ഷണനും മീനച്ചൽതാലൂക്കിന്റെ അഭിമാനസ്തംഭവും ശ്രീരാമപദകമലാരാധകനുമായ രാമപുരത്തു വാര്യരും തിരുമനസ്സിലെ വിദ്വത്സദസ്സിന്നലങ്കാരമായിരുന്നു എന്നു പറയാതെ തരമില്ല. രാമപുരത്തുവാര്യരെ വൈക്കത്തുനിന്നു കൂട്ടിച്ചുകൊണ്ടുപോയതു കാർത്തികതിരുനാൾ തിരുമനസ്സിൽനിന്നാണെന്നു ചിലർ അടുത്തകാലംവരെ പറഞ്ഞുവന്നിരുന്നു. എന്നാൽ അതങ്ങനെയല്ലെന്നും ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടാണ് അദ്ദേഹത്തെ കൂട്ടിച്ചുകൊണ്ടുപോയതെന്നും ഇപ്പോൾ മിക്കവാറും സാഹിത്യരസികന്മാർ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. വഞ്ചിപ്പാ

ട്ടിലെ തിരുവനന്തപുരം വർണ്ണനയും മററും അനിഴംതിരുനാൾ ജീവിച്ചിരുന്ന കാലത്തെയാണ് അനുസ്മരിപ്പിക്കുന്നത്. എന്തന്നെയുമല്ല മാർത്താണ്ഡമഹീപതീന്ദ്രൻ വെറുതേയോ ജയിക്കുന്ന മാലോകരെ മന്നരായാലീവണ്ണംവേണം" "ജയസ്തംഭംനാട്ടമീനവാവതാരമെന്നുതോന്നുന്ന" ഇത്യാദി വർത്തമാനകാലപ്രയോഗങ്ങൾ ആ കൃതിയിൽ കാണുകയും ചെയ്യുന്നു. മുറജപത്തെപ്പററിയോ തൃപ്പടിദാനത്തെപ്പററിയോ അതിൽ പറഞ്ഞുകാണുന്നുമില്ല. സർവ്വോപരി കാർത്തികതിരുനാൾ തിരുമനസ്സിലെപ്പററി സൂചിപ്പിക്കുകപോലു ചെയ്തിട്ടുമില്ല. അതിനാൽ ആ ഗ്രന്ഥം അനിഴംതിരുനാൾ തിരുമനസ്സിലെ കാലത്തുതന്നെ നിർമ്മിച്ചു എന്നു സങ്കല്പിക്കാം രാമപുരത്തുവാര്യർ കുറച്ചുകാലം തിരുവനന്തപുരത്തു താമസിച്ചിരുന്നതായാണ് ഐതിഹ്യമുള്ളത്. കേവലം അരസികനായ ഒരു രാജാവിന്റെ സമീപം രസികശിരോമണിയായ അദ്ദേഹം താമസിച്ചിരുന്നുവെന്നു വിചാരിക്കാൻ നിവൃത്തിയില്ല. അദ്ദേഹത്തെ ആകർഷിക്കത്തക്കതായ പല സംഗതികളും അവിടെ ഉണ്ടായിരുന്നിരിക്കാം പണ്ഡിതനായ വാര്യർക്ക് പണ്ഡിതസദസ്സ് ആകർഷകമായിരിക്കും. മിക്കവാറും യുദ്ധങ്ങൾ അവസാനിച്ചിരുന്നതുകൊണ്ടു മഹാരാജാവുതിരുമനസ്സുകൊണ്ടും മനസ്സിൽ പലപ്പോഴും പൊയ്ക്കൊണ്ടിരുന്നുവെന്നും വിചാരിക്കണം. തിരുമനസ്സുകൊണ്ടു പണിയിച്ചുകൊടുത്തിരുന്ന വാര്യവും, കരമൊഴിവായി നൽകിയിരുന്ന വസ്തുക്കളും അവിടുത്തെ വിദ്വൽസംഭാവനയ്ക്കു് ഉത്തമോദാഹരണങ്ങളാണ്. കുചേലനു ഭഗവാൻ കൊടുത്ത ഐശ്വര്യം പോലെതന്നെ കുചേലവൃത്തരചയിതാവായ വാര്യർക്കും തിരുമനസ്സുകൊണ്ടു് ഐശ്വര്യപ്രദാനം ചെയ്തിരുന്നുവെന്നാണൈതിഹ്യം. കൈ അയച്ചു് അപ്രകാരം സൌജന്യം ചെയ്യണമെങ്കിൽ ആ ആൾ ഒരു മഹാപണ്ഡിതനായിരുന്നുവെന്നും കവികൾക്കു കല്പവൃക്ഷമായിരുന്നുവെന്നും നിശ്ചയിക്കുന്നതിൽ ഒട്ടുംതന്നെ പിശകുണ്ടെന്നു തോന്നുന്നില്ല.

അമ്പലപ്പുഴരാജ്യം തൊള്ളായിരത്തിരുപത്തഞ്ചാമാണ്ടിലാണു തിരുവിതാംകൂറിനോടു ചേർക്കപ്പെട്ടിട്ടുള്ളത്. അക്കാലത്തു അതായതു അമ്പലപ്പുഴരാജാവായ ദേവനാരായണനെ തിരുവനന്തപുരത്തേക്കയച്ചകാലത്തു് — മാത്തൂപ്പണിക്കർ തിരുവിതാംകൂർ മഹാരാജാവിന്റെ ആശ്രിതനായിരുന്ന കാലത്തു് — അവരുടെ രണ്ടുപേരുടെയും ആശ്രിതനായിരുന്ന സാക്ഷാൽ മഹാകവി കുഞ്ചൻനമ്പ്യാരും തിരുവനന്തപുരത്തു ചെന്നുചേർന്നിരിക്കണമെന്നു ന്യായമായി വിചാരിക്കേണ്ടതാകുന്നു. സരസകവികുലോത്തംസമായ നമ്പ്യാർ പല സന്ദർഭങ്ങളിലും തിരുമനസ്സിലെയും കാർത്തികതിരുനാൾ തിരുമനസ്സിലെയും തുള്ളൽക്കഥകളിൽ പ്രകടമായി സ്തുതിച്ചിട്ടുണ്ടു്. മഹാകവിയുടെ തുള്ളലുകളിൽ പലതും ഇനിയും കണ്ടുകിട്ടേണ്ടതായിരിക്കുന്നു. മുറജപം ലക്ഷദീപം തൃപ്പടിദാനം മുതലായവയെപ്പററി പൊതുജനങ്ങളുടെതന്നെ മഹാകവിയായ അദ്ദേഹം തുള്ളലുകൾ എഴുതിയിട്ടുണ്ടായിരിക്കണം. വല്ല ഗ്രന്ഥപ്പുരകളിൽനിന്നും അവ കണ്ടുകിട്ടാനിടയായാൽ അവയിൽനിന്നു പല ചരിത്രലക്ഷ്യങ്ങളും പൊന്തിവരാനിടയുണ്ടു്. ഹരിണീസ്വയംവരം, ഹനുമദുൽഭവം, സഭാപ്രവേശം മുതലായ തുള്ളലുകളിൽ മഹാകവി മാർത്താണ്ഡവർമ്മമഹാരാജാവിനെയാണു സ്മരിച്ചിട്ടുള്ളത്. അതിൽ സഭാപ്രവേശത്തിൽ പ്രകടമായി ഇങ്ങനെ

വഞ്ചിരാജകുലോത്തമൻ കുലശേഖര-
പ്പെരുമാളഹോ
വടിവിലടിയനു വിനകളൊഴിവതിനാ-
ശ്രയം പരമാശ്രയം
സഞ്ചിതാഖിലധർമ്മകർമ്മസുനിർമ്മലാ-
ത്ഭുത പൌരുഷൻ
സകലരിപുകുലശലഭദഹനമഹാനുഭാവ-
സുപൂരുഷൻ
വിക്രമാതിശയങ്ങൾകൊണ്ടരി നൃപതിരാ-
ജ്യമശേഷമേ
ആക്രമിച്ചുടനാകവേ പരിപാലനേന മ-
ഹോത്സവം
ശക്രലോകസമാനമാക്കി വരുത്തിവാണ-
രുളീടിനാൻ
അക്കുലൃഭുജപ്രതാപനശേഷഗുണ-
നിധിപാത്രമാം

പറയുകയും ചെയ്തിരിക്കുന്നു. ഇതിൽ മാർത്താണ്ഡവർമ്മ എന്നു സ്പഷ്ടമായി പറഞ്ഞിട്ടില്ലെങ്കിലും എല്ലാ ഭാഗങ്ങൾകൊണ്ടും ആ തിരുമനസ്സിലെതന്നെയാണു സ്തുതിച്ചിരിക്കുന്നതെന്നു നിർണ്ണയിക്കാവുന്നതാണ്.

.................സമസ്തസ്വാമിനാഥന്റെ
സമഗ്രപ്രീതിസൽപാത്രം സമിദ്ധശ്രീ-
സമായുക്തൻ
രാമതുല്യൻ മഹാവഞ്ചിരാമവർമ്മേന്ദ്ര-
ഭൂപാലൻ
കാമദൻകോമളാകാരൻ കാമിനീമാന-
സേ മാരൻ
യാമിനീശാനനൻവീരൻ ഭൂമിദേവപ്രിയൻ-
ധീരൻ
ഭൂരിസേനാപരിവാരൻ ഭൂഭുജാമേകമാധാരൻ
വഞ്ചിമാർത്താണ്ഡവർമ്മശ്രീഭാഗിനേയൻ-
മഹാപുണ്യം
സഞ്ചിതമഞ്ചിതമാക്കിസ്സന്തതം സംജ-
യിക്കുന്നു
സപ്രതാപൻ സദാനന്ദൻസപ്രകാശൻ-
മമസ്വാമി
സപ്രമോദാതിരുവുള്ളം തെളിഞ്ഞുകാത്തു-
കൊള്ളേണം

എന്നു ഹരിശ്ചന്ദ്രചരിതം പാന്തൻതുള്ളലിൽ വർണ്ണിച്ചിരിക്കുന്നതു രാമവർമ്മമഹാരാജാവിനെയാണ് എന്നുള്ളതുകൊണ്ടു മററും അദ്ദേഹത്തെത്തന്നെ എന്നു വിചാരിക്കേണ്ടതില്ല. നമ്പ്യാർ അനിഴംതിരുനാൾ തിരുമനസ്സിലെയും കാർത്തികതിരുനാൾ തിരുമനസ്സിലെയും ആശ്രിതനായിരുന്നിട്ടുണ്ടെന്നും രണ്ടുപേരും നമ്പ്യാരെ ഒന്നുപോലെ ആദരിച്ചിട്ടുണ്ടെന്നും ഉള്ളതിനു രണ്ടുപക്ഷമില്ല. മലയാളമഹാകവികുലോത്തംസങ്ങളായ രാമപുരത്തുവാര്യരെയും കുഞ്ചൻനമ്പ്യാരെയും സവിശേഷം സമാദരിക്കാൻ സന്നദ്ധനായ അനിഴംതിരുനാൾ തിരുമനസ്സിലെ കൈരളി എന്നെന്നും കടപ്പെട്ടവളായിരിക്കുന്നു എന്നുള്ളതിൽ സന്ദേഹമില്ല. നാട്ടുമുഴുവൻ മഹായുദ്ധംകൊണ്ടു എരിപൊരിക്കൊണ്ടിരുന്ന ആ സന്ദർഭത്തിൽ വിദ്വാന്മാരെയും തൻമൂലം ഭാഷയേയും ലോഭമില്ലാതെ സഹായിച്ചുകൊണ്ടിരുന്ന തിരുമനസ്സിലെ; ആ വിഷയത്തിലും അനുകരിച്ചുവന്നവരും വരുന്നവരുമായ നമ്മുടെ മഹാരാജാക്കന്മാർ മേലാലും അതിനൊരു കുറവുംകൂടാതെ പരിലസിക്കുവാൻ പരമകാരുണികനായ ശ്രീപത്മനാഭൻ കടാക്ഷിക്കുമാറാകട്ടെ. നമ്മുടെ ഗ്രന്ഥപ്പുരകളിൽനിന്നും ഇനിയും കണ്ടുകിട്ടാനുള്ള അനവധി ഗ്രന്ഥങ്ങൾ കണ്ടെടുക്കുന്നതായാൽ ഈ വിഷയത്തിനു ഇനിയും ധാരാളം തെളിവുകൾ കിട്ടുന്നതാണെന്നു പറഞ്ഞുകൊണ്ടു ഉപസംഹരിച്ചുകൊള്ളുന്നു.

# ആ സ്മരണ.

എൻ. ലളിതാംബിക അന്തർജ്ജനം

"നഷ്ടമാകട്ടെസർവ്വസുഖങ്ങളു-
മിഷ്ടമില്ലിനിയ്ക്കായവയൊന്നിലും,
കാന്തിയേറുംനവപ്രഭാതോദയേ-
കണ്ണുചിമ്മിയുണരന്നെഴുന്നേററുഞാൻ
ജാലകത്തിൻപഴുതിങ്കലൂടെയാ-
രാജവീഥിയിലേയ്ക്കൊന്നുനോക്കവേ-
അത്ഭുതപ്രിയദർശനനായൊരു
മിത്രനേയന്നുഞാൻകാണികാണവേ-
വിസ്ഫുരിച്ചതീലോലഹൃദയത്തി-
ല്'സ്മരണ'നശിക്കാതിരിക്കണേ!
പൌരുഷപ്രഭാപൂരംചിതറുമാ
പൂരുഷേന്ദ്രന്റെദിവ്യമുഖാബ്ജത്തിൽ
തങ്കവർണ്ണപ്രഭാവപ്രകാശമാ-
പൊൻകതിരവൻപൂശിക്കൊടുക്കവേ
സ്വന്തമാംപുതുപ്പുഞ്ചിരിതൂകിയാ-
ബന്ധുരാനനംവെൺമതിരളവേ
ബാലവായുവിലച്ചെറുകൈശികം
ലോലമോഹനമാടിയിളകവേ
കാലദേശാദിയെല്ലാംമറന്നുഞാ-
നാമനോഹരകാന്തിയിലാഴവേ
നീലപക്ഷ്മപ്രകരത്തിനുള്ളിലേ
താരകങ്ങളെൻനേർക്കൊന്നുയരവേ
സുപ്രഭാതരവിതൻപ്രകാശമീ-
വിത്രസിതമുഖത്തിൽപതിക്കവേ
അപ്രതീക്ഷിതമായൊരുതേജസ്സെൻ
ഹൃത്തടത്തേക്കുവിഞ്ഞുകയറിപ്പോയ
അപ്പൊഴുണ്ടായരോമാഞ്ചഹർഷമെ-
ന്നപ്രമേയമാംജീവിതസൌഭഗം
ആയതിൻമധുരാർദ്രസ്മരണതാ-
നീയുവതിതൻഭാവനാസർവ്വസ്വം
അന്നുദിച്ചവികാരവിചലിത-
മെന്നുമെന്നുമെൻജീവിതകോരകം.
നഷ്ടമാവട്ടെസർവ്വസൌഖ്യങ്ങളു-
മിഷ്ടമില്ലിനിയ്ക്കായവയൊന്നിലും
അസ്മദീയമിപാവനഭാവനം
വിസ്മരണീയമാകാതിരിക്കുകിൽ.

# *റുമേനിയായിലെ ഇൻഡ്യൻ കർണ്ണൽ.

പി. എസ്സ്. കേശവൻപോററി.

ലോകപ്രശസ്തി സമ്പാദിച്ച ഭാരതസന്താനങ്ങളിൽ ചിലരെയെങ്കിലും അറിഞ്ഞിട്ടില്ലാത്ത കേരളീയർ നമ്മുടെ ഇടയിൽ കാണുകയില്ലല്ലൊ. എന്നാൽ ഇൻഡ്യയ്ക്കു പുറമെ ജീവിച്ചു മഹൽസ്ഥാനങ്ങളിൽ എത്തിച്ചേർന്നു ഭാരതീയർക്കാകമാനം അഭിമാനം സമ്പാദിച്ചുകൊടുത്തു പ്രശസ്തരായത്തീർന്നിട്ടുള്ളവർ വളരെ ചുരുക്കംപേർ മാത്രമേയുള്ളു. ഇൻഡ്യാക്കാരുടെ കൂട്ടുകുടുംബജീവിതരീതിയാണു് ഇൻഡ്യയിലെ മഹാന്മാരുടെ സംഖ്യയെ വർദ്ധിപ്പിക്കാതിരിക്കുന്നതെന്നു് ഏതോ ഒരു മാന്യൻ സന്ദർഭവശാൽ അഭിപ്രായപ്പെട്ടിട്ടുള്ളതു ഈ അവസരത്തിൽ സ്മരണയിൽ വരുന്നു. സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള കർമ്മകുശലതയും സന്ദർഭവും ലഭിക്കുന്ന സ്ഥിരപരിശ്രമികളായ അഭ്യുദയകാംക്ഷികൾ പലപ്പോഴും ഉന്നതസ്ഥാനങ്ങളെ അലങ്കരിക്കുതന്നെ ചെയ്യുമെന്നുള്ളതു നിശ്ചയമാണു്. അങ്ങിനെയുള്ളവർ മഹാന്മാരുടെ പല സ്ഥാനങ്ങളും ഒഴിഞ്ഞുകിടക്കുന്നതായി കണ്ടറിയുകയും അക്ഷീണപരിശ്രമം അവരെ അങ്ങിനെയുള്ള സ്ഥാനങ്ങളിൽ എത്തിക്കയുമാണു ചെയ്യുന്നതു്. അപ്രകൃതമെന്നു തോന്നാവുന്ന ഈ ചിന്താസ്മരണിക്കു പ്രേരകമായിത്തീർന്നതു് ഈ ലേഖനത്തിനു കാരണഭൂതനായിരിക്കുന്ന ദേഹവും ഇപ്പോൾ യൂറോപ്പിൽ റുമേനിയാരാജ്യത്തെ ലഫ്ററനൻറുകർണ്ണൽസ്ഥാനം വഹിക്കുന്നയാളുമായ ഡാക്ടർ നരസിംഹമൂൽഗ്ഗുണ്ട്" എന്ന മഹാപുരുഷനാണു്.

കേരളീയർ ഒരുപക്ഷെ ആദ്യമായി കേൾക്കുന്ന ഈ ഭാരതീയൻെറ നാമം ഭാരതീയർക്കാകമാനം അഭിമാനകരമാംവണ്ണം വെളിക്കുകൊണ്ടുവന്നിരിക്കുന്ന യഥാർത്ഥദേശസേവകൻ ശ്രീയുത് സുബാഷ്ചന്ദ്രബോസിനോടു നമുക്കുള്ള നന്ദിയും ഇവിടെ പ്രസ്താവ്യമാകുന്നു.

ഇപ്പോൾ യൂറോപ്പിൽ ചികിത്സാർത്ഥം പോയി താമസിക്കുന്ന സുബാഷ ചന്ദ്രബോസ് തനിക്കു കിട്ടുന്ന വിശ്രമാവസരങ്ങൾ കഴിയുന്നത്ര ഇതരരാജ്യങ്ങൾ സന്ദർശിച്ചു തൻെറ ജ്ഞാനവർദ്ധനവിനു് ഉപയുക്തമാക്കിക്കൊണ്ടിരിക്കയാണു". ഈ സെപ്റ്റംബർമാസത്തിലെ "വിശാലഭാരതം"ഹിന്ദിമാസികയിൽ ഡാക്ടർ നരസിംഹമൂൽഗ്ഗുണ്ടിനെപ്പററി ശ്രീയുത് സുബാഷ്ചന്ദ്രബോസ് എഴുതിയിരിക്കുന്ന ലേഖനമാണു് അദ്ദേഹത്തെപ്പററി നമുക്കു അറിവുതരുവാൻ ഉപയുക്തമായിരിക്കുന്നതു്. അദ്ദേഹം ഇങ്ങനെ എഴുതുന്നു:—

"സന്ദർഭവശാൽ എൻെറ റുമേനിയൻ യാത്രയിൽ ബുക്കാറസ്റ്റിൽവെച്ചാണു് ഡാക്ടർ നരസിംഹമൂൽഗ്ഗുണ്ടിനെ സന്ദർശിക്കുവാൻ ഭാഗ്യംലഭിച്ചതു്. അദ്ദേഹം ഇപ്പോൾ റുമേനിയൻസൈന്യത്തിൻെറ മെഡിക്കൽവിഭാഗത്തിൽ ലഫ്ററനൻറുകർണ്ണലാണു്".

മി: 'മൂൽഗ്ഗുണ്ട്" ഹൈദരാബാദിനു തെക്കു അറുപതുമൈൽ ദൂരത്തുള്ള ഭുവനാഗിരി സ്വദേശിയാണു്. ജാതിയിൽ ഇദ്ദേഹം മഹാരാഷ്ട്രനത്രെ. അദ്ദേഹം തൻെറ പ്രാഥമികവിദ്യാഭ്യാസം ബാംബയിലാണു കഴിച്ചുകൂട്ടിയതു്. അനന്തരം അദ്ദേഹം കല്ക്കത്തായിലെ സ്കാട്ടിഷ്ചർച്ച്കാളേജിൽ ചേർന്നു പഠിക്കുകയും എം. ഏ. ബിരുദം കരസ്ഥമാക്കുകയും ചെയ്തു. അതോടുകൂടിത്തന്നെ അദ്ദേഹം ഡാക്ടർ എസ്സ് കെ. മല്ലിക്കിൻെറ നാഷണൽ മെഡിക്കൽകാളേജിൽ ചേർന്നു വൈദ്യവിദ്യാഭ്യാസവും ആരംഭിച്ചു. അവിടെനിന്നു അദ്ദേഹം എസ്സ്. സി. പി എസ്സ്. ഡിഗ്രി സമ്പാദിച്ചു അതിനുശേഷം അദ്ദേഹം 1912-ൽ ലണ്ടനിലേയ്ക്കു പോകുകയും അവിടെനിന്നു എഫ്. ആർ സി. എസ്സ്. പരിക്ഷയിൽ വിജയിയാകുകയുംചെയ്തു.

ഇക്കാലത്താണു ടർക്കിയും ബാൾക്കാൻ രാജ്യങ്ങളും തമ്മിൽ യുദ്ധം തുടങ്ങിയിരുന്നതു്. അന്നു ടർക്കിയിലെ സൈന്യങ്ങളിൽ മുറിവേൽക്കുന്നവരെ ശുശ്രൂഷിക്കാനായി "റെഡ്ക്രെസൻറ് സൊസൈററി"യിലെ അംഗങ്ങളായി ഡാക്ടർ അൻസാരി, ഡാക്ടർ അബ്ദുൽഹുസൈയിൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു വൈദ്യസേവാസംഘം ഇൻഡ്യയിൽനിന്നു ടർക്കിയിലേക്കു പോയിട്ടുണ്ടായിരുന്നു. ഡാക്ടർ മൂൽഗ്ഗുണ്ടും ഒരു സ്വയംസേവകനായി ഡാക്ടർ അബ്ദുൽഹുസൈയിനിൻെറ മിഷ്യനിൽ ചേർന്നിരുന്നു. അദ്ദേഹം ടർക്കിസേനയിൽ സട്ലജാ എന്ന സ്ഥലത്തു ആറുമാസക്കാലം ഒരു സർജ്ജനായി ജോലിചെയ്തുകൊണ്ടിരുന്നു ത്യാഗപൂർണ്ണമായ ആ സേവനത്തിൻെറ ലക്ഷ്യമായി അദ്ദേഹത്തിനു ടർക്കിഗവണ്മെൻറിൽനിന്നു 'ഓർഡർ അഫ് കമാൻഡർ അഫ് മജീദിയാ' എന്ന സ്ഥാനം ലബ്ധമാകയും ചെയ്തു. ഈ യുദ്ധത്തിൽ ടർക്കിക്കെതിരായി ഗ്രീസ്, സെർവിയാ, ബൾഗേറിയാ ഈ രാജ്യങ്ങൾ സംഘടിച്ചിട്ടുണ്ടായിരുന്നു. ഈ യുദ്ധം അല്പദിനങ്ങൾക്കുള്ളിൽ സമാപ്തമായെങ്കിലും ഏറെത്താമസിയാതെ ഗ്രീസും സെർവിയായും ഒന്നുചേർന്നു ബൾഗേറിയായെ ആക്രമിക്കയുണ്ടായി. റുമേനിയായും ഇതിൽ പങ്കെടുത്തിരുന്നു. ടർക്കി ബാൾക്കൺയുദ്ധത്തിൽ ബൾഗേറിയാ പിടിച്ചെടുത്തിരുന്ന ദേശങ്ങൾ വിണ്ടെടുക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ടർക്കിയും ഈ സന്ദർഭം വേണ്ടവണ്ണം ഉപയോഗപ്പെടുത്തി.

ബൾഗേറിയായ്ക്കെതിരായി റുമേനിയാ യുദ്ധം തുടങ്ങിയപ്പോൾ വൈദ്യസേവാസംഘം റുമേനിയായിലേയ്ക്കു പോയി. ഡാക്ടർ മൂൽഗ്ഗുണ്ട് റുമേനിയായിൽ ജിമ്നിക്കായിലെ 'ഫീൽഡ് ഹാസ്പിററലിൽ ജോലിചെയ്തു. ആ സമയത്തു റുമേനിയൻ സൈന്യത്തിൽ വിഷൂചിക പടർന്നുപിടിച്ചു സേവകസംഘത്തിൻെറ ശുശ്രൂഷകൾ ഈ രോഗശമനത്തിൻെറ സംഗതിയിൽ വേണ്ടവണ്ണം പ്രയോജകീഭവിച്ചു. തൻെറ സേവനത്തിൻെറ ഫലമായി ഡാക്ടർ മൂൽഗ്ഗുണ്ടിനു റുമേനിയൻഗവർമ്മെൻറിൽനിന്നു ആർഡർ അഫ് മിലിട്ടറിവർച്യൂ (Order of military virtue) എന്ന ബഹുമതി ലഭിക്കാനിടയായി. ഈ സംഭവം നടന്നതു 1913-ലാണു് ഈ രണ്ടാമത്തെ ബാൾക്കൺയുദ്ധത്തിനുശേഷം ടി വൈദ്യസേവകസംഘത്തിൻെറ മററംഗങ്ങളെല്ലാം ഇൻഡ്യയിലേക്കു തിരിച്ചുപോയി. എന്നാൽ ഡാക്ടർ മൂൽഗ്ഗുണ്ട്മാത്രം റുമേനിയായിൽതന്നെ താമസിക്കയാണുണ്ടായതു്. തൻെറ ജീവിതപരിധി റുമേനിയായിൽത്തന്നെ സ്ഥാപിക്കണമെന്നു അദ്ദേഹം അതിയായി ആശിച്ചിരുന്നു.

എന്നാൽ ഇക്കാര്യത്തിൽ അദ്ദേഹത്തിനു ആരുടെ സഹായം ഉണ്ടാകുമെന്നുള്ളതായിരുന്നു ഒരു വലിയ പ്രശ്നം. ഭാഗ്യാതിരേകത്താൽ റുമേനിയായിലെ അന്നത്തെ പ്രസിദ്ധ രാജ്യതന്ത്രജ്ഞനായിരുന്ന ഡാക്ടർ ലൂപ്പിൻെറയും പ്രഫസർ സ്റ്റൈൻക്ലിനിൻെറയും ശ്രദ്ധ ഡാക്ടർ മൂൽഗ്ഗുണ്ടിൻെറ ഗുണവിശേഷങ്ങളിലേക്കു പതിഞ്ഞു. റുമേനിയായിലെ ഒരു പൌരനാകുക എന്നുള്ളതിലായിരുന്നു ഡാ: മൂൽഗ്ഗുണ്ടിൻെറ ഭാവിജീവിതം മിക്കവാറും ആശ്രയിച്ചിരുന്നതു്.

മേല്പറഞ്ഞ രണ്ടു സ്നേഹിതന്മാരുടെ സഹായത്താലും തൻെറ യുദ്ധസേവനത്തിൻെറ ത്യാഗബലംകൊണ്ടും ഡാക്ടർ മൂൽഗ്ഗുണ്ടിനു സാധാരണ നിർദ്ദിഷ്ടമായിരുന്ന കാലത്തെ അപേക്ഷിച്ചു എത്രയുംകുറഞ്ഞ ഒരു കാലത്തിനകംതന്നെ ഒരു റുമേനിയൻ പൌരനാകുവാൻ സാധിച്ചു. അല്പകാലത്തിനുശേഷം അദ്ദേഹം യൂനിവേഴ്സിററിയോടനുബന്ധിതമായിരുന്ന കണ്ണാശുപത്രിയിൽ ഒരു അസിസ്റ്റൻറുസർജ്ജനായി നിയമിക്കപ്പെട്ടു ഒരു ഗവണ്മെൻറുപരിക്ഷയുടെ വിജയാനന്തരം 1913-ൽ അദ്ദേഹത്തിനു റുമേനിയൻസൈന്യത്തിൻെറ മെഡിക്കൽവകുപ്പിൽ ലഫ്ററനൻറുസ്ഥാനവും കിട്ടി.

1916-ആഗസ്റ്റ് 15-ാംനു- റുമേനിയാ ജർമ്മനിയുമായി ഒരു യുദ്ധപ്രഖ്യാപനംചെയ്തു. 1917-ൽ അദ്ദേഹം ലഫ്ററനൻറായി നിയമിതനാകുകയും 1918-ൽ ക്യാപ്ററനായിത്തീരുകയും ചെയ്തിരുന്നു. 1926-ൽ അദ്ദേഹത്തിനു മേജർസ്ഥാനം ലഭിച്ചു.

ബുക്കാറസ്റ്റിൽവെച്ചു ശ്രീജിത് സുബാഷ്ചന്ദ്രബോസുമായുണ്ടായ സന്ദർശനത്തിനു അല്പദിവസംമുൻപു (1934-ൽ) അദ്ദേ

* ഒരു ഹിന്ദിലേഖനത്തിൽനിന്നും.

ഹം ലഫ്റ്റനൻറു കേണൽസ്ഥാനത്തു എത്തിച്ചേർന്നിരിക്കുന്നതായി ടി ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ഡാക്ടർ മൂൽഗ്രൂണ്ട് അഥവാ ലെഫ്റ്റനൻറു കേണൽ മൂൽഗ്രൂണ്ട് ഇപ്പോൾ റുമേനിയായിലെ ഏററവും വിദഗ്ദ്ധനായ ഒരു നയനചികിത്സകനാണ്. 1916-മുതൽ 22 വരെ അദ്ദേഹം ഓറാസിയായിലെ കണ്ണാശുപത്രിയിലെ ചീഫ്മെഡിക്കലാപ്സരും 1922 മുതൽ 26 വരെ ബുക്കാറസ്റ്റിലെ സൈനികാശുപത്രിയിലെ നയനരോഗവിദഗ്ദ്ധനുമായി ജോലിചെയ്തിരുന്നു. ബുക്കാറസ്റ്റിൽ ആയിരുന്നപ്പോൾ റുമേനിയായിലെ യുദ്ധമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു പുതിയ കണ്ണാശുപത്രി അദ്ദേഹം തുറക്കുകയും ചെയ്തിരുന്നു.

ലെഫ്റ്റനൻറു കേണൽ മൂൽഗ്രൂണ്ട് ഒരു റുമേനിയൻസ്ത്രീയെയാണ് വിവാഹം ചെയ്തിരിക്കുന്നതു്. അദ്ദേഹത്തിനിപ്പോൾ രണ്ടു പുത്രിമാരുണ്ടു്. അദ്ദേഹത്തിൻെറ കുടുംബജീവിതം അവിടെ എത്രയും സുഖകരമായിട്ടുതന്നെയാണെന്നും പറഞ്ഞിരിക്കുന്നു.

ബുക്കാറസ്റ്റിൽ ഡാക്ടർ മൂൽഗ്രൂണ്ട് സുപ്രസിദ്ധനായ ഒരു മഹാനാണ്. ശ്രീയുത് സുബാഷ്ചന്ദ്രബോസ് ബുക്കാറസ്റ്റിൽ താമസിച്ചിരുന്നപ്പോൾ അധികസമയവും അദ്ദേഹത്തോടുകൂടിയാണ് കഴിച്ചുകൂട്ടിയതെന്നും വെളിയിൽ അദ്ദേഹവുമൊന്നിച്ചു സഞ്ചരിച്ചിരുന്നപ്പോൾ സൈനികോദ്യോഗസ്ഥന്മാരും പൗരപ്രധാനികളും അദ്ദേഹത്തോടു് പെരുമാറിയിരുന്ന രീതികളിൽനിന്ന് അദ്ദേഹം അവിടെ കേവലം പ്രസിദ്ധൻ മാത്രമായിരുന്നില്ലെന്നും ഒരു പൊതുജനസമ്മതിതന്നെ അദ്ദേഹത്തിനവിടെ ലഭിച്ചിട്ടുള്ളതായി തനിക്കു അനുഭവപ്പെട്ടിട്ടുണ്ടെന്നും ശ്രീയുത് ബോസ് തൻെറ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അവസാനമായി അദ്ദേഹം ഡാക്ടർ മൂൽഗ്രൂണ്ടിനെപ്പററിപ്പറയുന്നതു് ഇപ്രകാരമാണ്:—

"അദ്ദേഹം ഇപ്പോൾ ഭാരതത്തിൽനിന്നു് ദൂരസ്ഥനും, ഒരു റുമേനിയൻപൗരനും ആയിട്ടുണ്ടെങ്കിലും ഇപ്പോഴും മാതൃഭാഷയെ അശേഷം മറന്നിട്ടില്ല. മഹാരാഷ്ട്രം കൂടാതെ അദ്ദേഹം ഹിന്ദിയിലും ഫലിതമയമായി സംഭാഷണം ചെയ്കയും കുട്ടിക്കാലത്തു പഠിച്ചിരുന്ന സംസ്കൃതഭാഷ ഇപ്പോഴും മേധാശക്തിയോടുകൂടി ഓർമ്മിക്കുകയും ചെയ്യുന്നുണ്ടു്. സംഭാഷണത്തിൽ അദ്ദേഹം മിക്കവാറും സംസ്കൃതപദങ്ങൾ ധാരാളം ഉപയോഗിക്കയും ഗീതയിലെ പദ്യങ്ങൾ ഉദ്ധരിക്കയും ചെയ്യാറുണ്ടു്. ബുക്കാറസ്റ്റിൽവെച്ചു് മൂൽഗ്രൂണ്ടിനെ സന്ദർശിക്കുവാൻ ഭാഗ്യമുണ്ടായതു് ഒരു ബഹുമതിയായിട്ടുതന്നെ ഞാൻ കരുതുന്നു. ഭാരതീയർ തങ്ങളുടെ സ്വദേശിയായ ഈ മാന്യൻെറ കീർത്തിഗാനം വായിച്ചു സന്തുഷ്ടരായിത്തീരുമെന്നാണ് എൻെറ പ്രതീക്ഷ" ഇപ്രകാരമാണ് ശ്രീയുത് സുബാഷ്ചന്ദ്രബോസ് തൻെറ ലേഖനം ഉപസംഹരിച്ചിരിക്കുന്നതു്.

വിശാലമായ ലോകത്തിൽ മഹൽപദവികൾ ദുർല്ലഭങ്ങളല്ലെന്നു് നമ്മെ പഠിപ്പിക്കുവാൻ മറെറാരു ദൃഷ്ടാന്തപുരുഷനായി ഭവിച്ചിരിക്കുന്ന മഞ്ചുക്കുവോയിലെ നീതിന്യായമന്ത്രി മി. മാധവൻനായരെപ്പോലെ ലഫ്റ്റനൻറു കേണൽ ഡാക്ടർ നരസിംഹമൂൽഗ്രൂണ്ടും ഒരു ലോകപ്രശസ്തനായ ഭാരതീയനായി പ്രശോഭിക്കുന്നതു് ഇന്ത്യാക്കാരായ നമുക്കേവർക്കും അഭിമാനകരംതന്നെയല്ലേ?

—*—


സൈൻറിഫിക്ക്
സ്വർണ്ണാഭരണങ്ങൾ

—*—

(തനി സ്വർണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,
Post Box No. 203. MADRAS.



# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 - 11. |
| Reserve and other Funds | :- | 2,23,500. |

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM. CHANGANACHERRY. COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

C. KRISHNA MENON M. A.
MANAGER ALLEPPEY.

or to the
CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS.

കഥാപംക്തി.

# ചന്ദ്രോദയം.

## അദ്ധ്യായം ൨൨.

(തുടൎച്ച)

കൊച്ചു:— നിങ്ങളെ അന്വേഷിച്ചു ഇറങ്ങിയിട്ടു ഞാൻ തിരിച്ചുവരികയാണ്.

മുകുന്ദൻ:—ഞാൻ പറഞ്ഞതുപോലെ ചെയ്തിട്ടു എന്തുഫലമുണ്ടായി.

കൊച്ചു:—ഒരു ഗുണവുമില്ല.

ഇതുകേട്ടു മുകുന്ദൻ പരിഭ്രമിച്ചു. "ദോഷം ഒന്നും വന്നില്ലല്ലോ" എന്നു അയാൾപറഞ്ഞു. പിന്നീടു അവർ രണ്ടുപേരുംകൂടി വീട്ടിനുള്ളിൽ കടന്നു. അവരുടെ സംഭാഷണം വളരെ പതിഞ്ഞ സ്വരത്തിലായിരുന്നു. കൊച്ചുകുഞ്ഞു അവന്റെ പ്രവൃത്തികൾ എല്ലാം ശരിയാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതുപോലെ തോന്നി. മുകുന്ദൻ അസംതൃപ്തനും രുഷ്ടനും ആയി കാണപ്പെട്ടു. പിന്നെയും അവർ ഒരുനാഴിക സംസാരിച്ചു. രാമചന്ദ്രനെ ഒരു കരിംകള്ളനാക്കാൻവേണ്ടവണ്ണം ശ്രമിക്കാഞ്ഞതുകൊണ്ടു മുകുന്ദൻ കൊച്ചുകുഞ്ഞിന്റെനേരെ വലിയ പരിഭവം പ്രകടിപ്പിച്ചു. വേണമെന്നുവച്ചാൽ കൊച്ചുകുഞ്ഞിനു ഒരുവർഷത്തിനകം രാമചന്ദ്രനെ മോഷണം പഠിപ്പിച്ചു പോലീസുകാരുടെ കൈയിൽപ്പെടുത്തി സെൻട്രൽജയിലിൽ കേററാമെന്നും ഒരുപക്ഷെ ജീവപൎയ്യന്തം തടവുശിക്ഷതന്നെകൊടുപ്പിക്കാൻ സാധിക്കുമെന്നും മുകുന്ദൻ വാദിച്ചു. ഇതിനുത്തരമായി കൊച്ചുകുഞ്ഞു പറഞ്ഞതു അയാൾക്കു രാമചന്ദ്രനെ കൈക്കൽ പ്പെടുത്തണമെന്നു ഒരു ശകലവും ആഗ്രഹമില്ലെന്നും എത്രതന്നെ ശ്രമിച്ചാലും അവനെ ഒരു കള്ളനാക്കാൻ സാധിക്കയില്ലെന്നു മായിരുന്നു.

കൊച്ചു:—പിന്നെ അവനെ ഒരു കള്ളനാക്കണമെന്നു നിങ്ങൾക്കു നിർബന്ധമുമുണ്ടെങ്കിൽ ഞാൻ എന്നാൽ കഴിയുന്നിടത്തോളം ശ്രമിച്ചു നോക്കാം. എന്നാൽഅവൻ മരിച്ചുപോയി എങ്കിൽ—

മുകുന്ദൻ—അതിനു ഞാൻ ഉത്തരവാദിയല്ല കൊച്ചുകുഞ്ഞേ! അവനെ കൊല്ലണമെന്നു ഞാൻ പറഞ്ഞിട്ടില്ല. അതിൽ എനിക്കു ഒരു പങ്കുമില്ല. കൊലയൊഴിച്ചു എന്തും ചെയ്തുകൊള്ളാനെ ഞാൻആദ്യം മുതൽ പറയുന്നുള്ളു.

ഇങ്ങനെ അവർ സംഭാഷണം ചെയ്തു കൊണ്ടിരിക്കുന്നതിനിടയിൽ 'അതെന്താണു" എന്നു മുകുന്ദൻ ഞെട്ടിക്കൊണ്ടു ചോദിച്ചു.

കൊച്ചു:—എന്തു്? എവിടെ?

മുകുന്ദൻ:—(എതിർവശത്തെ ഭിത്തിയിൽ ചൂണ്ടിക്കാണിച്ചുകൊണ്ടു) അതാ അവിടെ ഞാൻ ഒരു സ്ത്രീയുടെ നിഴൽകണ്ടു.

അവർ രണ്ടുപേരുംകൂടി അവിടംമുഴുവൻ സൂക്ഷ്മം പരിശോധിച്ചുനോക്കി. എന്നാൽ ആരെയും അവൎക്കു കണ്ടുപിടിക്കാൻ സാധിച്ചില്ല. "മുകുന്ദൻ കിനാവുകാണുകയാണു" എന്നു പറഞ്ഞു കൊച്ചുകുഞ്ഞു അവനെ പരിഹസിച്ചു. താൻ തീർച്ചയായും ഒരു സ്ത്രീയുടെ ഛായ കണ്ടതായി മുകുന്ദൻ ശഠിക്കുകയും ചെയ്തു.

അപ്പോൾ സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കണം. ആ രണ്ടു സ്നേഹിതന്മാരും അവിടെവച്ചു യാത്രപറഞ്ഞു പിരിഞ്ഞു.

## അദ്ധ്യായം ൨൩

ഒരുദിവസം രാത്രിയിൽ കല്യാണിഅമ്മയും ചായക്കടക്കാരനുംതമ്മിൽ ശണ്ഠകൂടി. അതുകൊണ്ടു ചായക്കടക്കാരനു അത്താഴം ഊൎദ്ധ്വമായി. ആ കുറവു പരിഹരിക്കുവാനായി അയാൾ പണപ്പെട്ടിയിൽ കൈകടത്തി ഒരുപിടി വാരിയെടുത്തുകൊണ്ടു പുറത്തേക്കു കടന്നു. തെരുവിൽകൂടി നടന്നുനടന്നു അയാൾ ഒരു ഇടവഴിയിൽ കയറി അവിടെയുള്ള ഒരു കാപ്പിക്കടയിൽചെന്നു കാപ്പിയും പലഹാരവും കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. കിളരംകൂടിയ ഒരു മനുഷ്യൻ ചെവിമൂടത്തക്കവണ്ണം തലക്കെട്ടുകെട്ടി അവിടെ ഇരിപ്പുണ്ടായിരുന്നു. അവർതമ്മിൽ ചിലതെല്ലാം സംസാരിച്ചു. ഇതിനിടയ്ക്കു കാപ്പിയും പലഹാരവും കൊണ്ടുവന്നു വയ്ക്കപ്പെട്ടു. നമ്മുടെ ചായക്കടക്കാരൻ മുറയ്ക്കു ഭക്ഷണവും ആരംഭിച്ചു. അയാളുടെ വയർ പെരുങ്കടൽപോലെയാണു്. എത്രതിന്നാലും പട്ടിണികിടന്നാലും അവിടെ ഏററക്കുറച്ചിൽ കാണുകയില്ല. കാൽ, അര, മുക്കാൽ എന്നിങ്ങനെ ഡസൻകണക്കിനു ഇഡലി അയാളുടെ ഉദരത്തിലേക്കു താഴ്ന്നതുകണ്ടാൽ ഭാൎയ്യയുമായിട്ടുള്ള കലഹത്തിനു എത്രതിന്നാലും മതിയാകാത്ത വിശപ്പുണ്ടാക്കാൻ ശക്തിയുണ്ടോ എന്നു ആൎക്കും സംശയംതോന്നിപ്പോകാം.

അല്പംമുമ്പു ചായക്കടക്കാരനോടു എന്തോ ചിലതു സംസാരിച്ചുകൊണ്ടിരുന്ന മനുഷ്യൻ അവനെ മുൻകൂട്ടി പരിചയമുണ്ടായിരുന്നു. ചായക്കടക്കാരനാകട്ടെ അയാളെ അറിയുകയുമില്ല. ആ അപരിചിതനു് ചായക്കടക്കാരനിൽനിന്നു ചില വിവരങ്ങൾ ഗ്രഹിക്കേണ്ടതുണ്ടു്. ആ വിവരം അറിയിക്കുന്നതിനു തക്കതായ പ്രതിഫലം കൊടുക്കാനും അയാൾ തയാറാണു്. ഈ അപരിചിതൻ മുകുന്ദനല്ലാതെ മററാരുമല്ലായിരുന്നു

മുകുന്ദൻ:—ഹെ! എനിക്കു നിങ്ങളോടു ചോദിച്ചു ചില വിവരങ്ങൾ അറിയാനുണ്ടു്. ഇതാ ഇതു വാങ്ങിക്കൊള്ളണം. നല്ലവണ്ണം ഓൎമ്മിച്ചുനോക്കി ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കു ശരിയായ ഉത്തരം പറയണം.

എന്നുപറഞ്ഞു മുകുന്ദൻ രണ്ടുരൂപാ ചായക്കടക്കാരന്റെ കയ്യിൽ കൊടുത്തു. അയാൾ അതു ഉടൻതന്നെവാങ്ങി മുണ്ടിന്റെ അററത്തു കെട്ടി.

മുകുന്ദ:—ഒരു പന്ത്രണ്ടുകൊല്ലം മുമ്പുള്ള കാൎയ്യമാണു ഞാൻ ചോദിക്കുന്നതു്. ഒരു മൎയ്യാദക്കാരനും സുന്ദരനുമായ ബാലകനെ അന്നു നിങ്ങൾ വളൎത്താൻ ഏററുവാങ്ങിച്ചില്ലെ. അവനു രാമചന്ദ്രൻ എന്നാണു നിങ്ങൾ പേരിട്ടതു്. അവന്റെ അമ്മ അവനെ പ്രസവിക്കുമ്പോൾ അടുത്തുണ്ടായിരുന്ന ശുശ്രൂഷകി ഇപ്പോൾ എവിടെയാണു താമസിക്കുന്നതു്.

ചായ: ആ സ്ത്രീ മരിച്ചിട്ടു ഇപ്പോൾ ഏകദേശം ഒരുമാസം തികഞ്ഞിരിക്കുന്നു.

ഇതുകേട്ടു മുകുന്ദൻ കുറച്ചുനേരം മൗനമായി ഇരുന്നു. അനേകം വണ്ടികൾ കൂട്ടിക്കൊളുത്തിയ ഒരു തീവണ്ടി ഒരു പാലത്തിന്റെ കീഴെകൂടി ഓരോവണ്ടിയായി ക്രമേണ കടന്നുപോകുന്നതുപോലെ ഒന്നോടൊന്നു തൊട്ടുതൊട്ടുകിടക്കുന്ന ഒരു വിചാരപരമ്പര മുകുന്ദന്റെ ചിത്തത്തിൽകൂടി കടന്നുപോയി. അനന്തരം അയാൾ ആശ്വാസത്തോടുകൂടി നെടുവീൎപ്പിട്ടിട്ടു എഴുന്നേററു പോകാൻ ഭാവിച്ചു.

തന്റെ ഭാൎയ്യയോടുള്ള കലഹത്തിന്റെ ഫലമായി രൊക്കം രണ്ടുരൂപാ കയ്യിൽകിട്ടി. ഇനി കുറേക്കൂടി കിട്ടാൻ വഴിയുണ്ടോ എന്നു തിരയുന്നതു നന്നായിരിക്കുമെന്നു ചായക്കടക്കാരൻ നിശ്ചയിച്ചു. മുകുന്ദൻ ആവശ്യപ്പെടുന്ന രഹസ്യം വല്ലതും കല്യാണിയമ്മയ്ക്കു അറിയാമായിരിക്കുമെന്നുള്ള സംഗതിയെ ചായക്കടക്കാരന്റെ ധനലോഭം അതേക്ഷണത്തിൽ ഉണൎത്തി. അയാൾപെട്ടെന്നു മുകുന്ദനെ തിരിയെ വിളിച്ചു ഇങ്ങനെ പറഞ്ഞു. "സാറേ! രാമചന്ദ്രനെപെറുമ്പോൾ അവന്റെ തള്ളയുടെ അടുക്കൽ ഉണ്ടായിരുന്ന നഴ്സ് മരിച്ചെന്നു ഞാൻ പറഞ്ഞില്ലേ? എന്നാൽ ആ നഴ്സ് മരിക്കുമ്പോൾ അവളുടെ അടുക്കൽ ഉണ്ടായിരുന്ന ഒരുത്തിയെ എനിക്കറിയാം. ഒരുപക്ഷേ സാറിനാവശ്യമുള്ള വല്ല വിവരവും അവൾക്കു അറിയാമായിരിക്കും." ആ സ്ത്രീയെ കാണുന്നതിനു മുകുന്ദനു അപ്പോൾ ഉണ്ടായ ഉൽകണ്ഠ അയാൾ അറിയാതെതന്നെ വെളിപ്പെട്ടുപോയി.

ചായക്കടക്കാരൻ തുടൎന്നു— ആ സ്ത്രീയെ സാറിനു കാണണമെങ്കിൽ എന്റെ സഹായം കൂടിയേ തീരു.

മുകുന്ദൻ:—അതിനെന്താ വിരോധം?

ചായ:—എപ്പോഴാണു് സമയം.

മുക:—നിങ്ങൾതന്നെ നിശ്ചയിച്ചുകൊള്ളണം. ഞാനെപ്പോഴും തയാറുതന്നെ.

ചായ:—നാളെരാത്രിയിൽ ഒമ്പതുമണിക്കായാലെന്തു്?

മുക:—ആകട്ടെ.

ചായ:—എവിടെവച്ചാണു സംസാരിക്കുന്നതു്.

മുക:—എന്റെ വീട്ടിൽവച്ചുതന്നെയാവാം. അതിനു വൈഷമ്യമൊന്നുമില്ലല്ലോ?

ചായ:—ഒന്നുമില്ല. പക്ഷെ അവിടുന്നു താമസിക്കുന്ന സ്ഥലം അറിഞ്ഞുകൂടല്ലോ.

അനന്തരം തന്റെ പാൎപ്പിടം കണ്ടുപിടിക്കുന്നതിനുള്ള സകല വിവരങ്ങളും മുകുന്ദൻ ചായക്കടക്കാരനെ ഗ്രഹിപ്പിച്ചു. പിന്നീടു അധികം താമസിക്കാതെ അയാൾ

ആ കടയിൽനിന്നും വെളിയിൽ ഇറങ്ങിപ്പോവുകയും ചെയ്തു. ചായക്കടക്കാരനും കാപ്പികുടികഴിഞ്ഞു വീട്ടിലേക്കു തിരിച്ചുപോയി.

## അദ്ധ്യായം ൨൮.

അടുത്തദിവസം രാത്രി എട്ടുമണി കഴിഞ്ഞപ്പോൾ കല്യാണിഅമ്മയും ചായക്കടക്കാരൻകൂടി മുകുന്ദന്റെ മന്ദിരത്തെ ലാക്കാക്കി പുറപ്പെട്ടു. പണം മേടിക്കാനുള്ള അത്യാർത്തികൊണ്ടു കല്യാണിയമ്മ കാൽസഹസ്രംറാത്തൽ ഭാരമുള്ള തന്റെ ശരീരത്തെ കഴിയുന്നതും വേഗത്തിൽ മുമ്പോട്ടു നയിച്ചു. ഒരു പെരുമ്പാമ്പു തലപൊക്കി നിൽക്കുന്നതുപോലെ ചായക്കടക്കാരനും അവളോടുകൂടെയുണ്ട്. ഒൻപതുമണിസമയത്തു ചെല്ലാനാണു വാഗ്ദാനം ചെയ്തിരുന്നതെങ്കിലും ഈ ദമ്പതിമാർ മുകുന്ദഗൃഹത്തിൽ ചെന്നുചേർന്നപ്പോൾ മണി എട്ടരയിൽ കൂടുതലായിരുന്നില്ല. മുകുന്ദനും ഇവരുടെ വരവുകാത്തു അക്ഷമനായി ഇരിക്കയായിരുന്നു. അതുകൊണ്ടു സമയവ്യത്യാസത്തെപ്പററി ചോദ്യമോ സമാധാനമോ ഒന്നും കൂടാതെതന്നെ കഴിഞ്ഞു. അവർ വീടുകണ്ടുപിടിക്കാൻ വിഷമിക്കുന്നതു മുകുന്ദൻ മുകളിൽ ഇരുന്നുകൊണ്ടു കണ്ടു. ഉടനേതന്നെ അയാൾ ഒരു റാന്തൽവിളക്കുമായി തിണ്ണയിൽ ഇറങ്ങിവന്ന് അവരെ കൂട്ടിക്കൊണ്ടു അകത്തു കടന്നു. ഒരു തളംപോലെ വിസ്താരമുള്ള മുറിയിലേക്കാണ് അയാൾ അവരെ നയിച്ചതു്. അവിടെ ഒരു പഴയമേശയും അതോടുചേർന്ന മൂന്നു കസേരയും കിടപ്പുണ്ട്. കാല്, കൈയ്, ചൂരൽ ഇവയിൽ ഒന്നോ അതിലധികമോ ഭാഗത്തിനോ ഭാഗങ്ങൾക്കോ ഭംഗംവന്നു മിക്കവാറും ഉപയോഗശൂന്യമായ നിലയിൽ എത്തിയവയായിരുന്നു അവ. വിളക്കു മേശപ്പുറത്തുവച്ചു മുകുന്ദനും ചായക്കടക്കാരനും കസാലകളിൽ ആസനസ്ഥരായി. മുകുന്ദൻ കല്യാണിയമ്മയോടു ഇരിക്കുന്നതിനു ആവശ്യപ്പെട്ടു. പക്ഷെ അവൾ ഇരുന്നില്ല. ചായക്കടക്കാരൻ പറഞ്ഞിട്ടും അവൾ ഇരിക്കുന്നതിനു വിസമ്മതിച്ചതേയുള്ളു. ഇങ്ങനെ ചെയ്തതു് സ്വഭർത്താവിനോടൊ മുകുന്ദനോടൊ ഉള്ള ബഹുമാനംകൊണ്ടാണെന്നു വിചാരിക്കാൻ നിവൃത്തിയില്ല. വാസ്തവത്തിൽ കസേരയുടേയും സ്വന്തം ശരീരത്തിന്റേയും രക്ഷയ്ക്കുവേണ്ടിയാണ് അവൾ ഇരിക്കേണ്ടാ എന്നു തീരുമാനിച്ചതു്. അനന്തരം അവർ സംഭാഷണം ആരംഭിച്ചു

മുകുന്ദൻ രാമചന്ദ്രന്റെ അമ്മ മരിക്കുമ്പോൾ അവരുടെ അടുത്തുണ്ടായിരുന്ന നഴ്സിനെ നിങ്ങൾ അറിയുമോ?

കല്യാണി—ആരെ, സുഭദ്രയേയോ?

മുകുന്ദൻ അതെ.

കല്യാണി—കൊള്ളാം. പിന്നെ ഞാനറിയത്തില്യാ.

മുകുന്ദൻ—അവൾ ഇപ്പോൾ എവിടെയാണ്?

കല്യാണി—എവിടാന്നോ? സ്വൎഗ്ഗത്തോ നരകത്തിലോ. അവളെന്നേ ചത്തുപോയി.

മുകുന്ദൻ—അവൾ ചാകുമ്പോൾ നിങ്ങൾ അടുത്തുണ്ടായിരുന്നോ?

കല്യാണി—അല്ലേ! പിന്നെ എന്റെ മടീത്തലവച്ചോണ്ടല്യോ അവൾ ഊർദ്ധംവലിച്ചതു്.

മുകുന്ദൻ—ആകട്ടെ, അവൾ നിങ്ങളോടു എന്തെല്ലാം പറഞ്ഞു?

കല്യാണി—എന്തോതരും പറഞ്ഞാല്?

മുകുന്ദൻ—അഞ്ചുരൂപാ തരാം.

കല്യാണി—എന്നാ ഇപ്പപ്പറയുന്നില്ല.

മുകുന്ദൻ—ആട്ടെ. പത്തുരൂപാ തരാം.

കല്യാണി—ങ്ഹ ങ്ഹഹ. ഇരുപത്തഞ്ചുരൂപാ രൊക്കം കയ്യിത്തരാമെങ്കിൽ പറയാം. രഹസ്യങ്ങളൊന്നും ഞാൻ പറയുന്നില്ലെങ്കിൽ രൂപാ തിരിച്ചു വാങ്ങിച്ചോണം. അതും സമ്മതമാണ്.

അവൾ ചോദിച്ചതുക സ്വല്പം കൂടിപ്പോയെന്നു മുകുന്ദനു വിചാരമുണ്ടായിരുന്നു. കല്യാണിയമ്മയുടെ മട്ടുകണ്ടിട്ടു അവൾ ഒരു നിർബന്ധക്കാരിയാണെന്നു അവനു തോന്നിയതിനാൽ പേശുന്നതുകൊണ്ടു ഫലമില്ലെന്നു അവൻ നിശ്ചയിച്ചു. ഉടൻതന്നെ ഇരുപത്തഞ്ചു രൂപായെടുത്തു മേശപ്പുറത്തു വച്ചു. കല്യാണിയമ്മ അതു എടുത്തു മടിയിൽ നിക്ഷേപിച്ചുകൊണ്ടു തുടർന്നു.

"ഇതാ ഇനി കേട്ടോണം. സുഭദ്ര ചാവുമ്പം ഞാൻ അടുക്കലുണ്ടായിരുന്നു. ഞാൻ മാത്രമേ ഉള്ളായിരുന്നു. രാമചന്ദ്രന്റെ അമ്മേടെ ഒരു പൊൻമോതിരം അവൾ മോട്ടിച്ചെടുത്തെന്നു എന്നോടു പറഞ്ഞേച്ച് അവൾ ഊർദ്ധം വലിച്ചു. ആ മോതിരം എവിടെയാണെന്നു അവൾക്കു പറയാൻ ഒത്തില്ല. ഞാൻ അവടെ ശവം പരിശോധിച്ചുനോക്കി. ഒരു അഴുക്കുകടലാസു അതീന്നു കിട്ടി. അതു നോക്കിയപ്പം ഒരു പണയച്ചീട്ടായിരുന്നു. പണയമെടുക്കാൻ രണ്ടു ദിവസത്തെ അവധിയെ ഒള്ളായിരുന്നു. ആ പണയം എടുത്തു വച്ചിരുന്നാൽ ഒരിക്കൽ വല്ല ഗുണവും വന്നേക്കുമെന്നുംവെച്ചു ഞാൻ അഞ്ചുരൂപായും ചിലവാനോം കൊടുത്തു അതു എടുത്തു അതെന്റെ കൈയിലുണ്ട്. അതിൽ ഏതാണ്ടൊക്കെ എഴുതീട്ടുണ്ട്. ഇംഗ്ലീഷിലോ മറേറാ ആണ്. ഇപ്പറഞ്ഞതുകൊണ്ടൊന്നും ഞങ്ങൾക്കു ഒരു ദോഷവും വരാതെ നോക്കിക്കൊള്ളാമെന്നു ഏററാൽ ആ മോതിരം വേണമെങ്കിൽ അങ്ങു തന്നേക്കാം".

മുകുന്ദൻ അപ്രകാരം സമ്മതിക്കുകയും അതനുസരിച്ചു കല്യാണിയമ്മ മോതിരം അയാളെ ഏല്പിക്കയും ചെയ്തു. അയാളാകട്ടെ അതു വാങ്ങിച്ചു വിളക്കത്തുപിടിച്ചു അതു തിരിച്ചും മറിച്ചും നോക്കിത്തുടങ്ങി. ആ മോതിരത്തിൽ എന്താണു കൊത്തിയിരിക്കുന്നതെന്നു കല്യാണിയമ്മ ചോദിച്ചതിനു് ജെ. എ എന്നും, സി. പി എന്നും നാല് ഇംഗ്ലീഷ്അക്ഷരങ്ങളും ഒരു തീയതിയുമാണെന്നു മുകുന്ദൻ പ്രത്യുത്തരം നൽകി. ഇതുകൊണ്ടു അവളുടെ ജിജ്ഞാസ ശമിച്ചില്ല. അതിന്റെ അർത്ഥമെന്താണ് എന്ന് അവൾ ചോദ്യമായി. അതു രണ്ടു ആളുകളുടെ പേരിന്റെ ആദ്യത്തെ അക്ഷരമാണെന്നു അയാൾ പ്രസ്താവിച്ചു. എന്നിട്ടും കല്യാണിയമ്മ വിട്ടില്ല. എന്തുപേരാണു അതു സൂചിപ്പിക്കുന്നതു എന്നായി അവൾ. ജ എന്നും ച എന്നും തുടങ്ങുന്ന രണ്ടു പേരുകളെയാണ് ആ അക്ഷരങ്ങൾ സൂചിപ്പിക്കുന്നതു്. ഒന്നു ഒരു സ്ത്രീയുടേയും മറേറതു ഒരു പുരുഷന്റേതും ആയിരിക്കാം. അതിലുള്ള അക്കങ്ങൾ അവരുടെ വിവാഹത്തീയതി ആയിരിക്കാം എന്നു മുകുന്ദൻ വ്യാഖ്യാനിച്ചു.

കല്യാണി—സാറിനു അവരുടെ പേര് അറിയാമല്ലോ. പറേന്നതിൽ വല്ല വിരോധവുമുണ്ടോ?

മുകുന്ദൻ പരുങ്ങലിലായി. അവൾ സൂചിപ്പിച്ചതു വാസ്തവമായിരുന്നു. അവളെ അപ്രീതിപ്പെടുത്തി അയയ്ക്കരുതെന്നു അയാൾക്കു ആഗ്രഹം തോന്നി. പരമാർത്ഥം പറയാൻ അയാൾക്കു കുറേ വൈമനസ്യവും ഉണ്ടായിരുന്നു. "പറയേല്ലെന്നു നിർബന്ധമാണെങ്കിൽ വേണ്ട" എന്നു കല്യാണിയമ്മ പറഞ്ഞു

മുകുന്ദൻ—പറയരുതെന്നില്ല. പറയുകയും ചെയ്യാം. പക്ഷെ നിങ്ങൾ ഇതു വെളിപ്പെടുത്തുകയില്ലെന്നു ഏല്ക്കാമെങ്കിൽ പറഞ്ഞേക്കാം.

കല്യാണി—എനിക്കു വല്ലോരോടും പറഞ്ഞാലക്കൊണ്ടു എന്തുസാദ്ധ്യമാണുള്ളതു്.

മുകുന്ദൻ—അതൊക്കെപ്പോട്ടെ. പറയുകയില്ലെന്നു നിങ്ങൾ ഏല്ക്കണം.

കല്യാണി—എന്നാൽ ശരി, പറയുകയില്ല.

മുകുന്ദൻ—എന്നാൽ ഞാൻ പറയാം. ഇതിൽ ജെ. എ. എന്നു എഴുതിയിരിക്കുന്നതു ജാനകിയമ്മ എന്ന പേരിന്റെ ചുരുക്കമാണ്. സി. പി. എന്നതു ചന്ദ്രശേഖരൻപിള്ള എന്നതിന്റേയും. ഇതിൽ കാണുന്ന തീയതി അവരുടെ വിവാഹത്തീയതിയുമാണ്.

കല്യാണി—നിക്കണേ. ഞാൻ ഒരു കാര്യം കൂടി ചോദിച്ചോട്ടെ. ചന്ദ്രശേഖരൻപിള്ള ഇപ്പോൾ ഒണ്ടോ?

മുകുന്ദൻ—ഇല്ല.

"അതുമിതും ചോദിച്ചു നീ വെറുതേ നേരംകളയാതിരി. ഇപ്പോൾത്തന്നെ നേരം പത്തു പന്ത്രണ്ടു നാഴിക ഇരുട്ടിയിരിക്കും. നമുക്കു തിരിച്ചു പാം" എന്നു കല്യാണിയമ്മയുടെ ചോദ്യപ്രവാഹത്തെ ചായക്കടക്കാരൻ ഒരു ചിറകെട്ടിത്തടുത്തു 'എന്നാൽ നമുക്കു പിരിയാം' എന്നു മുകുന്ദനും അഭിപ്രായപ്പെട്ടു. ചായക്കടക്കാരനും പത്നിയും ഉടനേതന്നെ അവിടെനിന്നും പോവുകയും ചെയ്തു. ആ മോതിരം ഒരു കുത്തകരിങ്കൽചില്ലിയോടു ചേർത്തുകെട്ടിയിട്ടു അതു കരമനയാററിൽ ചേറുനിറഞ്ഞതും ആഴമേറിയതുമായ ഒരുഭാഗത്തു വലിച്ചെറിയുകയായിരുന്നു മുകുന്ദൻ അന്നുരാത്രിയിൽ ചെയ്ത മറെറാരു പ്രവൃത്തി. ഇത്രയും ചെയ്തുകഴിഞ്ഞപ്പോൾ നെഞ്ചത്തുനിന്നു ഒരു വലിയഭാരം നീങ്ങിയതുപോലെയുള്ള ഒരു ആശ്വാസം അയാൾക്കു ഉത്ഭവിക്കുകയുംചെയ്തു.

# THE MALAYALA RAJYAM

24th SEPT. 1934.

## CHITRAVARIKA.

Vol. VII. No. 3.



# ചില നല്ല പ്രസിദ്ധീകരണങ്ങൾ.

| | രൂ. | ണ. |
|---|---|---|
| തുളസീദാസരാമായണം ഒന്നാം ഭാഗം | 1 | 4 |
| ,, രണ്ടാം ഭാഗം | 1 | 4 |
| അദ്ധ്യാത്മരാമായണം വലിയക്ഷരം (ഒന്നാംതരം) | 1 | 8 |
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | | 12 |
| ശ്രീമത്ഭഗവത്ഗീത (സവ്യാഖ്യാനം) | 0 | ൪ |
| പ്രായോഗികവേദാന്തം 3 ഭാഗങ്ങൾ | 2 | 0 |
| അദ്ധ്യാത്മചിന്താമണി | 1 | 0 |
| ഹഠയോഗപ്രദീപിക (സവ്യാഖ്യാനം) | 0 | 8 |
| പ്രബന്ധരത്നാവലി ഭാഷാവ്യാഖ്യാനം | 1 | 0 |
| പ്രബന്ധമാല്യം | 0 | 8 |
| വേലുത്തമ്പിദളവാ | 0 | 8 |
| മുഹമ്മദുനബി | 2 | 0 |
| അഹിഭയം അഥവാ കേരളകാളിദാസൻ | 1 | 8 |
| അംഗനാചുംബനം, മൂന്നുഭാഗങ്ങൾ | 2 | 4 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 |
| താരാഭായി | 1 | 0 |
| കമലാഭായി | 1 | 0 |
| മരതകമണി | 0 | 12 |
| അരമനരഹസ്യം | 1 | 0 |
| കാലൻെറ കൊലയറ | 1 | 0 |
| ചിത്രലേഖ | 0 | 12 |
| അമരസിംഹൻ | 0 | 12 |
| ഹോരാഫലരത്നാവലി | 0 | 8 |
| കേരളീയപ്രശ്നരത്നം | 0 | 6 |

| | | |
|---|---|---|
| മഹാമനുഷ്യാലയചന്ദ്രിക | 0 | 6 |
| അഷ്ടാംഗഹൃദയം അരുണോദയം എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു് സൂത്രസ്ഥാനം ഒന്നാംഭാഗം | 1 | 4 |
| ,, രണ്ടാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 0 |
| നിദാനം | 1 | 4 |
| ചികിത്സിതസ്ഥാനം ഒന്നാംഭാഗം | 1 | 8 |
| രസരാജതരംഗിണി ഒന്നാംഭാഗം | 1 | 0 |
| ,, രണ്ടാംഭാഗം | 1 | 8 |
| ദാമ്പത്യശാസ്ത്രം | 0 | 8 |
| കാമകലാസഞ്ചികകൾ മുഴുവൻ | 1 | 8 |
| തയ്യൽഅദ്ധ്യാപകൻ | 0 | 8 |
| തയ്യൽപ്രബോധിനി | 0 | 5 |
| ജപ്പാൻ | 0 | 9 |
| പ്രണയപാശം | 1 | 0 |
| കുസുമോത്സവം | 1 | 8 |
| വാസിനി | 0 | 12 |
| ഇന്ദിര | 1 | 0 |
| പ്രണയപ്രതീകാരം | 1 | 0 |
| മായാമണ്ഡലം | 1 | 8 |
| സെസിലിയുടെ പ്രണയം | 0 | 4 |

പള്ളിക്കൂടങ്ങളിലേക്കു ആവശ്യമുള്ള സകല റിക്കാർട്ടുകളും സ്റ്റേഷനറി സാമാനങ്ങൾ മുതലായവയും എപ്പോഴും മിതമായവിലയ്ക്കു ഇവിടെ കിട്ടുന്നതാണ്.

## ശ്രീരാമവിലാസം ബുക്കഡിപ്പോ

കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.


Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.